

2016

# ഗ്രാമങ്ങളുണരുന്നു

NATIONAL BOOK STALL
31 AUG 1956
TRIVANDRUM-1

# GRAMANGALUNARUNNU

(A DRAMA)

*by*

Vallamkulam, R, K. KURUP

First Impression August 1956
Copies Thousand
Rights Reserved

***Re. 1—0 - 0***

# ഗ്രാമങ്ങളുണരുന്നു

വള്ളംകുളം ആർ. കെ. കുറുപ്പ്

വില 1 ക.

## ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

| | |
|---|---|
| ജൈത്രയാത്ര | നാടകം |
| സഹോദരി | ,, |
| നീറുന്ന കണ്ണുകൾ | ചെറുകഥ |

Printed at the press Ramses. Trivandrum

Printed at the Press Ramses, Trivandrum.

# ഈ നാടകത്തെപ്പററി

കേരളത്തിലെ നാട്ടിൻപുറങ്ങൾ മനോഹരങ്ങളാണ്. ഇവിടെ പൊട്ടിച്ചിരിച്ചൊഴുകുന്ന പുഴകളുണ്ട്. പച്ചക്കുടകൾ നിവർത്തിപ്പിടിച്ച നൃത്തം ചെയ്യുന്ന തെങ്ങിൻതോപ്പുകളുണ്ട്. മലരണിഞ്ഞ കാടുകളുണ്ട്; കതിരണിഞ്ഞ പാടങ്ങളുണ്ട്. മഴവില്ലിൻെറ മനോഹാരിതയും, തേൻതുള്ളികളുടെ മാധുര്യവും; ഓ! എന്തൊരു സൗന്ദര്യസമ്പത്ത്!

പക്ഷേ, ഈ സൗന്ദര്യമേളത്തിന്റെ നടുവിൽ ജീവിതം അമ്പേ! തകരുകയാണ്. താങ്ങുവാൻ പാടില്ലാത്ത കടം, തലപൊളിക്കുന്ന പാട്ടം, കാർഷികോല്പന്നങ്ങളുടെ വിലക്കുറവ്, തൊഴിലില്ലായ്മ; കേരളത്തിലെ കൃഷിക്കാരൻെറ ജീവിതം നീറിപ്പുകയുന്ന നെരിപ്പോടുപോലെയായിത്തീൻ വരണ്ട മാർത്തട്ടും, ഒട്ടിയ കവിളും, കുഴിഞ്ഞ കണ്ണുകളുമായി കൃഷിക്കാരൻ പരുത്ത മണ്ണിനോടു മല്ലടിക്കുന്നു. അഴകിൻെറ പച്ചപ്പട്ടുകൾ പ്രകൃതിക്കു നെയ്തുകൊടുക്കുന്നു. രാഷ്ട്രത്തിനു വിഭവസമൃദ്ധികൾ നേടിക്കൊടുക്കുന്ന കൃഷിക്കാരൻ എന്നിട്ട് ജീവിതത്തെ ശപിക്കുന്നു. അസംതൃപ്തിയുടെ കറുത്ത പുക നാട്ടിൻപുറങ്ങളെ മൂടുകയാണ്. ഓ! എന്തൊരു വിരോധാഭാസം!

ഓടക്കുഴലുകളും, വീണകളും കൃഷിക്കാരൻെറ വേദനയെപ്പററി പാടുന്നു. കാട്ടരുവികളും,

മുളങ്കാടുകളും, കുയിലുകളും, കുളിർകാററുമെല്ലാം ആ ഗാനങ്ങൾ ഏററു പാടുന്നു. തൂലികകൾ ആ ഗാനങ്ങൾ പകർത്തുന്നു.

വിടർന്നു നില്ക്കുന്ന പൂക്കളും, മിന്നി ത്തിളങ്ങുന്ന നക്ഷത്രങ്ങളും, മഞ്ഞണിഞ്ഞ കുന്നിൻപുറ ങ്ങളും മനോഹരങ്ങളാണ്. അതിൻെറ നടുവിൽ ജീവി ക്കുന്ന കേരളത്തിലെ കൃഷിക്കാരൻെറ വേദന നിറഞ്ഞ ജീവിതമോ? ആ ജീവിതമാണ് നിങ്ങളുടെ മുമ്പിൽ അവ തരിപ്പിക്കുന്ന ഈ നാടകം. ഉണർന്നുകൊണ്ടിരിക്കുന്ന നാട്ടിൻപുറങ്ങളുടെ ഹൃദയത്തുടിപ്പുകൾ കുറച്ചെങ്കിലും ഇതിൽക്കൂടി നിങ്ങളെ കേൾപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെ ങ്കിൽ ഞാൻ ചരിതാർത്ഥനാണ്.

ഈ പുസ്തകത്തിൻെറ പ്രസിദ്ധീകര ണത്തിന് എന്നെ സഹായിച്ച ഒരു പ്രശസ്തവ്യക്തി യുണ്ട്. ബോംബേ മലയാളികളുടെ സാമൂഹ്യജീവിത ത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള, എന്റെ നാടിൻെറ അഭിമാനഭാജനമായ, ബോംബേ ഡ്രഗ്ഗ് ഹൗസ് ഉടമസ്ഥൻ ശ്രീ. ജി. പി. നായർ. അദ്ദേഹം സ്നേഹനിർഭരതയുടെ പ്രതീകമാണ്. സൗഹൃദത്തിന്റെ ആ ഓടക്കുഴലിനു മുമ്പിൽ എൻെറ കൂപ്പുകൈ!

വള്ളംകുളം,
1-8-1956.

ആർ. കെ. കുറുപ്പ്.

# കഥാപാത്രങ്ങൾ

| | |
|---|---|
| പുളിമിററത്തു | ശങ്കരപ്പിള്ള. കൃഷിക്കാരുടെ അദ്ധ്വാന ഫലം തട്ടിപ്പറിച്ചെടുക്കുന്ന ജന്മി |
| ഗോപി. | ശങ്കരപ്പിള്ളയുടെ മകൻ |
| കിട്ടുപിള്ള. | ജന്മിയുടെ കാര്യസ്ഥൻ |
| ശങ്കുആശാൻ. | ഒരിടത്തരം കൃഷിക്കാരൻ |
| ശാരദ. | ആശാൻെറ മകൾ |
| ലക്ഷ്മിഅമ്മ. | ആശാൻെറ ഭാര്യ |
| ചാത്തൻ. | ജന്മിയുടെ പുരയിടത്തിൽ താമസിക്കുന്ന കൃഷിത്തൊഴിലാളി |
| പൊലിയ. | ചാത്തൻെറ സഹോദരി |
| രവി. | കൃഷിത്തൊഴിലാളിയൂണിയൻ പ്രവർത്തകൻ |

നാടകകർത്താവിന്റെ രേഖാമൂലമായ
അനുവാദമില്ലാതെ ഈ നാടകം
അഭിനയിക്കുവാൻ പാടില്ല.

2016

## രംഗം ഒന്നു്.

(സമയം സന്ധ്യ. കിട്ടുപിള്ള ഒരു മുളവടിയും പിടിച്ചുകൊണ്ടു നടന്നു വരുന്നു. ഏകദേശം 50 വയസ്സു് പ്രായം. നരച്ചുതുടങ്ങിയ തലമുടി, ഒരു കീറിയ ഷർട്ടും മുണ്ടും. കിട്ടുപിള്ള ചാത്തൻെറ കുടിലിനു സമീപം നിൽക്കുന്നു.)

കിട്ടുപിള്ള:—ചാത്തോ, (കുറച്ചുകൂടി ഉച്ചത്തിൽ) എടാ ചാത്തോ?

(അകത്തുനിന്നും)

പൊലിയ:—ഇവിടില്ലേ;

കിട്ടുപിള്ള:—എവിടെപ്പോയിരിക്കുവാകൊച്ചേ?

പൊലിയ:—അന്തിച്ചന്തേലെങ്ങാണ്ടുപോയിരിക്കുവാന്നേ

കിട്ടുപിള്ള:—ഇത്തിരി ചുണ്ണാമ്പിങ്ങെടുത്തോ.

(കിട്ടുപിള്ള അടുത്തുനിന്ന തെങ്ങിൻെറ മുകളിലേക്കു നോക്കുന്നു. പൊലിയ ഒരിലയിൽ ചുണ്ണാമ്പുമായി വരുന്നു. ചുണ്ണാമ്പു് താഴെവയ്ക്കുന്നു.)

കിട്ടുപിള്ള:—ആരാടീ ഈ തേങ്ങാ പിരിച്ചതു്?

(പൊലിയ മിണ്ടുന്നില്ല)

കിട്ടുപിള്ള:—(ദേഷ്യത്തോടെ) എടീ നിന്നോടാ ചോദിച്ചതു്. ആരാ ഈ തേങ്ങാ പിരിച്ചതെന്നു്.

(കിട്ടുപിള്ള ചുണ്ണാമ്പെടുത്തു് മുറുക്കാൻപൊതിയഴിച്ചു് മുറുക്കുന്നു.)

പൊലിയ:—അടിയങ്ങളാന്നേ.

കിട്ടുപിള്ള:—എത്രെണ്ണം പിരിച്ചു?

പൊലിയ:—നാലെണ്ണം.

കിട്ടുപിള്ള:— (നീട്ടിത്തുപ്പിക്കൊണ്ടു്) ആരോടു ചോദിച്ചോണ്ടാ ഈ അക്രമം കാണിച്ചതു്?

പൊലിയ:—ആരോടും ചോദിച്ചില്ല.

കിട്ടുപിള്ള:—പിന്നെ ആരോടും ചോദിക്കാതെ തോന്ന്യാസമെന്തും കാണിക്കാമെന്നു വിചാരിച്ചോ?

പൊലിയ:—ഇന്നത്താഴത്തിനൊന്നുമില്ലാരുന്നു.

കിട്ടുപിള്ള:—അതിനു്?

പൊലിയ:—അച്ചായൻ മൂന്നാലെണ്ണം പിരിച്ചന്തിച്ചന്തേലു് കൊണ്ടുപോയിരിക്കയാ അരി വാങ്ങിക്കാൻ.

കിട്ടുപിള്ള:—ഫ; നിന്റെയൊക്കെ തന്തേടെ വകയാണോടീ തോന്നുമ്പൊഴെല്ലാമാരോടും ചോദിക്കാതിതെല്ലാം പിരിച്ചു കൊടുക്കാൻ.

പൊലിയ:—തോന്നുമ്പോഴൊന്നുമിവിടാരും പിരിച്ചില്ല.

കിട്ടുപിള്ള:—മോട്ടിച്ചതുംപോരാ പിന്നേം തറുതല പറയാൻ വരുന്നോടീ തെമ്മാടീ.

പൊലിയ:—പിന്നേ തമ്പ്രാ ഒരു കാര്യം പറഞ്ഞേക്കാം. തേങ്ങാ പറിച്ചതു ശരിയാ. പക്ഷെ തെമ്മാടീന്നും മറവം ചീത്തവിളിക്കുന്നതു സൂക്ഷിച്ചുവേണം.

കിട്ടുപിള്ള:—അല്ലാ നീ കൊറച്ചു വെളഞ്ഞതല്ലോടീ വെലക്കൊരേച്ച. അരിതിന്നതുംപോരാ, ആശാരിച്ചിയെ കടിച്ചതും പോരാ നോക്കണേ പിന്നേം പട്ടിയ്ക്കല്ലിയോ മുറുമുറപ്പെന്നു്. ചീത്തവിളിച്ചാ നീ എന്തോ ചെയ്യുമെടീ?

പൊലിയ:—എന്തോചെയ്യാനാ. അങ്ങോട്ടും കിട്ടിയെന്നിരിക്കും. ആഴ്ച ഒന്നായി പടിക്കേന്നു കൂലി തന്നിട്ടു്. അടിയങ്ങക്കും വായും, വയറുമൊക്കെയൊണ്ടു്.

കിട്ടപിള്ള:—വായും വയറുമൊണ്ടെങ്കില് വേല ചെയ്യണം.

പൊലിയ:—വേല ചെയ്താല് കൂലീം കിട്ടണം.

കിട്ടപിള്ള:—പിന്നെ നിൻെറ മറേറാനാന്നോ കൂലി തരുന്നതു്?

പൊലിയ:—ഇങ്ങേരെടെഅരിക്കും. ഹോ ഇയാളൊരു കായ്യസ്ഥൻ.

കിട്ടപിള്ള:—ഫൂ പട്ടീ! എന്തോന്നാ പറഞ്ഞതു്? അടിച്ചു നിൻെറ വായിലെ പല്ലു തുപ്പിക്കും. ങ്ഫ പറഞ്ഞേക്കാം. കിട്ടനെ നീ അറിയത്തില്ല.

പൊലിയ:—ഓ അറിയാം. ഇങ്ങേരെന്നാ ഈ ചാടുന്നതു്? വല്ലോം കയ്യിലൊണ്ടേലതു വീട്ടിലിരിക്കുന്നോരോടെടുത്തേക്കണം. പടിക്കേന്നു നൊണപറഞ്ഞു തിന്നുന്ന ചോറിൻെറ പൊളപ്പ് ഇവിടെ ചെലവാക്കേണ്ടാ.

കിട്ടപിള്ള:—കൊച്ചേ കൂടുതലുചാടിയാൽ കാലേപ്പിടിച്ചു തെങ്ങേലടിച്ചുകളേം. പുരേടത്തിക്കേററിക്കെടത്തുന്നതും പോരാ, ഒള്ള തേങ്ങായെല്ലാം കട്ടുപിരിക്കുകേം. ചോദിച്ചാല് തല ചാടിപ്പറിക്കാനം വരിക.

പൊലിയ:—ഇങ്ങേരെടെ പുരേടെത്തീന്നാരും തേങ്ങാ പിരിക്കാൻ വന്നില്ലല്ലോ? ഇതു ഞങ്ങളുവെച്ച തെങ്ങാ.

കിട്ടപിള്ള:—എന്നാലൊന്നു പിരിച്ചേച്ചടീ നീ.

പൊലിയ:—വേണ്ടിവരുമ്പം പിരിക്കും. അതിനിങ്ങേരെടന്നവാദം വേണ്ടാ.

കിട്ടുപിള്ള:—നീ പിരിക്കുമോടീ?

പൊലിയ:—ഇങ്ങേരു ചാടാതെപോ.

കിട്ടുപിള്ള (വടിയോങ്ങിക്കൊണ്ടു്) എറങ്ങെടീ ഇവിടുന്നു്.

പൊലിയ:—(തലകുലക്കി) ഊം.

കിട്ടുപിള്ള:—എടീ എറങ്ങാനിവിടുന്നു്.

(ഗോപിയും ചാത്തനും പ്രവേശിക്കുന്നു. ചാത്തന്റെ തലയിലൊരു വലിയ പെട്ടി. കയ്യിലൊരു തുണികെട്ടു്. ഗോപിയുടെ കയ്യിലൊരു ബാഗ്)

ഗോപി:—എന്താ കിട്ടുള്ളച്ചേട്ടാ വഴക്കു്?

കിട്ടുപിള്ള:—(വടി താഴ്ത്തി അത്ഭുതത്തോടെ) അല്ലാ ഗോപിക്കുഞ്ഞോ? വരുന്നവഴിയാന്നോ? പരീക്ഷയെല്ലാം കഴിഞ്ഞോ? എന്റെ കുഞ്ഞേ കലികാലമെന്നല്ലാതെന്തോ പറയാനാ.

ഗോപി:—ഊം എന്തു പററി?

കിട്ടുപിള്ള:—ഈ നാശങ്ങളെ ഇവിടെ കെടത്തിയപ്പം ഞാമ്പറഞ്ഞതാ അരുതേന്നു്.

ചാത്തൻ:—അതിനിപ്പഴെന്താ തമ്പ്രാ?

കിട്ടുപിള്ള:—എന്താന്നോ? നീ എന്തിനാ ഇന്നു തേങ്ങാ പിരിച്ചതു്?

ചാത്തൻ:—അരിവാങ്ങിക്കാൻ.

കിട്ടുപിള്ള:—അരിവാങ്ങിക്കാൻ നിന്റെ തന്ത സമ്പാദിച്ചതാന്നോ ഇതു്?

ചാത്തൻ:—അടിയന്റെ തന്തവെച്ചതെങ്ങാ തമ്പ്രാ ഇതു്. പക്ഷേ അവകാശം പടിക്കലേക്കാന്നേയൊള്ളു.

കിട്ടുപിള്ള:—കണ്ടോ ഗോപിക്കുഞ്ഞേ ഇതാണിവന്മാരടെ സൊഭാവം. പൊത്തിന മോളിവെച്ചു കണ്ടാലും പറേം താളിയൊടിക്കാൻ കേറിയതാണെന്നു്. ഞാനിവളോടൊന്ന ചോദിച്ചുപോയി എന്തിനാ കൊച്ചേ ഈ തേങ്ങാ പിരിച്ചതെന്നു്. ഈ പെലക്കൊച്ചതിന്നിനീം പറയാനൊന്നുമില്ല.

പൊലിയ:—ഇങ്ങേരെന്തിനാ ഇങ്ങനെ നൊണ പറേന്നതു്?

ഗോപി:—പോകട്ടെ കിട്ടുള്ളച്ചേട്ടാ, പാവങ്ങളല്ലേ. രണ്ടുമൂന്ന തേങ്ങായെടുത്താലൊന്നും നമ്മളുമുടിയത്തില്ലല്ലോ?

കിട്ടുപിള്ള:—അതിന നേരെ ചോദിച്ചാൽ കൊട്ടുകമല്ലോ? മോട്ടിക്കണോ? ഇവിടെ കെടക്കുന്നതിന പാട്ടമോ, വാടകയോ ഒന്നുമില്ല. എന്നാലൊരു നല്ല ചാരാവാരി ഈ തെങ്ങിന്റെ മൂട്ടിലോട്ടിട്ടമോ? എങ്ങ്ഹേ എന്നാലും മാസംതോറും തേങ്ങായിട്ടമ്പം അഞ്ചുമാറുമെണ്ണം കൊ്ട്ടുകം.

ചാത്തൻ:—പിന്നീ തെങ്ങൊക്കെ ഇപ്പരുവമാക്കിയതാരാ തമ്പ്രാ. വെട്ടിയാ വെട്ടുകൊള്ളാത്തെ പാറപോലെ കെടന്ന മണ്ണിലു് ഈ തെങ്ങെല്ലാം വെച്ചുപിടിപ്പിച്ചു് തീപോലൊള്ള വേലത്തു കരിഞ്ഞുപോവാതെ വെള്ളംകോരി വളത്തിയതു് ഞാനുമെൻ്റപ്പച്ചനും കൂടാ.

പൊലിയ:—അഞ്ചുമാറും തരുമെന്ന പറഞ്ഞതു നേരാ. പക്ഷേ പേട്ടുതേങ്ങായാരിക്കും.

കിട്ടുപിള്ള:—കേട്ടോ ഗോപിക്കുഞ്ഞേ നന്ദികേട്ട പറേന്നതു്?

ഗോപി:—അവരുപറയുന്നതും കാര്യമാണ ചേട്ടാ. നമ്മൾ കുറച്ചൊക്കെ വീട്ടുവീഴ്ച ചെയ്യണം. അവരും മനുഷ്യരല്ലേ?

കിട്ടുപിള്ള:—ഈ സൊഭാവമാണിതുങ്ങളെ വഴിതെററിക്കുന്നതു്. ങ്ഹാ! എനിക്കെന്തോവേണം പിന്നെ വെല്യങ്ങുന്നറിഞ്ഞാലെൻെറ തലയാകൊയ്യുന്നതു്?

ഗോപി:—അച്ഛനോടിതൊന്നും പറയേണ്ടാ.

കിട്ടുപിള്ള:—ങ്ഏഹേ! ഞാനൊന്നും പറേന്നില്ല. (ചാത്തനോട്) പെട്ടിയിങ്ങുതാടാ.

ഗോപി:—വേണ്ടാ ചേട്ടനതെടുക്കുകയില്ല.

കിട്ടുപിള്ള:—കിട്ടുന വയസ്സായെന്ന വിചാരിച്ച് കുഞ്ഞു കളിയാക്കാതെ. ഈ പൊന്നുങ്കൊടത്തുശരീരം കിട്ടു എത്രനാളെടുത്തോണ്ടു നടന്നതാന്നറിയാമോ? ദേ ഇപ്പഴും എളികുതഴമ്പൊണ്ടു്. (ചാത്തനോട്) ഇങ്ങുതാടാ പെട്ടി.

(ചാത്തൻ കിട്ടുപിള്ളയുടെ തലയിൽ പെട്ടിവയ്ക്കുന്നു. തുണിക്കെട്ടു പൊലിയയെ ഏല്പിക്കുന്നു. കിട്ടുപിള്ള ഭാരംകൊണ്ടുപുളയുന്നു. ഗോപി ഒരു രൂപാ ചാത്തനു നീട്ടുന്നു. കിട്ടുപിള്ളരൂപാ തട്ടിപ്പറിക്കുന്നു.)

കിട്ടുപിള്ള:—വേണ്ടാ ഒററക്കാശും കൊടുക്കേണ്ടാ. ഹ്ഹാ തൊട്ടതിനൊക്കെ കൂലികൊടുക്കാൻ. പിന്നെന്തിനാ ഇവനെയൊക്കെ ഇവിടെ കെടത്തേ

ന്നതു്. അല്ലെങ്കിലു് പിരിച്ചതേങ്ങായെടെ വെല ക്രലിയായിട്ടെടുത്തോട്ടെ.

(കൃപാ എളിക്കവയ്ക്കുന്നു. ഭാരം സഹിയാതെ വേച്ച വേച്ച താഴെ വീഴുന്നു. പെട്ടിയുടെ വക്ക കാലിൽകൊണ്ടു മുട്ടുപൊട്ടുന്നു. പൊലിയ ചിരിക്കുന്നു. ചാത്തനോടിവന്നു് കിട്ടുപിള്ളയെ പിടിച്ചെഴുന്നേല്പിക്കുവാൻ ശ്രമിക്കുന്നു. കിട്ടുപിള്ള കോപത്തോടെ ചാത്തൻെറ കൈ തട്ടി മാററുന്നു.)

കിട്ടുപിള്ള:—ഛേ തൊടാതെ മാറിനില്ലെടാ.

പൊലിയ:—അച്ചായാ തൊടരുതേ അങ്ങേരു നല്ല നായരാണേ.

(ചാത്തൻ പൊലിയയെ ഗൗരവത്തോടെ നോക്കുന്നു. പൊലിയ ചിരിച്ചുകൊണ്ടു് അകത്തേയ്ക്കു പോകുന്നു. കിട്ടുപിള്ള പല്ലിറുമ്മിക്കൊണ്ടു് മുട്ടുതിരുമ്മി എഴുന്നേൽക്കുന്നു.)

ഗോപി:—ഭാരം എങ്ങനെയിരിക്കുന്നു ചേട്ടാ. മുട്ടുപൊട്ടിയോ?

കിട്ടുപിള്ള:—ഓ സാരമില്ല. കാലുതെററിപ്പോയതാ.

ഗോപി:—ഞാനപ്പൊഴേ പറഞ്ഞില്ലേ ചേട്ടനതെടുക്കുകേല്ലെന്നു്; ചാത്താ പെട്ടിയെടുത്തോ.

ചാത്തൻ:—(കിട്ടുപിള്ളയോടു്) തമ്പ്രാ ഇതിനൊന്നു പിടിച്ചുതന്നേ.

(കിട്ടുപിള്ള ഈർഷ്യയും കോപവും നിറഞ്ഞ രീതിയിൽ ചാത്തനെ നോക്കുന്നു. ചാത്തൻ പെട്ടി തനിയെ എടുത്തു തലയിൽ വയ്ക്കുന്നു.

(കർട്ടൻ)

---

# രംഗം രണ്ടു്.

(ശങ്കു ആശാന്റെ വീടു്. ഒരിടത്തരം കൃഷിത്തൊഴിലാളി കുടുംബം. ആശാന് ഏകദേശം 60 വയസ്സുപ്രായമുണ്ടു്. നരച്ച മുടി. പഴയ ഒരു പട്ടാളയുടുപ്പു് ഇട്ടിരിക്കുന്നു. കീറിയ മുണ്ടു്. ആശാൻ ഒരു പഴയ കുട തയ്ക്കുന്നു. അസഹ്യതയോടെ നീട്ടിത്തുപ്പിക്കൊണ്ടു്)

ആശാൻ:—ഥൂ കൊടലൂടെ കയ്ക്കുന്ന പോല. കൊറെ മുറുക്കാൻകടക്കാരൊണ്ടു് മുക്കിനു മുക്കിനു്. ഇവന്റെയൊക്കെ തലേലിടിത്തീവീഴണേ ഭഗവാനേ. എടീ ലക്ഷ്മിയേ. ശെടാ — ഈ പെണ്ണുമ്പിള്ളയിതെവിടെപ്പോയിരിക്കുവാ. (ഉച്ചത്തിൽ) എടീ ലക്ഷ്മിയേ.

ലക്ഷ്മിയമ്മ:—(അകത്തുനിന്നും) എന്താ.

ആശാൻ:—കൊറച്ചു കാപ്പിവെള്ളമിങ്ങുതാടീ.

(ലക്ഷ്മിയമ്മ പ്രവേശിക്കുന്നു. കയ്യിലൊരു പാത്രം നിറച്ചു കാപ്പി. മുഷിഞ്ഞു് കരിപറ്റി കീറിയ റൗക്കയും മുണ്ടും. ഉദ്ദേശം 50 വയസ്സുപ്രായം. കാപ്പി ആശാനു കൊടുക്കുന്നു. ആശാൻ കാപ്പി ഒരു കവിൾ കുടിച്ചു് പാത്രം താഴെ വയ്ക്കുന്നു.)

ആശാൻ:—ഇതെന്തോന്നു കാപ്പിയാടീ? പൊകേറവെള്ളം പോലിരിക്കുന്നല്ലോ?

ലക്ഷ്മിയമ്മ:—കാപ്പിപ്പൊടി തീർന്നുപോയി. അങ്ങേതീന്നു കൊറേ കാപ്പിത്തൊണ്ടു പൊടിച്ചതു വാങ്ങിച്ചതാ.

ആശാൻ:—തീർന്നെങ്കില് കൊറച്ചു വാങ്ങാൻ വയ്യാരുന്നോ?

ലക്ഷ്മിഅമ്മ:-അതിനിവിടെങ്ങാണ്ടു കാര്യൊണ്ടാരുന്നോ?

ആശാൻ:—എല്ലാത്തിനും കാശ്ശുകാര്യെന്നു പറഞ്ഞാ മതിയല്ലോ? ഞാനെവിടെപ്പോമിതിനെല്ലാം?

ലക്ഷ്മിയമ്മ:—എങ്ങും പോണമെന്നു ഞാമ്പറഞ്ഞില്ലല്ലോ? ശാരദക്കു രണ്ടുമാസത്തെ ഫീസു കെട്ടിശിഖയാ. നാളെ കൊടുത്തില്ലെങ്കില് ക്ലാസ്സീന്നെറക്കി വിടുമെന്നു പറഞ്ഞു.

ആശാൻ:—അങ്ങോട്ടെറക്കിവിടട്ടെ. അത്രേമെങ്കിലും ഖാരാ കൊറേമല്ലോ?

ലക്ഷ്മിയമ്മ:—ഇത്രേം പഠിപ്പിച്ചും വച്ചിനീം നിറുത്തുന്നതു മോശമല്ലിയോ? ഇക്കൊല്ലംകൂടെങ്ങനെങ്കിലും അയച്ചാൽ............

ആശാൻ:—അയച്ചാൽ കൊറെ കിട്ടും. ഓരോന്നു ബി. ഏ. യും, എം. ഏ. യും പാസ്സായി ചുമ്മാ വീട്ടിലിരിക്കുന്നു മൂത്തുമൊരടിച്ചു്. പിന്നിവരാണിപ്പം ടെയിനിങ്ങും ജയിച്ചുദ്യോഗസ്ഥയാകുന്നതു്.

ലക്ഷ്മിയമ്മ:—ഉദ്യോഗമൊന്നും കിട്ടിയില്ലെങ്കിലും നാലക്ഷരം പഠിച്ചു് കണ്ണെങ്കിലും തെളിയുമെല്ലോ? ഏതായാലും എങ്ങനെങ്കിലും അയക്കണം.

ആശാൻ:—അതിനു രൂപായെന്തിയേടീ' അയക്കണോമെന്നു പറഞ്ഞാമതിയോ?

ലക്ഷ്മിയമ്മ:—അതു ചിട്ടിയങ്ങു പിടിക്കണം.

ആശാൻ:—ങ്ങട് അതു ഇനീമത്തുംകൂടെ പിടിക്കാഞ്ഞാ. ഇപ്പത്തന്നെ മൂന്നുമാസത്തെ കുടിശിഖയൊണ്ടു്. അതെങ്ങനെങ്കിലുമൊന്നു തീർത്തിട്ടുവേണം ചിട്ടി

പിടിച്ചിട്ട് ഇക്കൊല്ലമെങ്കിലും രണ്ടു കാളേ വാങ്ങിക്കാൻ.

(ശാരദ കുളികഴിഞ്ഞു വരുന്നു. കയ്യിൽ സോപ്പുപെട്ടി. നനഞ്ഞ സാരി മടക്കി ഉടുത്തിരിക്കുന്നു)

ശാരദ:—അച്ഛാ എൻെറ സാരിയങ്ങു കീറി.

ആശാൻ:—അതിനു ഞാനെന്തോ വേണം.

ശാരദ:—എനിക്കൊരു സാരിവേണം?

ആശാൻ:—ങ്ട് ആ സാരിവേണം പിന്നെ?

ശാരദ:—നാളെ ഫീസുവേണം.

ആശാൻ:—ഉം ഫീസുവേണം. പിന്നെ?

ശാരദ:—പിന്നിപ്പൊഴൊന്നുംവേണ്ടാ

ആശാൻ:—അതുപോരാ. ഒരു ജമ്പറും കൂടാട്ടെ. നല്ല മിനുങ്ങുന്ന സില്ക്കുകൊണ്ടൊള്ളത്.

ശാരദ:—ഓ ഈ അച്ഛനെപ്പൊഴും നേരമ്പോക്കാണ്.

ആശാൻ:—എന്നാല് ഞാനിനീ കൊറേ ദേഷ്യപ്പെടാം.

ശാരദ:-ദേഷ്യപ്പെട്ടാലുമില്ലെങ്കിലുമെനിക്കു സാരിവേണം.

ലക്ഷ്മിയമ്മ:—നീ ഇന്നത്തേക്കെൻെറയാ കറത്തകരയൻ നേര്യതെടുത്തോണ്ടുപോ. കീറിയതാണെങ്കിലും വെളുത്തതാ.

ആശാൻ:—അല്ലെങ്കിലെൻെറ ചുട്ടിക്കരയൻ തോർത്തെടുത്തോണ്ടുപോ. കീറിയതുമല്ല വെളുത്തതുമാണ്.

ശാരദ:—ഓ പിന്നെ എത്രപേരാ കീറിയനേര്യതുമായി പള്ളിക്കൂടത്തിൽ പോകുന്നത്.

ലക്ഷ്മിയമ്മ:—ഉം എന്താ കൊറച്ചില്. എൻെറ ചെറുപ്പത്തിൽ ഞാനതാണല്ലോടീ ഉപയോഗിച്ചിരുന്നത്.

ശാരദ:-അമ്മയുടെ ചെറുപ്പത്തിലേപ്പോലാണോ ഇപ്പോഴെല്ലാരും നടക്കുന്നതു്?

ലക്ഷ്മിയമ്മ:—എല്ലാരും നടക്കുന്നതുപോലെ നടക്കാൻ നമ്മളാരാ?

ശാരദ:—നമ്മള മനുഷ്യരു്.

ലക്ഷ്മിയമ്മ:—ഏറെക്കെടെന്നു ചാടാതെ നെലത്തു നില്ല്.

(ശാരദമുഖം വീപ്പിച്ചു് അകത്തേയ്ക്കു പോകുന്നു)

ആശാൻ:—നീ എന്തിനാ അവളോടു ദേഷ്യപ്പെടുന്നതു്? നാലുപേക്കൊപ്പം നടക്കാനവൾക്കുമാശയില്ലയോ?

ലക്ഷ്മിയമ്മ:—അതിനിവിടെ വല്ലോം വേണ്ടായോ?

ആശാൻ:—അതും ശരിയാ. നീ ഒന്നു തിന്നാനിങ്ങെടുക്കു്. ഞാനൊന്നെറങ്ങീട്ടു വരട്ടെ.

(ലക്ഷ്മിയമ്മ മുറുക്കാനെടുക്കാൻ പോകുന്നു. ചാത്തൻ മുററത്തു വന്നു നിൽക്കുന്നു)

ആശാൻ:—എന്താ ചാത്തോ ഈയിടെ കാണാറില്ലല്ലോ.

ചാത്തൻ:—വിത്തിടീലാരുന്നു.

ആശാൻ:—ആക്കാ നെനക്കാണോ?

ചാത്തൻ:-അടിയനു സൊന്തമായിട്ടിടാൻ ഭൂമിയൊണ്ടോ?

ആശാൻ:—പിന്നെ?

ചാത്തൻ:—പടിക്കലേക്കു്. ഇവിടുത്തെ വിത്തിടീല്ലുകഴിഞ്ഞോ?

ആശാൻ:—ഓഹോ വിത്തൊക്കെയിട്ടു. എന്തിനാടാ ഇങ്ങനിടുന്നതു്?

ചാത്തൻ:—അതെന്താ തമ്പ്രാ?

ആശാൻ:—എടാ ഇക്കൊല്ലം പത്തുപറ നെലത്തീന്നിവിടെ കിട്ടിയതിരുപത്തുപറ നെല്ലാണു്. അങ്ങോ

ട്ടെറക്കിയതിന്റെ നാലിലൊന്നുപോലും കിട്ടിയില്ല. ഒള്ളതെല്ലാം പാട്ടമളന്നു കൊടുക്കണം. കരുമണി നെല്ലു കൊറഞ്ഞാലവരു സമ്മതിക്കുകേല്ല. പന്ത്രണ്ടെടങ്ങഴി കൊള്ളുന്ന പറയ്ക്കാ പാട്ടനെല്ലളന്നെടുക്കുന്നതു്. വെള്ളംകേറി മുങ്ങിയാലും, മഴപെയ്യാതെ കരിഞ്ഞാലും നാഴിനെല്ലുപോലും എളച്ചു തരികേല്ല. എങ്ങനെ രക്ഷപെടാനാടാ.

ചാത്തൻ:—ഇതൊക്കെ മാറും തമ്പ്രാ.

ആശാൻ:—എങ്ങനെ മാറാനാടാ. എല്ലു മുറിഞ്ഞു മണ്ണിൽ പണിയെടുക്കുന്നോനു് നാഴിമണ്ണു സ്വൊന്തമായിട്ടില്ല. ഇന്നാളൊരു പത്രത്തിൽ വായിക്കുന്ന കേട്ടു ഇവിടാക്കൊണ്ടു് പത്തിരുപതിനായിരമേക്കർ ഭൂമിയൊണ്ടെന്നു്. കൃഷിചെയ്യാത്തവനൊക്കെയെന്തിനാടാ ഭൂമി. ഇവിടെ മണ്ണിനുവേണ്ടി കൃഷിക്കാരൻ ദാഹിക്കുന്നു. തല പൊള്ളിക്കുന്ന പാട്ടം കൊടുത്തു മുടീന്നു. ഇവനൊക്കെ പത്തും പതിനായിരോം കയ്യിൽവച്ചു് ഞെളിഞ്ഞു നടക്കുന്നു.

ചാത്തൻ:—നമ്മളൊന്നിച്ചുനിന്നാലിതെല്ലാം മാറും.

ആശാൻ:—ഓ ഇനീമതിന്റെ കൊറവാ. ഒള്ള കഞ്ഞീക്കൂടെ പാററായിടാൻ കൊള്ളാം.

(ലക്ഷ്മിയമ്മ മുറുക്കാനുമായി പ്രവേശിക്കുന്നു. മുറുക്കാൻ ആശാനു കൊടുക്കുന്നു.

ലക്ഷ്മിയമ്മ:—ചാത്തനെന്തിനാവന്നതു്?

ചാത്തൻ:—അടിയനിത്തിരി വെററവേണമാരുന്നു.

ലക്ഷ്മിയമ്മ:—വെററ കാണുമെന്നു തോന്നുന്നില്ല. ഇന്നലെ കാലണയ്ക്കു വാങ്ങിയതാ. തൊളസിയെല പോലെ രണ്ടെളണ്ണം കിട്ടി.

ആശാൻ:—എന്നാലിതേക്കൊറേക്കൊട്ടുക്കു്.

(ആശാൻ വെററില കീറി കൊടുക്കുന്നു.)

എന്നാൽ ചാത്തൻ നില്ക്കുവല്ലിയോ? ഞാനൊന്നെറങ്ങീട്ടു വരട്ടെ.

ലക്ഷ്മിയമ്മ:—എങ്ങോട്ടാ?

ആശാൻ:—പെണ്ണിനു നാളെ ഫീസുകൊടുക്കണ്ടായോ? ഇവിടെ കിന്നാരോം പറഞ്ഞിരുന്നാമതിയോ?

(ആശാൻ കുടയും കക്ഷത്തിൽവച്ചു് നടന്നു മറയുന്നു.)

ലക്ഷ്മിയമ്മ:—എന്റെ ചാത്താ എന്തൊരു കാലമാണിതു്. അരക്കാശു കണ്ണിനു കാണാനില്ല. ചെലവിനാണേലൊട്ടു കൊറവുമില്ല.

ചാത്തൻ:—കരിമ്പുവെട്ടീട്ടൊന്നും കിട്ടിയില്ലിയോ?

ലക്ഷ്മിയമ്മ:—കിട്ടി. കൊറെ കടം. ശക്കരക്കു തുലാത്തിനു നാലുരൂപയാ വെല. പാട്ടത്തിനു കൊറവൊണ്ടോ അതില്ല. ആകെ ഒരേക്കറുകാണും. അതിനു് ഇരുന്തൂറുരൂപയാ പാട്ടം. ആ വകേലിനീം അമ്പതുരൂപാ ജന്മിക്കുകൊടുക്കണം. ഒരു കച്ചത്തോത്തു വാങ്ങിക്കാൻ കിട്ടിയെങ്കിൽ വേണ്ടുകേല്ലാരുന്നു.

ചാത്തൻ:—പിന്നെന്തിനാ ഇങ്ങനെ ചെയ്യുന്നതു്?

ലക്ഷ്മിയമ്മ:—എന്തെങ്കിലും ചെയ്യേണ്ടായോ?

(ശാരദ സ്കൂളിലേക്കു പോകുന്നു. കയ്യിൽ പുസ്തകം, ചോററു പാത്രം കീറിയ സാരി ഉടുത്തിരിക്കുന്നു.)

ചാത്തൻ:—കൊച്ചമ്പ്രാട്ടിയിപ്പം ഏതുക്ലാസ്സിലാ?

ലക്ഷ്മിയമ്മ:—ആ ട്രെയിനിങ്ങോ മറേറാ; നീ ആ കീറിയ സാരീമുട്ടത്തോണ്ടാന്നോ കൊച്ചേ പോന്നതു്?

ശാരദ:—പിന്നിവിടെ പുതിയതിരിക്കുന്നോ?

(മുഖം വീപ്പിച്ചു് പോകുന്നു.)

ലക്ഷ്മിയമ്മ:—എന്തോ ചെയ്യാനാ. എല്ലാം വിധി.

ചാത്തൻ:—വിധിയൊന്നുമല്ല. അനുഭവിക്കാനൊള്ളോരടെ പാക്യദോഷക്കേട്ട്. അല്ല വേലചെയ്യാഞ്ഞിട്ടാന്നോ? അടിയാണേലു് മുന്നൂററുപത്തഞ്ചുദെവസോം പണിയാ. മാടത്തിക്കഞ്ഞിവെയ്ക്കുന്നതു നേരം ചോദിച്ചാ.

ലക്ഷ്മിയമ്മ:—അതെന്താ കൂലി കിട്ടത്തില്ലിയോ?

ചാത്തൻ:—കൂലി. എന്തോന്നുകൂലിയാ തമ്പ്രാട്ടീ. വല്ലപ്പോഴുമെടങ്ങഴി നെല്ലു തരും. അത്തും പാതിരാവരെ കാത്തു നിന്നാലു്. പടിക്കലേക്കു മാത്രമേ പണിക്കുപോകാനുമൊക്കൂ. ഇപ്പം വരും ആ കാലമാടൻ കാര്യസ്ഥൻ. അടിയനെറങ്ങട്ടെ. അല്ലേലയാളു കെടന്നു ചാടും.

ലക്ഷ്മിയമ്മ:—ആ മുട്ടമൊന്നു കീറിത്തന്നിട്ടുപോ. അടുപ്പിവെയ്ക്കാനീക്കിലിൻെറ കരടില്ല.

ചാത്തൻ:—എന്നാലാകോടാലിയിങ്ങു തന്നാട്ടെ.

(ലക്ഷ്മിയമ്മ കോടാലി എടുത്തു കൊടുക്കുന്നു, ചാത്തൻ വിറകു മുട്ടത്തിൽ വെട്ടുന്നു.

(കർട്ടൻ)

---

# രംഗം മൂന്നു്.

(ശാരദ സ്കൂളിലേക്കു പോകുന്നു. ഗോപി എതിരേ നടന്നു വരുന്നു. ശാരദ ഗോപിയെക്കണ്ടു് തല കുനിച്ചു് നാണം കുണുങ്ങി ഒഴിഞ്ഞു നില്ക്കുന്നു.

ഗോപി:—അല്ലാ ശാരദയോ? എന്താ അറിയുമോ?

ശാരദ:—എന്റെ കണ്ണിനു തരക്കേടൊന്നുമില്ല.

ഗോപി:—അതെനിക്കറിയാം.

ശാരദ:—പിന്നെന്തിനാണു ചോദിച്ചതു്.

ഗോപി:—കണ്ണിനുതരക്കേടുണ്ടെങ്കിലേ ഒരാളെ അറിയാതിരിക്കു എന്നില്ലല്ലോ?

ശാരദ:—അറിയാതിരിക്കത്തക്കവണ്ണം മറെറാന്നും സംഭവിച്ചിട്ടില്ലല്ലോ.

ഗോപി:—ഇല്ലേ?

ശാരദ:—എന്നാണെന്റെ വിശ്വാസം.

ഗോപി:—എന്നാൽ ശാരദയ്ക്കു ചില മാററങ്ങൾ സംഭവിച്ചിട്ടുണ്ടു്.

ശാരദ:—എന്താണു്?

ഗോപി:—അന്നു് ഇവിടെയെല്ലാം ഒരു കൊച്ചു പൂമ്പാററയേപ്പോലെ പറന്നു നടന്ന ശാരദയേയല്ല ഇന്നു ഞാൻ കാണുന്നതു്.

ശാരദ:—(സാരി നേരെയാക്കിക്കൊണ്ടു്) സമയമായി ഞാൻ പോകട്ടെ.

ഗോപി:—(വാച്ചിൽനോക്കി) ഒൻപതുമണിയല്ലേ ആയി ട്ടുള്ളൂ.

ശാരദ:—എനിക്കു കുറച്ചെഴുതാനുണ്ടു്.

ഗോപി:—എനിക്കു ചിലതു പറയാനുണ്ടു്.

ശാരദ:—എന്താണു്?

ഗോപി:—ഞാനെത്ര എഴുത്തു് ശാരദക്കയച്ചു?

ശാരദ:—ഞാനെണ്ണിയിട്ടില്ല.

ഗോപി:—ഒരു മറുപടി അയക്കാൻ തോന്നിയില്ലല്ലോ?

ശാരദ:—അതിനുതക്ക ആവശ്യം തോന്നിയില്ല.

ഗോപി:—ശാരദയ്ക്കൊരു ഹൃദയമുണ്ടെന്നാണു് ഞാൻ വിചാരിച്ചിരുന്നതു്.

ശാരദ:—ഇപ്പോഴുമുണ്ടെന്നാണെൻെറ വിശ്വാസം.

ഗോപി:—എങ്കിലിതു പറയുകയില്ലായിരുന്നു.

ശാരദ:—അതുകൊണ്ടാണിതു പറഞ്ഞതു്.

ഗോപി:—എല്ലാത്തിനും തക്കുത്തരം പറയാൻ ശാരദക്കു മിടുക്കുകൂടും.

ശാരദ:—എൻെറ ജീവിതംതന്നെ ഒരു തക്കുത്തരമാണു്.

ഗോപി:—എനിക്കു ശാരദയോടു്...............

ശാരദ:—ഇതു വഴിയാണു്.

ഗോപി:—ജീവിതംതന്നെ ഒരു വഴിയാത്രയാണു്.

ശാരദ:—മനുഷ്യനു മറച്ചുവയ്ക്കേണ്ട പലതുമുണ്ടു്.

ഗോപി:—ആ മറ എടുത്തുകളയണം.

ശാരദ:—അന്ന കാണാം.

(ശാരദ തിട്ടക്കത്തിൽ നടക്കുന്നു. ഗോപി, ശാരദ പോകുന്നതു നോക്കിനിൽക്കുന്നു. രവി പുറകിൽക്കൂടി പ്രവേശിക്കുന്നു.)

രവി:—അല്ലാ ഗോപിയോ എപ്പോഠം വന്നു?

(ഗോപി ഞെട്ടി തിരിഞ്ഞു നോക്കുന്നു.)

ഗോപി:—ങ്അ രവിയോ? ഞാനിന്നലെവന്നു.

രവി:—പരീക്ഷയെല്ലാമെങ്ങനിരിക്കുന്നു. ക്ലാസ്സവല്ലതും കിട്ടുമോ?

ഗോപി:—വളരെ ഈസിയായിരുന്നു ഇത്തവണ തീച്ച്യായും ജയിക്കും. ക്ലാസ്സുകിട്ടുന്ന കാര്യം സംശയമാണു്. രവി ഇപ്പോഴെന്തു ചെയ്യുന്നു?

രവി:—പ്രത്യേകിച്ചു പണിയൊന്നുമില്ല. എന്നാൽ പിടിപ്പതു ജോലിയുണ്ടുതാനും.

ഗോപി:—അതെന്താണു്?

രവി:—ഞാനിവിടുത്തെ കർഷകത്തൊഴിലാളിയൂണിയനിൽ പ്രവത്തിക്കുകയാണു്.

ഗോപി:—ഓഹോ അപ്പോഴിനിയും പഠിക്കുന്നില്ലേ?

രവി:—പഠിക്കുകയാണല്ലോ.

ഗോപി:—എവിടെ?

രവി:—ജനങ്ങളുടെയിടയിൽ.

ഗോപി:—അപ്പോഠം രവിയുടെ ജീവിതം?

രവി:—സാധാരണക്കാരുടേതുപോലെ കയ്പു നിറഞ്ഞതു്.

ഗോപി:—അതറിഞ്ഞുകൊണ്ടെന്തിനേറെറടുക്കുന്നു?

രവി:—അല്ലാതെന്തുചെയ്യും?

ഗോപി:—പഠിത്തം മുഴമിപ്പിക്കാമായിരുന്നില്ലേ?

രവി:—എന്തിന്?

ഗോപി:—എല്ലാവരുമെന്തിന്ന പഠിക്കുന്നു?

രവി:-ഗോപീ! നിങ്ങളേപ്പോലെ സാമ്പത്തികക്കഴിവുള്ള വൎക്ക് ഇന്നത്തെ കോളേജ്‌വിദ്യാഭ്യാസം ഫൽവാ പോലെ രസമുള്ളതാണ്. എന്നാൽ സാധാരണ ക്കാർ എത്രയോ പ്രതീക്ഷകളും, സ്വപ്നങ്ങളുമായി ബിരുദവും നേടി കോളേജിന്ന പുറത്തിറങ്ങിയാ ലുള്ള അനുഭവമെന്താണ്? തൊഴിലില്ലാതെ അല ഞ്ഞുതിരിയുക. പോക്കററിൽ കിടക്കുന്ന ബിരുദ ത്തിന്ന തക്ക പണി കിട്ടാതെ നിരാശകൊണ്ടു നീറു ക. അങ്ങനെ കൊല്ലംതോറും വൎദ്ധിക്കുന്ന തൊഴി ലില്ലാപ്പട്ടാളത്തിൽ ഒരംഗമെങ്കിലും കുറയട്ടെയെന്നു കരുതി ഞാൻ പഠിത്തം നിറുത്തിയതാണ്.

ഗോപി:—അപ്പോൾ ഇന്നത്തെ വിദ്യാഭ്യാസം തെററാ ണെന്നാണോ രവി പറയുന്നത്?

രവി:—വളരെയേറെ. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അടിത്തറയെന്താണ്? ജീവിതവുമായി ബന്ധമി ല്ലാത്ത വിദ്യാഭ്യാസം രാഷ്ട്രത്തിനപകടമാണ്; സംസ്കാരത്തിനെതിരാണ്.

ഗോപി:—പിന്നെ ഏതു രീതിയിലുള്ള വിദ്യാഭ്യാസ മാണ് രവി പറയുന്നത്.

രവി:—മനുഷ്യന്റെ കഴിവുകൾക്കനുസൃതമായി ജീവിക്കു വാനും വളരുവാനുമുതകുന്ന വിദ്യാഭ്യാസം. അതോ

ടൊപ്പം സാമ്പത്തികരംഗത്തു് അടിസ്ഥാനപരമായ മാററങ്ങളും.

ഗോപി:—ഇതൊക്കെ വെറും ആദർശങ്ങളല്ലേ?

രവി:—അല്ല യാഥാർത്ഥ്യങ്ങൾ.

ഗോപി:—എനിക്കിതൊന്നും മനസ്സിലാകുന്നില്ല.

രവി:—ഒരിക്കൽ മനസ്സിലാകും.

ഗോപി:—എന്തോ?

രവി:—ഗോപി നിൽക്കുകയാണോ? എനിക്കു ചില അത്യാവശ്യകാര്യങ്ങൾ ചെയ്തു തീർക്കുവാനുണ്ടു്.

ഗോപി:—എന്നാൽ പിന്നെ കാണാം.

രവി:—ആകട്ടെ. (അകലേയ്ക്കു ചൂണ്ടി) അതാ ഒരു കൊടി കാണുന്നില്ലേ? അതു ഞങ്ങളുടെ യൂണിയനാഫീസാണു്. വല്ലപ്പോഴും അങ്ങോട്ടൊക്കെ വരു.

ഗോപി:—ശ്രമിക്കാം.

(രവി നടക്കുന്നു.)

(കർട്ടൻ)

# രംഗം നാലു്.

(പുളിമുററത്തു ശങ്കരപ്പിള്ളയുടെ വീടു്. ശങ്കരപ്പിള്ള ഒരു ചാരുകസേരയിൽ കിടക്കുന്നു. കുടക്കുടെ കുടവയർ തലോടുന്നു. കഷണ്ടി. കഴുത്തിൽ സ്വർണ്ണം കെട്ടിയ ഒരു രുദ്രാക്ഷമാല. ഉദ്ദേശം 58 വയസ്സു പ്രായം. നെററിക്കു ഭസ്മചന്ദനാദികൾ, കിട്ടുപിള്ള വെററില തെറുത്തു കൊടുക്കുന്നു.)

ശങ്കരപ്പിള്ള:—ആ ശങ്കുവാശാൻെറ പാട്ടരൂപാ ഇനി മെത്രയൊണ്ടെടാ കിട്ടാൻ?

കിട്ടുപിള്ള:—ഇക്കൊല്ലത്തെ ബാക്കി ഇനീം അമ്പതു രൂപാ യൊണ്ടു്.

ശങ്കരപ്പിള്ള:—താനതു ചോദിക്കുന്നില്ലിയോ?

കിട്ടുപിള്ള:—ഞാൻ ദെവസോം ചോദിക്കും. പക്ഷേ തരാതെന്തോ ചെയ്യാനാ? അയാൾക്കു നഷ്ടമാന്നാ പറേന്നതു്.

ശങ്കരപ്പിള്ള:—അതിനിപ്പോൾ നമ്മളെന്തോചെയ്യാനാ? നഷ്ടമാണെങ്കിലു് നെലമിങ്ങു വിട്ടുതന്നേക്കാൻ പറ.

കിട്ടുപിള്ള:—അയാൾക്കു വയസ്സായില്ലിയോ? വേലയൊന്നും ചെയ്യാൻവയ്യാ. പിന്നെ, കൊത്തീം ചെകഞ്ഞും വല്ലോംകൊണ്ടു നട്ടം. ശരിക്കു വളോം ചെയ്യുത്തില്ല. എന്നിട്ടു നഷ്ടമാന്നും പറഞ്ഞു നടക്കുവാ.

ശങ്കരപ്പിള്ള:—അവനൊക്കെ നെലം പെഴപ്പിക്കുവാടാ. എന്നിട്ടു് പാട്ടം കൊറയ്ക്കണമെന്നാ പറേന്നതു്. ആട്ടെ, അയാടെ ചിട്ടിയേടെ കുടിശിഖയെന്തൊണ്ടു്?

കിട്ടുപിള്ള:—മൂന്നുമാസത്തെ കുടിശിഖയാ. എന്നിട്ടി നാള്ള പറഞ്ഞു ചിട്ടി പിടിക്കണെമെന്നു്. രണ്ടു കാളേ വാങ്ങിക്കണം പോലും.

ശങ്കരപ്പിള്ള:—പിടിക്കട്ടെടാ, പിടിക്കട്ടെ. പക്ഷെ, ശരിക്കു് പ്രമാണമെഴുതി വാങ്ങിക്കണം.

കിട്ടുപിള്ള:—ആകെ അമ്പത്തേഴസെന്റല്ലേ അയാക്കു് സൊന്തമായിട്ടൊള്ളൂ.

ശങ്കരപ്പിള്ള:—എടാ, എന്നാല്യമത്തു പൊന്നുവെളേന്ന മണ്ണാ.

കിട്ടുപിള്ള:—അതേയതേ. ആ തെങ്ങെല്ലാമെങ്ങനെ കായിക്കുമെന്നറിയാമോ? കൊലമറിഞ്ഞുകെടക്കുവാ. മെത്തവിരിച്ചു കെടക്കാം. നല്ല ചൊമചൊമാന്നൊള്ള തേങ്ങാ. ആ പുരേടത്തിക്കേറിനോക്കിയാത്തന്നെ ഒരഴകൊണ്ടു കാണാൻ.

ശങ്കരപ്പിള്ള:—അതിനുചുററുമൊള്ളതെല്ലാം നമ്മുടേതല്ലേ?

കിട്ടുപിള്ള:—ഇതൊഴിച്ചു ബാക്കിയൊള്ളതെല്ലാം.

(പടിക്കൽ ആശാൻെറ ചുമ കേൾക്കുന്നു.)

ശങ്കരപ്പിള്ള:—അതാരാടാ ചൊമയ്ക്കുന്നതു്?

കിട്ടുപിള്ള:—(പടിക്കലേക്കു നോക്കി) ആശാനാണു്.

(ആശാൻ പ്രവേശിക്കുന്നു. കക്ഷത്തിലൊരു കുട. കയ്യിലൊരു വടി.)

ശങ്കരപ്പിള്ള:—ആശാൻെറ കാര്യം ഞങ്ങളു പറേകാരുന്നു.

കിട്ടുപിള്ള:—അതേയതേ, ആശാനേപ്പോലൊരു പ്രയത്നക്കാരനെ കാണാനൊക്കുകേല്ലെന്നു പറഞ്ഞു നാക്കെത്തിട്ടതേയൊള്ളൂ.

ആശാൻ:—എന്തോന്നു പ്രയത്നമാ പിള്ളേ. കാലമൊക്കെ മാറിപ്പോയി. പിന്നെ, പഴേ മണ്ണായത്തുകൊണ്ടു നടക്കുന്നു.

ശങ്കരപ്പിള്ള:— പിന്നാശാനെന്താ പതിവില്ലാത്തതു പോലെ?

ആശാൻ:—ആ ചിട്ടിയൊന്നു പിടിച്ചാൽ കൊള്ളാമാരുന്നു.

ശങ്കരപ്പിള്ള:—ഇപ്പൊഴെന്താണാശാനെ അത്യാവശ്യം?

ആശാൻ:—എല്ലാമത്യാവശ്യമല്ലിയോ? പെണ്ണിനു ഫീസു കൊടുക്കണം. അല്ലറചില്ലറകൊറെ കടമൊണ്ടു്. കരിമ്പിനു വളോമിടാറായി.

ശങ്കരപ്പിള്ള:—ആ പാട്ടരൂപാ മുഴവനുമെന്താണാശാനെ തരാഞ്ഞത്തു്?

ആശാൻ:—ചെലവെല്ലാം കഴിഞ്ഞു് നൂററമ്പതുരൂപായാ കരിമ്പിനു കിട്ടിയതു്. അതുമുഴവനും ഇവിടെ തന്നു. മിച്ചം കിട്ടിയതു കൊറെ ചാരം മാത്രമാണു്.

ശങ്കരപ്പിള്ള:—എന്തുചെയ്യാം. ഇവിടേം പണത്തിനു വലിയ ഞെരുക്കമൊണ്ടു്. ആരും ശരിക്കു പാട്ടം തരികേല്ല. എന്നാലാ ചാക്കോമാപ്പിളയൊണ്ടല്ലോ?—

ആശാൻ:—പറമ്പത്തെ ചാക്കോ മാപ്പിളയോ?

ശങ്കരപ്പിള്ള:—അതേ. അയാളാ മണ്ണിനു പൊറകേ നടക്കയാണു്. മുന്നൂറുരൂപാ പാട്ടം തരാമെന്നു പറഞ്ഞു.

കിട്ടുപിള്ള:—ഇന്നാലേം ഇവിടെ വന്നിരുന്നു. എന്നെ കാണുമ്പോഴൊക്കെപ്പുറം ഇവിടൊന്നു ശിപാശ്ശി

ചെയ്യണമെന്നു്. ഒന്നോ, രണ്ടോ കൊല്ലത്തെ പാട്ടം വേണമെങ്കിൽ മുൻകൂറുതരാമെന്നും പറഞ്ഞു.

ആശാൻ:—ആ മണ്ണു് ഈ നെലേലാക്കിയതു ഞാനാ. അതു കാണുമ്പൊഴോരോത്തനു കണ്ണുകടിയാ.

ശങ്കരപ്പിള്ള:—അതൊന്നുമല്ല, അവൎക്കൊക്കെ ജോലി ചെയ്യാനും, ആദായമെടുക്കാനും അറിയാം.

ആശാൻ:—വേലചെയ്യാനെല്ലാൎക്കുമറിയാം. പിന്നാദായം കിട്ടുന്നതോരോത്തരുടെ വിധിയാ. ആ മണ്ണു് എന്റെ കയ്യിലു് കിട്ടിയപ്പോഴെങ്ങനിരുന്നതാ. പുല്ലുപോലും മൊളയ്ക്കാതെ പാറപോലല്ലാരുന്നോ? എൻെറ ഒരുത്തൻെറ കയ്യല്ലിയോ അവിടം ഇപ്പരുവമാക്കിയതു്?

ശങ്കരപ്പിള്ള:—അതിനുതക്ക ആദായോം ആശാനെടുത്തിട്ടില്ലിയോ?

ആശാൻ:—വല്ലോം, നക്കാപ്പിച്ചയൊക്കെ കിട്ടീട്ടൊണ്ടു്. അതോൎത്തല്ലിയോ ഇപ്പൊഴുമവിടെ കൃഷി ചെയ്യുന്നതു്. എന്തോ ചെയ്യാനാ കാലമൊക്കെ മാറീ. വേല ചെയ്യുന്നതു മിച്ചം.

ശങ്കരപ്പിള്ള:—ആശാനുമൊരു നായരല്ലേന്നു കരുതിയാണു് ഞാനാമണ്ണു് ആരെയും ഏല്പിക്കാത്തതു്. കുടിശിഖയൊന്നുമിടാതെ മുൻകൂർ പാട്ടം തരാൻ തയാറൊള്ള പലരുമൊണ്ടു്. ഇവിടെ കൊറച്ചു നഷ്ടം വന്നാലും കൂട്ടത്തിലൊരാളു നന്നാകട്ടെയെന്നാ നമ്മുടെ വിചാരം.

ആശാൻ:—ആ ഓൎമ്മ എനിക്കുമൊണ്ടു്.

ശങ്കരപ്പിള്ള:—പിന്നെ, ചെലപ്പൊഴൊക്കെ നഷ്ടം വരും. എല്ലാം നമ്മള്ള സഹിക്കണം.

ആശാൻ:-ഇപ്പൊഴെന്നും നഷ്ടമാണല്ലോ? ലാഭമൊള്ളതു കൊറെ കടം മാത്രം. എത്രയെന്നുവെച്ചാ സഹിക്കുന്നതു്?

കിട്ടുപിള്ള:—എന്നാലാശാനാമണ്ണങ്ങൊഴിഞ്ഞേക്കണം.

ആശാൻ:—ഞാൻ മരിക്കുന്നതുവരെ ആ മണ്ണൊഴിയത്തില്ല. എൻെറ ജീവനാണതു്. എൻെറ വേപ്പ്പിൻെറ മണ്ണോം, ചോരേടെ നെറോമൊള്ളതാ ആ ചൊമന്നമണ്ണ്.

കിട്ടുപിള്ള:—ഇതുരണ്ടുംക്രൂടെങ്ങനൊക്കൊനാ?

ആശാൻ:—ഒക്കുന്നെടംവരെ ചെല്ലട്ടെ. ചിട്ടി എന്നാണു്? എനിക്കതൊന്നു പിടിക്കണം.

കിട്ടുപിള്ള:—ചിട്ടി നാളെയാണു്.

ശങ്കരപ്പിള്ള:—ആശാനെ! ഞാൻ മറ്റൊന്നുകൊണ്ടും പറേന്നതല്ല. ആശാനിപ്പൊഴം ചിട്ടി പിടിക്കാതിരിക്കുന്നതാ നല്ലതു്. എന്തൊ കിട്ടുള്ളേ?

കിട്ടുപിള്ള:—സംശയമൊണ്ടോ? ഇപ്പം ചിട്ടി പിടിക്കുന്നതു വല്യ നഷ്ടമല്ലിയോ? ഓരോരുത്തര ചിട്ടി പിടിക്കാനിപ്പം നോക്കിയിരിക്കുവാ.

ആശാൻ:—എന്നാലും കാര്യം നടക്കെണ്ടായോ?

ശങ്കരപ്പിള്ള:—അതിനു വേറെ എന്തെങ്കിലും വഴി നോക്കണം.

ആശാൻ:—വേറെ എന്തോ വഴിയാ. ഒരു വഴീമില്ല. ഒള്ളതെല്ലാമടഞ്ഞു. ഇനീമൊള്ളവഴി പെരുവഴി

ലേക്കെറങ്ങുകയാണു്. കരിമ്പുവെട്ടി എല്ലാം നട ത്താമെന്നു വിചാരിച്ചു. ശാരദയ്ക്കിത്തിരി പൊന്നൊ ണ്ടാരുന്നതു പണയംവെച്ചു് വല്ലോം വാങ്ങിച്ചു. അ തെടുക്കാൻപോലും പററിയില്ല. ങ്ങ് ഹും എല്ലാം മാറും.

ശങ്കരപ്പിള്ള:—ആശാനെ! ഇപ്പോം ചിട്ടിപിടിച്ചാലാറു മാസത്തെ കുടിശിഖേമെല്ലാം കഴിഞ്ഞെന്തോം കിട്ടാനാ?

ആശാൻ:—കിട്ടുന്നതുമതി.

ശങ്കരപ്പിള്ള:—ഞാനാശാൻെറ ഗുണത്തിനുവേണ്ടി പറ ഞ്ഞതാണു്. പിന്നെ ആശാൻെറയിഷ്ടം. കുറച്ചു കൂടി കഴിഞ്ഞു പിടിച്ചാൽ പത്തിരുന്നൂറൊന്നിച്ചു കിട്ടും. വല്ലോമൊരു കാര്യോം കാണാം.

ആശാൻ:—അതൊക്കെ ശരിയാ. പക്ഷേ, അളമുട്ടിയാ തിരിഞ്ഞു കടിക്കാതെന്തുചെയ്യും.

കിട്ടുപിള്ള:—പത്തോ അമ്പതോ ആരോടെങ്കിലും കടം വാങ്ങിക്കണം.

(ശങ്കരപ്പിള്ളയോടു ചോദിക്കുവാനാംഗ്യം കാണിക്കുന്നു.)

ശങ്കരപ്പിള്ള:—അതേ; ഇപ്പൊഴാരോടെങ്കിലും കുറച്ചു കടമായിട്ടെടുക്കണം.

ആശാൻ:—എന്നാലിവിടുന്നുതന്നെ ഒരൻപതുരൂപാ കട മായിട്ടു തരണം. ചിട്ടിപിടിച്ചു തിരികെത്തരാം.

ശങ്കരപ്പിള്ള:—ങ്ങ്അ കണ്ടോ ആശാനതു പറേമെന്നു് ഞാനുദ്ദേശിച്ചതാണു്.

ആശാൻ:—അല്ലാതിപ്പോളെവിടെപ്പോകാനാ. നാളെ കൊച്ചിന ഫീസുകൊടുത്തില്ലെങ്കിൽ ക്ലാസീന്നെറക്കിവിടും.

ശങ്കരപ്പിള്ള:—ആശാനു പത്തോ അൻപതോ തരാൻ വിശ്വാസക്കൊറവൊന്നുമില്ല. പക്ഷേ, ഈയിടെ പണത്തിന വലിയ ഞെരുക്കമാണ്. ആരും ശരിക്ക പാട്ടം തരികേല്ല.

ആശാൻ:—ഇവിടെ വിചാരിച്ചാലെന്നെ ഒന്നു സഹായിക്കാം.

ശങ്കരപ്പിള്ള:—എല്ലാവരേം സഹായിക്കണമെന്നുണ്ട്. പക്ഷേ, പണത്തിനു പണം വേണ്ടായോ?

ആശാൻ:—എന്നാലും.........

ശങ്കരപ്പിള്ള:—ഏതായാലും ആശാനൊരു കാര്യംചെയ്യ് ഞാൻ പറയുന്നതുകൊണ്ട് മറ്റൊന്നും തോന്നരുത്.

ആശാൻ:—മറെറന്തോ തോന്നാനാ.

ശങ്കരപ്പിള്ള:—ആശാന്റെ കാര്യമല്ല. പൊതുവേ ലോകത്തിന്റെ സ്വഭാവമാണ്. എന്നാലത്യാവശ്യത്തിനു മാത്രം പത്തോ ഇരുപതോ കൊണ്ടുപോകണം. ബാക്കിക്ക് നാളെയോ മറ്റന്നാളോ ഇങ്ങോട്ടു കടക്കു.

ആശാൻ:—ഞാൻ മരിച്ചാലും മറക്കാത്ത ഉപകാരമാണിത്.

ശങ്കരപ്പിള്ള:—ഇതുവല്ലോമുപകാരമാണോ ആശാനെ. മനുഷ്യന്റെ കടമയല്ലേ. പോരെങ്കിലാശാനും ഒരു നായരല്ലിയോ? ആകട്ടെ ഒരു കാര്യം ചെയ്യേക്കു.

(കിട്ടുപിള്ളയോട്) ആശാൻെറ പാട്ടക്കുടിശിഖ ഇന്നീ മെത്രയാ കിട്ടുള്ളേ?

കിട്ടുപിള്ള:—അമ്പത്.

ശങ്കരപ്പിള്ള:—ആ അൻപതും ഇതുംകൂടെ നൂറിന് എന്തെങ്കിലുമൊരു രേഖയുണ്ടാക്കിത്തന്നേക്ക്. ആശാനു മറെറാന്നും തോന്നരുത്. മനുഷ്യൻെറ കാര്യമല്ലിയോ? എങ്ങനെയാ തീർച്ചയാകുന്നത്. പോരെങ്കിലെല്ലാത്തിനുമൊരു ചിട്ടേം, കണിശോമൊക്കെ വേണം. ങ്അ എനിക്കതു വല്യനിർബ്ബന്ധമാണ്.

ആശാൻ:—എന്തോ രേഖയാ?

ശങ്കരപ്പിള്ള:—ഓ അങ്ങനെവല്ലോമൊണ്ടോ? എന്തെങ്കിലുമൊരു രേഖ.

കിട്ടുപിള്ള:—വസ്തു ഈടിന്മേൽ പണം കടംകൊടുക്കുന്നതാണിപ്പോഴത്തെ സാധാരണ പതിവ്.

ശങ്കരപ്പിള്ള:—അതേ; പിന്നെ ആശാന്റെ ഇഷ്ടംപോലെ ചെയ്യ്. വസ്തു ഈടുതന്നാലും ആശാനതിൽ തന്നെ താമസിക്കാം. ആദായോമെടുക്കാം. ചിട്ടിപിടിക്കുമ്പോൾ പണമിങ്ങു തന്നാൽമതി. പ്രമാണം തിരികെ തന്നേക്കാം. എല്ലാത്തിനുമൊരു ചിട്ടേമൊക്കെ വേണമല്ലോ? എത്ര സെൻറാണാശാൻെറ പുരയിടം?

ആശാൻ:—അമ്പത്തേഴ്.

കിട്ടുപിള്ള:—മുൻപ്രമാണം വല്ലോമൊണ്ടോ?

ആശാൻ:—ഒന്നുമില്ല.

ശങ്കരപ്പിള്ള:—എന്നാലങ്ങനെചെയ്യ്. ഞാൻ രൂപാ യെടുത്തോണ്ടു വരട്ടെ. അതാ ചെല്ലമിരിക്കുന്നു. ആശാൻ മുറുക്ക്. കിട്ടുള്ളേ! അതിൽ പാക്കൊണ്ടോന്നു നോക്ക്.

(ശങ്കരപ്പിള്ള താക്കോൽക്കൂട്ടവുമായി അകത്തേയ്ക്കു പോകുന്നു. കിട്ടുപിള്ള പാക്കു വെട്ടിക്കൊടുക്കുന്നു. ആശാൻമുറുക്കുന്നു.)

കിട്ടുപിള്ള:—ഞാൻ വിചാരിച്ചില്ലാശാനു രൂപാ കിട്ടുമെന്ന്. ഏതായാലും കോളടിച്ചതുതന്നെ. എന്തൊരു പൊന്നുങ്കൊടത്തു മനസ്സാന്നറിയാമോ? മറെറാള്ളോരടെ—പ്രത്യേകിച്ചു നമ്മളു നായന്മാരുടെ കാര്യമെന്നാ ജീവനാണ്. ഇന്നാള കോളേജു പണിക്കെന്നും പറഞ്ഞു കൊറേപ്പേരു വന്നിരുന്നു. രൂപാ ആയിരമാ കൊടുത്തത്.

ആശാൻ:—ങ്ഏ. ആയിരമോ?

കിട്ടുപിള്ള:—ങ്അ ആയിരം.

ആശാൻ:—എന്നാലും വസ്തു ഈടുകൊടുക്കണമല്ലോ?

കിട്ടുപിള്ള:—ഓ അതൊക്കെയൊരു ചിട്ടേന്നു മാത്രമേയൊള്ളു. ആളു ശുദ്ധനാണ്. പിന്നെ വല്യ കണിശക്കാരനാ പുള്ളിക്കാരൻ.

ആശാൻ:—ഏതായാലും വല്യ ഉപകാരമായി. കൊഴപ്പമൊന്നുമില്ലാതിരുന്നാ മതിയായിരുന്നു.

കിട്ടുപിള്ള:—ആശാൻ കൊഴപ്പമൊന്നുമൊണ്ടാക്കാതിരുന്നാൽ മതി.

(ശങ്കരപ്പിള്ള പ്രവേശിക്കുന്നു. 25 രൂപാ ആശാനു കൊടുക്കുന്നു. ആശാൻ സന്തോഷത്തോടെ രൂപാ വാങ്ങി എണ്ണി മടിയിൽ വയ്ക്കുന്നു.)

ശങ്കരപ്പിള്ള:—ഇവിടെ ത്രുപായൊണ്ടായിട്ടല്ല. പിന്നെ ആശാന്റെ കഷ്ടപ്പാടുകണ്ടോണ്ടിരിക്കാനുള്ളവിഷമം കൊണ്ടാണു്. നാളെത്തന്നെ ആ പ്രമാണമങ്ങു രജിസ്തരാക്കിയേക്കണം. നീട്ടിവയ്ക്കണ്ടാ. മനുഷ്യന്റെ കാര്യമല്ലിയോ?

ആശാൻ:—ഞാൻ നാളെ വരാം.

ശങ്കരപ്പിള്ള:—എന്നാലാകട്ടെ.

(ആശാൻ തിരിഞ്ഞു നടക്കുന്നു. ശങ്കരപ്പിള്ള ആശാൻെറ കാലിലെ മുറിവു കണ്ടിട്ടു്.)

ശങ്കരപ്പിള്ള:—അതെന്താ കാലില്.

ആശാൻ:—(തിരിഞ്ഞു നിൽക്കുന്നു) ഓ തുമ്പാകൊണ്ടൊന്നു മുറിഞ്ഞതാണു്.

ശങ്കരപ്പിള്ള:—എന്നിട്ടൊന്നും ചെയ്തില്ലേ?

ആശാൻ:-ഓ എന്തോ ചെയ്യാനാ. തന്നെ കരിഞ്ഞോളും.

ശങ്കരപ്പിള്ള:—അതുപോരാ. സൂക്ഷിക്കണം. കാലം വല്ലാത്തതാണു്. മഞ്ഞുകാലമാ. പോരെങ്കില തൊരു വല്ലാത്ത സ്ഥാനത്തുമാണു്. സൂചികൊണ്ടെടുക്കേണ്ടതു തുമ്പാ കൊണ്ടെടുക്കേണ്ടിവരും. എടാ കിട്ടു! ആ ജാത്യാദിനെയ്യിങ്ങെടുത്തോ.

കിട്ടുപിള്ള:—അയ്യോ അതെന്നേ തീൻപോയി.

ശങ്കരപ്പിള്ള:—നോക്കെടാ ഭരണിയിൽ കാണും.

കിട്ടുപിള്ള:—ഭരണി തേച്ചുകഴുകി കട്ടമാങ്ങായിട്ടു വച്ചിരിക്കുന്നു. അതും തീരാറായി,

ആശാൻ:—ഇപ്പം നെയ്യൊന്നുംവേണ്ടാ. ഞാനെറങ്ങട്ടെ.

(ആശാൻ പോകുന്നു. ശങ്കരപ്പിള്ളയും കിട്ടുപിള്ളയും അർദ്ധഗർഭമായി ചിരിക്കുന്നു.]

കിട്ടുപിള്ള:—ഒരു വല്യബുദ്ധിയായിപ്പോയി അവിടുന്നു കാണിച്ചതു്.

ശങ്കരപ്പിള്ള:—എന്തൊന്നു ബുദ്ധിയാടാ. പണമൊണ്ടെങ്കിലെല്ലാം നടക്കും.

കിട്ടുപിള്ള:—അതെയതെ. എന്നാലും ആ അമ്പലത്തേഴസെൻറു വല്യ ഒരു നേട്ടം തന്നെയാ. കൊറഞ്ഞതു മൂവായിരത്തിനൊണ്ടു്.

ശങ്കരപ്പിള്ള:—ഇന്നാളു ഞാനതു കണ്ടപ്പോഴെ നിശ്ചയിച്ചതാണു്.

കിട്ടുപിള്ള:—മൂപ്പിലിനീം മാറുമോ?

ശങ്കരപ്പിള്ള:—എവിടെ മാറാനാടാ. അഡ്വക്കേറ്റ് സുകൊട്ടത്തില്ലിയോ? നീ അയാളേംകൊണ്ടു് രാവിലെ പോകണം. ശരിക്കു പ്രമാണമെഴുതിച്ചേക്കണം.

കിട്ടുപിള്ള:—പാട്ടംവല്ലോം കാണിക്കണോ?

ശങ്കരപ്പിള്ള:—വരട്ടെ. അതൊന്നും പ്രമാണത്തിൽവേണ്ടാ. നീ ഒന്നു മുറുക്കാനിങ്ങെടുത്തോ.

(കിട്ടുപിള്ള മുറുക്കാനെടുത്തു കൊടുക്കുന്നു. ചുണ്ണാമ്പധികമായതിനാൽ വാ പൊള്ളിയിട്ടു് ശങ്കരപ്പിള്ള അസഹ്യതയോടെ തുപ്പുന്നു.)

ശങ്കരപ്പിള്ള:—ഛീ കഴുവേറി ഒള്ള ചുണ്ണാമ്പെല്ലാംതേച്ചു് വാ പൊള്ളിച്ചല്ലോ?

കിട്ടുപിള്ള:—വേഗം കൊറച്ചു വെളിച്ചെണ്ണ പെരട്ടിയാട്ടെ.

ശങ്കരപ്പിള്ള:—വെളിച്ചെണ്ണ നിന്റെ തല. പോ. വേഗമെട്ടത്തോണ്ടു വാ.

(കിട്ടുപിള്ള അകത്തേയ്ക്കോടിപ്പോകുന്നു. ശങ്കരപ്പിള്ള കൂടക്കുളടെ കാക്കിച്ചു തുപ്പുന്നു.)

(കർട്ടൻ)

---

# രംഗം അഞ്ചു്.

(ചാത്തന്റെ കുടിൽ. പൊലിയ മുററത്തിരുന്നു കപ്പ അരിയുന്നു. രവി പ്രവേശിക്കുന്നു. പൊലിയ രവി വരുന്നതു കാണുന്നില്ല. രവി സാവധാനത്തിൽ ഒച്ചയുണ്ടാക്കാതെ നടന്നുവന്നു പൊലിയയുടെ പുറകിൽനിന്നു് ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്നു. പൊലിയ ഭയപ്പെട്ടു ചാടിയെഴുന്നേൽക്കുന്നു. രവി കൈകൊട്ടി ചിരിക്കുന്നു. പൊലിയ പരിഭവിച്ചു് നാണം കുണുങ്ങി തലകുനിച്ചു നിൽക്കുന്നു)

പൊലിയ:—ഞാനങ്ങു പേടിച്ചുപോയല്ലോ.

രവി:—അയ്യോ! കഷ്ടം ഇത്ര പേടിയുള്ളവരെങ്ങനെയാണു സമരം നടത്തുന്നതു്?

പൊലിയ:—പുറകിൽക്കൂടാരും കാണാതെവന്നു ശബ്ദമൊണ്ടാക്കിയാലെങ്ങനാ പേടിക്കാതിരിക്കുന്നതു്.

രവി:—അതിനാണു ധൈര്യം വേണമെന്നു പറയുന്നതു്.

പൊലിയ:—എന്നെ പരീക്ഷിക്കയൊരുന്നോ?

രവി:—പിന്നെ. പക്ഷേ, പരീക്ഷയിൽ തോററുപോയി.

(പൊലിയ പെട്ടെന്നു് അരിവാളും കപ്പയും താഴെയിട്ടു് ഇടതുകയ്യുടെ ചൂണ്ടുവിരൽ പിടിച്ചുകൊണ്ടു് ഉറക്കെ കരയുന്നു. രവി പരിഭ്രമത്തോടെ അടുത്തു ചെല്ലുന്നു.)

രവി:—എന്തുപററി?

(പൊലിയ വേദന ഭാവിച്ചു കരയുന്നു.)

പൊലിയ:—അയ്യോ വെരലു മുറിഞ്ഞു. അയ്യോ······

രവി:—എവിടെ, കാണട്ടെ.

(പൊലിയ വിരൽ കാണിക്കുന്നില്ല. അസഹ്യമായ വേദന ഭാവിക്കുന്നു.)

രവി:—ഒരുപാട്ട മുറിഞ്ഞോ?

പൊലിയ:—അയ്യോ ഒത്തിരി മുറിഞ്ഞു.

രവി:—ഞാനൊരു മരുന്നുകൊണ്ടുവരാം.

(രവി ഓടിപ്പോകുന്നു, പൊലിയ കരച്ചിൽ നിറുത്തി രവി പോകുന്നതു നോക്കി ചിരിക്കുന്നു. രവി ഏതോ പച്ചില കയ്യിലിട്ടു തിരുമ്മി പ്രവേശിക്കുന്നു. പൊലിയ വീണ്ടും വേദന ഭാവിക്കുന്നു.)

രവി:—എവിടെ വിരൽ കാണട്ടെ.

(പൊലിയ വിരൽ കാണിക്കുന്നു. വിരൽ മുറിഞ്ഞിട്ടില്ലെന്നു കണ്ടു് രവി ഇളിഭ്യതയോടെ നിൽക്കുന്നു. പൊലിയ കൈകൊട്ടി ചിരിക്കുന്നു.)

രവി:—അമ്പേ, ഞാനങ്ങു പേടിച്ചുപോയല്ലോ.

പൊലിയ:—കഷ്ടം ഇത്ര പേടിയൊള്ളവരെങ്ങനാ സമരം നടത്തുന്നതു്.

(രണ്ടുപേരും ചിരിക്കുന്നു.)

രവി:—ചാത്തനെവിടെ പോയിരിക്കയാണു്?

പൊലിയ:—രാവിലെ വേലയ്ക്കുപോയതാ.

രവി:—നേരം സന്ധ്യയായല്ലോ?

പൊലിയ:—എന്നും സന്ധ്യകഴിഞ്ഞേ വരുമ്പം.

രവി:—ഇന്നെവിടെയാണു ജോലി.

പൊലിയ:—എന്നും പടിക്കലേക്കാണു വേല. നേരം വെട്ടംവീഴുമ്പം പോകും. സന്ധ്യകഴീം വരുമ്പം.

രവി:—ഉച്ചയ്ക്കെന്തു കഴിക്കും?

പൊലിയ:—പടിക്കേന്നു കഞ്ഞിയൊണ്ടു്.

രവി:—എനിക്കു വിശക്കുന്നല്ലോ?

പൊലിയ:—ഞങ്ങളുതൊട്ടതു കഴിക്കുമോ?

രവി:—വിശപ്പുണ്ടെങ്കിൽ.

പൊലിയ:—വിശന്നാലും കഴിക്കാത്തവരൊണ്ടല്ലോ?

രവി:—അവരുടെ തലയ്ക്കു് ഓളമുണ്ടു്.

പൊലിയ:—ഇപ്പറേന്നവരുടെ തലയ്ക്കാന്നാ അവരു പറേന്നതു്.

രവി:—എനിക്കു തക്കിക്കാൻ വയ്യാ. വിശക്കുന്നു.

പൊലിയ:—കപ്പ ചുട്ടുതരാം.

രവി:—മറെറാന്നുമില്ലേ?

പൊലിയ:—നല്ല പച്ചവെള്ളമൊണ്ടു്.

രവി:—എന്നാൽ വേഗമാകട്ടെ.

(പൊലിയ കപ്പ പൊളിച്ചു് അടുപ്പിലിടുന്നു. വഴിയിൽ എമ്പക്കത്തിൻെറ ശബ്ദം കേൾക്കുന്നു.)

പൊലിയ:—പടിക്കലെ കാര്യസ്ഥനാ. ഷാപ്പീന്നു വരുന്ന വരവാ. ഇപ്പം കേക്കാമൊരു പൂരപ്പാട്ടു്. ഇന്നാളിവിടെ വന്നു കൊറെ കോപിച്ചു.

രവി:—എന്തിനു്?

പൊലിയ:—ഒരാഴ്ചയായി പടിക്കേന്നു കൂലി തന്നിട്ടു്. ഞങ്ങളു നാലുതേങ്ങാപറിച്ചു് അരി വാങ്ങിച്ചു. അയാളതു കണ്ടുപിടിച്ചു.

രവി:—ചോദിക്കാതെടുത്തതു തെററായിപ്പോയി.

പൊലിയ:—ചോദിച്ചാ കൊറെ തരും.

രവി:—ഉം എന്നിട്ടു്?

പൊലിയ:—അയാളൊരുപാടു ചീത്തവിളിച്ചു. എന്നെ തല്ലാൻ വന്നു. അപ്പോഴേക്കും അച്ചായൻ വന്നു. അയാളു വാലും മടക്കിപ്പോയി.

(കിട്ടുപിള്ള പ്രവേശിക്കുന്നു. ഒരു കീറത്തോർത്തു് തലയിൽ കെട്ടിയിരിക്കുന്നു. മൂക്കററം കുടിച്ചിട്ടുണ്ടു്.)

കിട്ടുപിള്ള:—പൊലിയക്കൊച്ചേ (ഒരു ശൃംഗാരച്ചിരി)

(രവിയെ കാണുന്നു. സൂക്ഷിച്ചു നോക്കുന്നു.)

അതാരാടാ അലക്കിത്തേച്ച ഷർട്ടുമിട്ടോണ്ടിരിക്കുന്നതു്?

പൊലിയ:—ഇങ്ങേരെന്തിനാ ഇതൊക്കെ അറീന്നതു്.

കിട്ടുപിള്ള:—ങ്ഢാ നീയാണോ? നീ ഇവിടേം വന്നോടാ തൊട്ടുകളിക്കാൻ.

രവി:—അതിനു്?

കിട്ടുപിള്ള:—അതിനോ? ഈ പുരേടത്തി കാലുകുത്തിയാലടിച്ചു നിൻെറ പല്ലെളക്കും. നീ മനുഷ്യരെ വഴിതെററിക്കാൻ നടക്കുവാ. അല്ലിയോ? ഫൂ നിൻെറയൊക്കെ യൂണിയൻ.

പൊലിയ:—വല്യേമ്പ്രാ കള്ളുകുടിച്ചിട്ടൊണ്ടെങ്കിലങ്ങു കെടക്കട്ടെ. പെലക്കുടീവന്നു ചീത്തയാകാതെ.

കിട്ടുപിള്ള:—ഛീ സന്ധ്യേന്നുമില്ല പെലകാലേന്നുമില്ല വല്ലോനേമെല്ലാം വിളിച്ചുകേററി..........,

പൊലിയ:—ഇയാളെന്തൊവാ പറഞ്ഞത്. നിൻെറ
യൊക്കെ വീട്ടിലാ സന്ധ്യക്കും, പെലകാലയ്ക്കും.
ങ്ങ് ആ ഞാൻ വല്ലോം പറേം. കേക്കെണ്ടായെ
ങ്കില് പൊയ്ക്കോ.

(ചാത്തൻ പ്രവേശിക്കുന്നു. തോർത്തുടുത്തിരിക്കുന്നു. ശരീരത്തി
ലെല്ലാം ചേറു പററിയിരിക്കുന്നു. തോളിലൊരു തൂമ്പാ. തലയിൽ
തൊപ്പിപ്പാള. തൂമ്പാ താഴെ വയ്ക്കുന്നു.)

ചാത്തൻ:—ആരോടാ പൊലിയേ നീ വഴക്കു പറേന്നത്?

പൊലിയ:—അല്ലച്ചായാ ദേ ഇയാള് മൂക്കററം കുടിച്ചും
വച്ചുവന്ന് ചീത്ത പറേന്നു.

(ചാത്തൻ കിട്ടുപിള്ളയെ രൂക്ഷമായി നോക്കുന്നു.)

കിട്ടുപിള്ള:—എന്താടാ നോക്കി ദഹിപ്പിക്കാൻ പോ
വാണോ?

ചാത്തൻ:—വല്യേമ്പ്രാനെന്താ വന്നത്?

കിട്ടുപിള്ള:—ഞാനിവനെ കണ്ടോണ്ടു കേറിയതാ.

പൊലിയ:—ഇവിടെ പലരും വരും. അതൊന്നും താന
ന്വേഷിക്കേണ്ടാ.

കിട്ടുപിള്ള:—എനിക്കൊന്നുമില്ല. പക്ഷേ ഈ പുരേട
ത്തിവച്ചു ഞാനിതൊന്നും സമ്മതിക്കത്തില്ല.

ചാത്തൻ:—ഏതൊന്നും?

കിട്ടുപിള്ള:—നിൻെറയൊക്കെയൂണിയൻ.

പൊലിയ:—ഇങ്ങേരു പോയാട്ടിരുട്ടുന്നേനമുമ്പ്.

കിട്ടുപിള്ള:—കിട്ടുൻെറ കൊക്കിന് ജീവനൊണ്ടെങ്കില്
ങ്ങ് ആ കാണിച്ചേക്കാമെടീ.

പൊലിയ:—ഓ ഇവിടത്തെ അരിവാള നെല്ല കൊയ്യാ ന്തന്നെയല്ല പറയുന്നത്?

(കിട്ടുപിള്ള പോകുന്നു.)

ചാത്തൻ:—സഖാവെപ്പം വന്നു?

രവി:—ഞാൻ കുറച്ചുനേരമായി വന്നിട്ട്.

(പൊലിയ കപ്പ് മുട്ട് കരികളഞ്ഞു് രണ്ടുപേക്കും കൊടുക്കുന്നു.)

ചാത്തൻ:—യൂണിയനകാര്യമെന്തൊക്കെയായി. കൂലികാ ര്യാം വല്ലോം തീരുമാനിച്ചോ?

രവി:—ഒന്നും തീരുമാനിച്ചില്ല. ഇപ്പോഴുള്ള കൂലിതന്നെ കുറയ്ക്കണമെന്നാണു കൃഷിക്കാർ പറയുന്നത്.

ചാത്തൻ:—അതെന്താണു്?

രവി:—കൃഷിക്കാരനിന്നു നഷ്ടമാണു്. വിളവുകൾക്കൊന്നും ശരിയായ വിലയില്ല. പാട്ടത്തിനു കുറവില്ല. വള ത്തിനു വിലക്കൂടുതലാണു്. മൂലധനവും, വിത്തു മില്ല.

ചാത്തൻ:—അതിന്നിപ്പം നമ്മളെന്തോ ചെയ്യും?

പൊലിയ:—അങ്ങാടീത്തോറ്റതിനമ്മേയോട്ട് വഴക്ക പറേ ന്നപോലാണിത്.

രവി:—അതുതന്നെയല്ല. കഷ്കത്തൊഴിലാളികളുടെ കൂലി കുറയ്ക്കുകയാണു് എളുപ്പമുള്ള മാർഗ്ഗം. വിളവു കൾക്ക ശരിയായ വില കിട്ടുവാനും, പാട്ടം കുറയ്ക്ക വാനും, കൃഷിക്കാരനു ഭൂമികിട്ടുവാനും മററും കർഷ കരൊന്നിച്ചുനിന്നു പ്രവത്തിക്കണം. ഇന്നു കൃഷി ക്കാക്ക സംഭവിക്കുന്ന തകച്ചയുടെ യഥാത്ഥകാരണം അവർ മനസ്സിലാക്കുന്നില്ല.

ചാത്തൻ:—അപ്പോളിവരു കൂലികൊറച്ചാലു് നമ്മളെന്തോചെയ്യും? ഇപ്പംതന്നെ നേരത്തിനും കാലത്തിനും കൂലി കിട്ടത്തില്ല. ചോദിച്ചാൽ തല്ലാനും വരും.

രവി:—കൃഷിക്കാരുടെ പ്രസ്ഥാനം ശക്തിപ്പെടുത്തണം. അവരെ ഈ കുഴപ്പങ്ങളെല്ലാം ശരിയായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ചാത്തൻ:—നമ്മുടെ യൂണിയനോടവക്കു വല്യ വിരോധമാണല്ലോ? അതെന്താ?

രവി:—തങ്ങളും ജന്മികളാണെന്നുള്ള തെററായ ബോധത്തിലാണു് ഇപ്പോഴും ഇവിടുത്തെ ഇടത്തരം കൃഷിക്കാർ ജീവിക്കുന്നതു്. അതുകൊണ്ടു കർഷകത്തൊഴിലാളിയൂണിയനെന്നു പറഞ്ഞാൽ അവർക്കെതിരായിട്ടുള്ള ഒരു പ്രസ്ഥാനമായി ധരിക്കുന്നു.

ചാത്തൻ:—അപ്പോളിതെങ്ങനെ മാറും?

പൊലിയ:—ചൊണയൊള്ള പെങ്കൊച്ചുങ്ങളൊണ്ടെങ്കിലിതൊക്കെ മാറും.

രവി:—അങ്ങനെയൊരു പുതിയ ചരിത്രം സൃഷ്ടിക്കുകയാണു് നമ്മുടെ ആവശ്യം.

ചാത്തൻ:—എന്നാൽ സംസാരിക്കു്, ഞാനൊന്നു മേലു കഴുകീട്ടു വരട്ടെ.

രവി:—ഞാനിറങ്ങുകയാണു്. എനിക്കാശങ്കവാശാനെ ഒന്നു കാണണം.

ചാത്തൻ:—എന്താ കാര്യം?

രവി:—അയാളുടെ പുരയിടം ശങ്കരപ്പിള്ളയ്ക്കോററി കൊടുത്തെന്നു കേട്ടു. അതിൻെറ ചരിത്രമൊന്നറിയണം.

ചാത്തൻ:—അതൊാേ്വാ? അയ്യോ അതെന്തൊരു കടുങ്കയ്യായിപ്പോയി.

രവി:—അതാണിവിടുത്തെ കൃഷിക്കാരൻെറ നില. എന്നാൽ ഞാനിറങ്ങട്ടെ. ചാത്തൻ വേഗം വന്നേക്കണം.

ചാത്തൻ:—ഞാനിതാ ഒരു ഞൊടിക്കുള്ളിൽ വന്നേക്കാം

പൊലിയ:—ഞാനും വരണോ?

രവി:—പൊലിയക്കൂടി വരുന്നതു നല്ലതാണ്. പുളിമിറ്റത്തു ശങ്കരപ്പിള്ളയും മററും അടുത്ത കൊയ്ത്തിനു കൂലികുറയ്ക്കുന്നെന്നു കേട്ടു. അതേപ്പററിയെല്ലാം ഇന്നു ചർച്ച ചെയ്യേണ്ടതുണ്ട്.

പൊലിയ:—വേറെ വല്ല പെണ്ണുങ്ങളും കാണുമോ?

രവി:—പലരോടും പറഞ്ഞിട്ടുണ്ട്.

(രവി പോകുന്നു.)

ചാത്തൻ:—വെളിച്ചെണ്ണയൊണ്ടേല് കൊറച്ചിങ്ങു താ കൊച്ചേ.

പൊലിയ:—അയ്യോ ഒരു തൊള്ളിപോലുമില്ല.

ചാത്തൻ:—ങ്ഹ് അ്യ എന്നാ വേണ്ടാ.

(കർട്ടൻ)

# രംഗം ആറ്.

(ശങ്കുവാശാന്റെ തെങ്ങിൻ തോപ്പ്. ശാരദ നിലത്തിരിക്കുന്നു. പുസ്തകം നിവർത്തിപ്പിടിച്ചിരിക്കുന്നു. പക്ഷേ വായിക്കുന്നില്ല. ഗോപി പ്രവേശിക്കുന്നു.)

ഗോപി:—ശാരദ വായിക്കയോണോ? അതോ ആലോചിക്കയാണോ?

ശാരദ:—വായിച്ചിട്ട് ആലോചിക്കയാണ്.

ഗോപി:—ഇത്രമാത്രം ആലോചിക്കാനെന്തിരിക്കുന്നു?

ശാരദ:—ആലോചിക്കാനില്ലാത്തതെന്താണ്?

ഗോപി:—അതിരിക്കട്ടെ, ഞാനൊരു കാര്യം ചോദിച്ചാൽ ശാരദ സത്യം പറയുമോ?

ശാരദ:—ഞാനിതുവരെ കള്ളം പറഞ്ഞിട്ടില്ല.

ഗോപി:—ശാരദ ആരെയെങ്കിലും........

ശാരദ:—ബാക്കികൂടി.

ഗോപി:—സ്നേഹിക്കുന്നുണ്ടോ?

ശാരദ:—ഉണ്ട്.

ഗോപി:—ആ ഭാഗ്യവാൻ ആരാണ്?

ശാരദ:—രണ്ടു നിർഭാഗ്യർ.

ഗോപി:—രണ്ടുപേരോ?

ശാരദ:—അതേ. എന്റെ അച്ഛനുമമ്മയും.

ഗോപി:—അതല്ല.

ശാരദ:—പിന്നെ?

ഗോപി:—ശാരദ ആരെയെങ്കിലും പ്രേമിക്കുന്നുണ്ടോ യെന്നു്.

ശാരദ:—എന്താണീപ്രേമം?

ഗോപി:—രണ്ടുപേർ തമ്മിലുള്ള പരസ്പരാകർഷണത്തിൽ നിന്നും ഉയിരെടുക്കുന്ന വികാരനിർഭരമായ ഹൃദ യൈക്യം.

ശാരദ:—അതു കാമമാണു്. പ്രേമം പുസ്തകത്തിലും, വാക്കുകളിലും മാത്രം. പ്രായോഗികതയുമായി അ തിനു ബന്ധമില്ല.

ഗോപി:—ശാരദ ഒരു ഫിലോസഫറും കൂടിയാണോ?

ശാരദ:—അതിനങ്ങനെയാണു പേരെങ്കിൽ ഇട്ടുകൊള്ളൂ.

ഗോപി:—ഞാൻ ശാരദയെ സ്നേഹിക്കുന്നു.

ശാരദ:—അതിനു് എന്റെ അനുവാദം വേണ്ടല്ലോ?

ഗോപി:—തീർച്ചയായും. എന്റെ ജീവിതലക്ഷ്യമാണു ശാരദ.

ശാരദ:—ഇതെന്നുമുതൽ തുടങ്ങി.

ഗോപി:—ശാരദയെ കണ്ടനാൾ മുതൽ. നമ്മൾ ഒരു മിച്ചു കളിച്ചു നടന്ന ആ പഴയകാലങ്ങളൊന്നോ ർമ്മിച്ചു നോക്കൂ.

ശാരദ:—കഴിഞ്ഞ കാലത്തിന്റെ ശവക്കുഴി മാന്തിയി ട്ടെന്തു പ്രയോജനം?

ഗോപി:—കഴിഞ്ഞ കാലത്തിന്റെ അടിത്തറയിൽ നിന്നു കൊണ്ടു് ഭാവിക്കു രൂപം കൊടുക്കുവാൻ,

ശാരദ:—ഗോപീ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു. ഹൃദയത്തിന്റെ കോണിൽനിന്നും അങ്ങയുടെ രൂപം മറയുകയില്ല. പക്ഷേ........

ഗോപി:—എന്താണു പക്ഷേ—; പറയൂ ശാരദേ.

ശാരദ:—നമ്മുടെ ഹൃദയബന്ധവും ജീവിതവുമായി പൊരുത്തപ്പെടുകയില്ല.

ഗോപി:—കാരണം?

ശാരദ:—സാമ്പത്തിക ബന്ധങ്ങളുടെ ഏററക്കുറച്ചിൽ.

ഗോപി:—പണം മനുഷ്യൻ സൃഷ്ടിക്കുന്നതാണ്.

ശാരദ:—മനുഷ്യനെ നശിപ്പിക്കാൻ. നാം പറയുന്ന സ്നേഹത്തിനൊന്നും പ്രായോഗിക ജീവിതത്തിൽ സ്ഥാനമില്ല.

ഗോപി:—സ്നേഹം ജീവിതത്തെ ഒരു മഴവില്ലാക്കി മാററുന്നു. തികച്ചും മനോഹരമായത്.

ശാരദ:—അതു ക്ഷണികമാണ്. അതിനു പുറകേ കൊടുങ്കാററുണ്ട്. ഇടിയും, മിന്നലും, മഴയുമുണ്ട്. നമ്മെ ഭയപ്പെടുത്തുന്നതു്.

ഗോപി:—ആ നില നമുക്കു മാററണം.

ശാരദ:—നമ്മെ ഭ്രാന്തരെന്നു ലോകം മുദ്രയടിക്കും. നമ്മുടെ ജീവിതത്തിൻെറ കൊച്ചരുവി ഒരു തീപ്പുഴയാക്കി സമുദായം മാററും.

ഗോപി:—സമുദായത്തിനിതിലെന്തു കാര്യം?

ശാരദ:—സമുദായത്തിലെ രണ്ടു കണ്ണികളാണു നമ്മൾ.

ഗോപി:—ശാരി!

ശാരദ:—ഗോപീ!

(ദൂരെനിന്നും ആശാന്റെ ചുമ കേൾക്കുന്നു. ശാരദ പരിഭ്രമത്തോടെ)

ശാരദ:—അതാ അച്ഛൻ വരുന്നു.

(ആശാൻ അകലെ നിന്നും ഉച്ചത്തിൽ)

ആശാൻ:—എടീ ശാരദേ.

ശാരദ:—എന്താ.

ആശാൻ:—നീ അവിടെന്തൊ എടുക്കുവാ കൊച്ചേ. ഈ പാക്ക തേങ്ങാ വീണുകെടക്കുന്നതു കണ്ടില്ലിയോ? ആ പുളിമിററത്തേയ്ക്കു കൊട്ടക്കാനൊണക്കി നിരത്തീരുന്നതാ.

ശാരദ:—അതിനിപ്പോൾ തെങ്ങിന്റെ മൂട്ടിൽ പോയിരിക്കാനൊക്കുമോ?

ആശാൻ:—വേണ്ടാ ഇരിക്കെണ്ടാ. എല്ലാം കൊഴിഞ്ഞു പോട്ടെ. ഒണ്ടെങ്കില് നെനക്കൊക്കെത്തന്നെ കൊള്ളാം.

ശാരദ:—(ഗോപിയോട്) അങ്ങു പോകണം.

(ഗോപി പോകുന്നു.)

(കർട്ടൻ)

# രംഗം ഏഴ്

(ആശാന്റെ വീട്. തിണ്ണയ്ക്കൊരു നിലവിളക്ക് മങ്ങികത്തി കൊണ്ടിരിക്കുന്നു. ലക്ഷ്മിയമ്മ നാമം ജപിക്കുന്നു. ശാരദ മുറിക്കക ത്തിരുന്നു രാമായണം വായിക്കുന്നു. ആശാൻ വടിയൂന്നി പ്രവേശി ക്കുന്നു. ക്ഷീണിച്ച മുഖം. ചാരുകസേരയിലിരിക്കുന്നു. തോളത്തുമുണ്ടെ ടുത്തു വീശുന്നു.)

ആശാൻ:—കൊറെക്കഞ്ഞിവെള്ളമിങ്ങു കൊണ്ടുവാടീ.

(ലക്ഷ്മിഅമ്മ അകത്തേക്കു പോകുന്നു.)

ആരാടീപെണ്ണേ ആ തെങ്ങിൻതോപ്പിക്കൂടിപ്പം പോയത്.

ശാരദ:—(അകത്തുനിന്നും) ആ പുളിമിററത്തെ ഗോപിയാ ണപ്പാ.

ആശാൻ:—ഈ സന്ധ്യയ്ക്കെന്തിനാ അവൻ വന്നത്?

ശാരദ:—ആ ! കണ്ടത്തിലെങ്ങാണ്ടു നോക്കാനോ മറേറാ ആയിരിക്കും.

ആശാൻ:—(അർദ്ധഗർഭമായി) ഉം

(ലക്ഷ്മിയമ്മ വെള്ളവുമായി പ്രവേശിക്കുന്നു. ആശാൻ ആർത്തി യോടെ വെള്ളം കുടിക്കുന്നു. ഒരിറക്കു കുടിച്ചുകഴിഞ്ഞു്)

ആശാൻ:—ഇതിനകത്തിത്തിരി ഉപ്പൊഴിക്കാൻ വയ്യാരു ന്നോടീ.

ലക്ഷ്മിയമ്മ:—ഉപ്പൊരു തൊള്ളിപോലുമില്ല.

ആശാൻ:—ഇവിടെ പിന്നെന്തൊവാ കാണുന്നത്? എ പ്പൊഴും ഇല്ലേ ഇല്ലേന്നു പറയാനേ നേരമൊള്ളല്ലോ?

ലക്ഷ്മിഅമ്മ:—ഇന്നാലെയല്ലിയോ അരയണക്കുപ്പു വാങ്ങി ച്ചത്?

ആശാൻ:—നെനക്കങ്ങോട്ടു ചാക്കുകണക്കിനു വാങ്ങിക്കാൻ വയ്യാരുന്നോ? ഞാനെവിടെപ്പോമിതിനെല്ലാം?

ലക്ഷ്മിയമ്മ:—എങ്ങും പോണമെന്നു ഞാൻ പറഞ്ഞില്ലല്ലോ? ഒള്ളതുകൊണ്ടു കഴിയണം.

(ആശൻ ബാക്കി വെള്ളം കുടിക്കുന്നു. തോർത്തുകൊണ്ടു മുഖം തുടക്കുന്നു. മടയിൽനിന്നും ഒരു കടലാസുപൊതിയെടുത്തു് ലക്ഷ്മിഅമ്മയെ ഏല്പിക്കുന്നു.

ലക്ഷ്മിയമ്മ:—ഇതെന്തൊവാ?

ആശാൻ:—പെണ്ണിന്റെ ഫീസ്സ്.

ലക്ഷ്മിഅമ്മ:—ഇതെവിടെ കിട്ടി?

ആശാൻ:—ആ പുളിമിററത്തെ ശങ്കരപ്പിള്ളയോടു കൈവാഴ്പ എടുത്തതാ.

ലക്ഷ്മിഅമ്മ:—അങ്ങേരു തന്നോ?

ആശാൻ:—തന്നിട്ടല്ലിയോ നിന്നെ ഏല്പിച്ചതു്? ഞാൻ ചിട്ടി പിടിക്കാമെന്നുവെച്ചു ചെന്നതാ. അപ്പൊഴങ്ങേരു പറഞ്ഞു ഇപ്പം ചിട്ടി പിടിക്കുന്നതു നഷ്ടമാണെന്നു്. സംഗതി ശരിമാണു്. പിന്നെ ഞാൻ ചോദിച്ചിട്ടൊന്നുമല്ല എന്റെ പ്രയാസംകണ്ടു് അങ്ങേരു കൊറെ കടം തരാമെന്നു പറഞ്ഞു. ചിട്ടി പിടിച്ചിട്ടു് തിരിച്ചു കൊടുത്താമതി.

ലക്ഷ്മിഅമ്മ:—പലിശയെന്തൊവാ?

ആശാൻ:—ഓ പലിശയൊന്നുമില്ല. ഒരു ചെറിയ രേഖയൊണ്ടാക്കിക്കൊടുത്തു.

ലക്ഷ്മിയമ്മ:—എന്തോ രേഖയാ?

ആശാൻ:—ഈ വസ്തു ഒററികൊടുത്തു.

ലക്ഷ്മിഅമ്മ:—അയ്യോ ഇന്നി നമ്മളെന്തോ ചെയ്യും? ആകെയൊള്ള സമ്പാദ്യം ഈ അമ്പതേഴസെൻറാരുന്നല്ലോ?

ആശാൻ:—അതിനെന്താ? ഇതൊരു രേഖേന്ന മാത്രമല്ലേയൊള്ളു. പണമെടപെട്ട കാര്യമല്ലിയോ? പിന്നങ്ങേരിവിടാദായമെടുക്കാനൊന്നും വരത്തില്ല. നമുക്കതന്നെ ഇവിടെ താമസിക്കാം. ആദായോമെടുക്കാം. ചിട്ടിപിടിച്ചു പണം കൊടുത്താൽ പ്രമാണമിങ്ങതിരിച്ചു തരും.

ലക്ഷ്മിയമ്മ:—എത്ര രൂപായിക്കാ കൊടുത്തതു്?

ആശാൻ:—നൂറു രൂപക്കു്. അമ്പതു രൊക്കോം. അമ്പതു പാട്ടക്കുടിശ്ശികേം.

ലക്ഷ്മിയമ്മ:—എങ്കിലുമെന്നോടൊരുവാക്കു ചോദിച്ചില്ലല്ലോ?

ആശാൻ:—എടാ അതിനവല്ലോം നേരമൊണ്ടാരുന്നോ? ഇതെല്ലാം മെടിപിടീന്നങ്ങു നടന്നതല്ലിയോ? പെണ്ണിനു നാളെ ഫീസുകൊടുക്കണ്ടായോ? ഇവിടാലോചിച്ചോണ്ടിരുന്നാ മതിയോ?

ലക്ഷ്മിയമ്മ:—എന്നാലും ചുരുണ്ടുകൂടി കെടക്കാനൊള്ളതു പണയപ്പെട്ടുത്തിയതു കടുങ്കയ്യായിപ്പോയി.

ആശാൻ:—അല്ലാതെന്തോചെയ്യും? അഞ്ചാറു കരിമ്പൊള്ളതിനു വളമിട്ടുകെളയ്ക്കാറായി. വല്ലോരും കണ്ടാലെന്തോ പറേം. അങ്ങോട്ടെറക്കിയെങ്കിലേ വല്ലോമിങ്ങോട്ടും കിട്ടൂ. അഞ്ചാറുവിത്തിട്ടിരിക്കുന്നേന

വളമിട്ടു കെളയ്ക്കാറായി. അതു കാണുമ്പോഴെന്റെ നെഞ്ചു പൊട്ടുകാ.

ലക്ഷ്മിയമ്മ:—എന്തിനാ ഇങ്ങനെ കെടപ്പാടം വിററു ചെയ്യുന്നതു്?

ആശാൻ:—നീ ഒന്നുമറിയേണ്ടാ. ഒരു കൊഴപ്പോമില്ലെന്നറിഞ്ഞോണ്ടല്ലിയോ ഞാനിതു ചെയ്യുത്.

ലക്ഷ്മിയമ്മ:—കൊഴപ്പമൊന്നുമില്ലാതിരുന്നാ മതിയാരുന്നു. അങ്ങേരു വല്ലാത്ത മനുഷ്യനാ. അററത്ത കൈയ്ക്കുപ്പു തേയ്ക്കുന്നോനല്ല.

ആശാൻ:—പോടീ നെനക്കവല്ലോമറിയാമോ?

ലക്ഷ്മിഅമ്മ:—എന്തു പറഞ്ഞാലുമെനിക്കൊന്നുമറിഞ്ഞുകൂടാ.

ആശാൻ:—ങ്് അ നീ ഒന്നുമറിയെണ്ടാ. നീ ആവെള്ളമൊന്നനത്തു്. ഞാനൊന്നു മേലുകഴുകട്ടെ.

(ലക്ഷ്മിയമ്മ അകത്തേയ്ക്കു പോകുന്നു.)

നാരായണാ! കൊഴപ്പമൊന്നും വരുത്തല്ലേ.

(രവി മുററത്തുവന്നു നിൽക്കുന്നു.)

ആശാൻ:—ആരാ അതു്.

രവി:—ഞാനാണാശാനെ.

ആശാൻ:—ഞാനൊന്നു പറഞ്ഞാൽ.........

രവി:—ആശാനെന്നെ മനസ്സിലായില്ലേ?

ആശാൻ:—ഡെടാ അതുകൊണ്ടല്ലിയോ ചോദിച്ചതു്. ഈയിടെ സന്ധ്യയായാപ്പിന്നെ കണ്ണിനൊരു മയക്കം.

രവി:—രവിയാണ്.

ആശാൻ:—ങ്ഹ് അഹാ നീയാണോ? എന്നാപ്പിന്നിത്ര നേരത്തെ പറയരുതാരുന്നോ? എന്തിനാ നീ മിറ്റത്തുനില്ക്കുന്നെ. മഞ്ഞുകാലമാ പനിയോ മറേറാ പിടിക്കും. ഇങ്ങോട്ടു കേറിയിരിയ്ക്കു്.

(രവി ബെഞ്ചിലിരിക്കാൻ തുടങ്ങുന്നു.

ആശാൻ:—ങ്ഹ് ഏ്യ സൂക്ഷിച്ചിരിക്കണേ.

(രവി എഴുനേൽക്കുന്നു.)

ഇരുന്നോ സൂക്ഷിക്കണമെന്നേയൊള്ളു. അതിൻെറ കാലൊടിഞ്ഞതാ.

(രവി ബെഞ്ചിലിരിക്കുന്നു.)

ആശാൻ:—നീ എന്തിനാപ്പിള്ളേ വന്നതു്?

രവി:—ഞാനൊരു കാര്യം കേട്ടു അതു വാസ്തവമാണോന്നറിയാൻ വന്നതാണ്.

ആശാൻ:—എന്താ കാര്യം?

രവി:—ഈ വസ്തു പണയംമെഴുതിയെന്ന്.

ആശാൻ:—ഇതാരു പറഞ്ഞു നിന്നോടു്.

രവി:—പലരും പറഞ്ഞു. എന്താ സംഗതി വാസ്തവമല്ലേ?

ആശാൻ:—സംഗതി വാസ്തവമാണ്. എന്നാലും ഞാനിങ്ങോട്ടു വന്നുകേറിയില്ലല്ലോ? അതിനുമുമ്പേ ഇതങ്ങു പരസ്യമായോ?

രവി:—ആശാൻ ദേഷ്യപ്പെടരുതു്. എത്ര രൂപയ്ക്കാ പണയം?

ആശാൻ:—പിള്ള എന്തിനാ ഇതൊക്കെ അറീന്നത്.

രവി:—ആശാന്റെ പ്രവൃത്തി ബുദ്ധിപൂർവ്വമല്ലെന്നാണെനിക്കു തോന്നുന്നതു്.

ആശാൻ:—പിന്നിയാളാണിനീമെന്നെ ബുദ്ധി പഠിപ്പിക്കാൻ വന്നിരിക്കുന്നതു്.

രവി:—ഞാനാശാനെ ബുദ്ധി ഉപദേശിക്കാൻ വന്നതല്ല.

ആശാൻ:—പിന്നെ?

രവി:—ആശാനു സ്വന്തമായി ഈ അൻപത്തേഴ സെന്റല്ലേ ഉണ്ടായിരുന്നുള്ളൂ.

ആശാൻ:—ഇപ്പൊഴുമിതെന്റെ സൊന്തമാണു്.

രവി:—പിന്നെ പണയമെഴുതിയതു്?

ആശാൻ:—അതുകൊണ്ടെന്താ അത്യാവശ്യത്തിനു കൊറെ രൂപാ കടംവാങ്ങി. അതിനെന്തെങ്കിലും രേഖ വേണ്ടേ.

രവി:—അതാണാശാനു പററിയ ബുദ്ധിമോശം.

ആശാൻ:—ആശാനിതൊക്കെ കൊറെ കണ്ടതാപിള്ളേ.

രവി:—എങ്കിലിതു ചെയ്യുകയില്ലായിരുന്നു.

ആശാൻ:—എന്തോന്നു ചെയ്യേന്നാപിള്ളേ? എനിക്കൊരു ചിട്ടിയൊണ്ടു്. അതു പിടിച്ചു കടംവീട്ടും. അല്ലെങ്കിൽ കരിമ്പുവെട്ടി വിററു കടം വീട്ടും.

രവി:—ആശാന്റെയും, ആശാനേപ്പോലുള്ളവരുടേയും ഇന്നത്തെ നില എന്തെന്നു് ആശാനറിയുന്നില്ല.

ആശാൻ:—എല്ലാമെനിക്കറിയാം.

രവി:—എന്നു ഭാവിക്കയൊണു്. ഈ തൈത്തെങ്ങുകൾ ആശാൻ വെച്ചതല്ലേ?

ആശാൻ:—അതേടാ. ഈ തുരുമ്പുപിടിച്ച പരുത്ത കൈകൊണ്ടു വെച്ചതാണീതെങ്ങെല്ലാം. എല്ലാം കൊടംവന്നു പൂത്തു് ചൊമന്നകരിക്കിൻ കൊലേം തൂങ്ങി നിൽക്കുന്നതു കണ്ടോ? എന്റെ ശാരിയെ വളത്താൻ ഞാനിത്രേം ബുദ്ധിമുട്ടീട്ടില്ല. ഈ പുരേടം എന്റെ കയ്യിൽ കിട്ടിയപ്പം പാറപോലിരുന്നു. ഇപ്പൊഴീ മണ്ണിന്റെ നെറം നീകണ്ടോ?

രവി:—ഇതന്യായമായി കൈവിട്ടു പോകുന്നതാശാനിഷ്ടമാണോ?

ആശാൻ:—അന്നു ഞാൻ മരിക്കുമെടാ മരിക്കും.

രവി:—എന്നാൽ ഈ പൊന്നുവിളയുന്ന മണ്ണു് അപഹരിക്കുവാനുള്ള ഒരു ഗൃദ്ധാലോചനയുടെ കെണിയിൽ ആശാൻ വീണിരിക്കുകയാണു്.

ആശാൻ:—നിങ്ങളൊക്കെ മീശകുരുക്കാത്ത പിള്ളേരല്ലേ പിള്ളേ. നിങ്ങക്കൊന്നുമാണുങ്ങളെ തിരിച്ചറിയാൻ വയ്യാ. പുളിമിററത്തു ശങ്കരപ്പിള്ള തറവാട്ടുകാരനാ, തറവാട്ടുകാരൻ. അങ്ങേരെന്നെ ദ്രോഹിക്കത്തില്ല.

രവി:—കുറച്ചു കഴിയുമ്പോൾ ആശാനു മനസ്സിലാകും.

ആശാൻ:—അങ്ങേരു ചെയ്ത ഉപകാരം.

രവി:—എന്നിപ്പോൾ തോന്നും. പക്ഷെ മനസ്സിലായി ക്കഴിയുമ്പൊഴേക്കും വസ്തു അന്യാധീനപ്പെട്ടുകഴിയും.

ആശാൻ:—നേരമിരുട്ടുവാ പിള്ള ചെല്ലു്. ഞാനൊന്നു മേലുകഴുകട്ടെ.

രവി:—ഞാൻ പോയേക്കാം. പക്ഷേ ആശാനേപ്പോലുള്ള കൃഷിക്കാരുടെ ഉള്ള ഭൂമികൂടി ജന്മിത്വം വിഴുങ്ങുകയാണു്. അതറിയാതിരിക്കുന്നതപകടമാണു്.

ആശാൻ:—(കാക്കിച്ചു തുപ്പിക്കൊണ്ടു്) ഫൂ! നീയാണോടാ ഇനീമെനിക്കു വസ്തു സമ്പാദിച്ചു തരാൻ പോണതു്. എടാ ഞാനെന്റെ സൊന്തം കാലിലിതുവരെനിന്നു. ഈ മണ്ണിൽ മററൊരുത്തൻ കാലുകുത്തുകേല്ലെടാ. എന്റെ ചോരക്കു ചൂടൊള്ളടത്തോളം.

രവി:—ആശാനൊററക്കു നിന്നാലതു പററുകേല്ല.

ആശാൻ:—പിന്നാരു വേണമെൻറക്കൂടെ?

രവി:—ആശാനേപ്പോലുള്ള കൃഷിക്കാരും, തൊഴിലാളികളുമെല്ലാം ഒന്നിച്ചു നില്ക്കണം.

ആശാൻ:—ഞാനിനി കണ്ടോന്റെയെല്ലാം പൊറകേ നടക്കാൻ പോവല്ലിയോ ഈ വയസ്സു കാലത്തു്.

രവി:—ആശാനാരുടേയും പുറകേ നടക്കേണ്ടാ.

ആശാൻ:—പിന്നെ?

ലക്ഷ്മിഅമ്മ:—(അകത്തുനിന്നു) വെള്ളം ചൂടായി. മേലുകഴകീട്ടാട്ടെ വർത്തമാനം.

ആശാൻ:—ങ്് ഉൗം വരുന്നു.

രവി:—ആശാൻെറ പുറകേ എല്ലാവരും വരും.

ആശാൻ:—വേണ്ടാ ഞാനൊററക്കുമതി.

രവി:—ആശാൻെറ ഇഷ്ടം.

ആശാൻ:—അതേടാ എൻറിഷ്ടംപോലെ ഇതുവരെ കഴിഞ്ഞു. ഇനീമങ്ങനെതന്നെ കഴീം.

(രവി നടന്നുമറിയുന്നു. ശാരദ പ്രവേശിക്കുന്നു.)

ശാരദ:—അച്ഛാ! വെള്ളം ചൂടായി.

ആശാൻ:—ങ്ദ് ഉൗം വരുന്നു.

ശാരദ:—ആരോടാ അച്ഛൻ സംസാരിക്കുന്നതു കേട്ടതു്?

ആശാൻ:—ഇല്ല—ആ ചെറുക്കൻ.

ശാരദ:—ഏതു ചെറുക്കൻ?

ആശാൻ:—ആ എന്തോന്നാണോ പേരു്. ങ്ദ്അ രവി; രവി.

ശാരദ:—എന്തിനാണയാൾ വന്നതു്?

ആശാൻ:—നീ അങ്ങോട്ടുപോയി ചോദിക്കു്. അവനൊക്കെ എന്നെ ഉപദേശിക്കാൻ നടക്കുവാ.

ശാരദ:—വെള്ളം തണുത്തുപോകും. അച്ഛൻ കുളിച്ചാട്ടെ.

ആശാൻ:—ങ്ദ്അ മറന്നുപോയി.

(ആശാനും ശാരദയും അകത്തേയ്ക്കു പോകുന്നു.)

(കർട്ടൻ)

# രംഗം എട്ട്

(പുളിമിററത്തു ശങ്കരപ്പിള്ളയുടെ വീട്ട്. സമയം പ്രഭാതം. ഗോപി പൂമുഖത്തൊരു കസേരയിലിരുന്നു പത്രം വായിക്കുന്നു. കിട്ടു പിള്ള ഓടിക്കിതച്ചു പ്രവേശിക്കുന്നു.)

കിട്ടുപിള്ള:—കുഞ്ഞേ വല്ല്യങ്ങുന്നെന്തിയേ.

ഗോപി:—അച്ഛനകത്തുകാണും. എന്താ ചേട്ടാ വിശേഷം?

കിട്ടുപിള്ള:—ഓ എന്തോ പറയാനാ. തിന്നുന്ന ചോറിനു പ്പില്ലാത്ത കൂട്ടം. ങ്ഹും അവൻെറയൊക്കെ യൂണിയൻ.

ഗോപി:—ഉം എന്തു പററി?

ശങ്കരപ്പിള്ള:—(അകത്തുനിന്നും) അതാരാടാ കിട്ടുവാന്നോ?

കിട്ടുപിള്ള:—ആന്നേ.

(ശങ്കരപ്പിള്ള പ്രവേശിക്കുന്നു.)

ശങ്കരപ്പിള്ള:—എന്താടാ വിശേഷം?

കിട്ടുപിള്ള:—അവന്മാരു പറ്റിച്ചുകളഞ്ഞല്ലോ അങ്ങുന്നേ.

ശങ്കരപ്പിള്ള:—എന്തോ പററിച്ചെന്നാടാ.

കിട്ടുപിള്ള:—സവ്വത്ര കൊഴപ്പം.

ശങ്കരപ്പിള്ള:—ഛേ എന്തോന്നാടാ കാര്യം പറ!

കിട്ടുപിള്ള:—അവന്മാരു കൊയ്യാനെറങ്ങത്തില്ല.

ശങ്കരപ്പിള്ള:—ഉം കാര്യം?

കിട്ടുപിള്ള:—അവക്കിവിടുന്നു പറഞ്ഞ കൂലി വേണ്ടാ. പതിവൊള്ളപോലെ കൊടുക്കണം. അതും കച്ചി ചെത്തുന്നതിനു പ്രത്യേകം കൂലി കൊടുക്കണം.

ശങ്കരപ്പിള്ള:—വേറെയാരുമില്ലേ കൊയ്യാൻ?

കിട്ടുപിള്ള:—രണ്ടുമൂന്നുപേരു കൊയ്യാനെറങ്ങി. അവരെ ഇവന്മാരു തടഞ്ഞു കളഞ്ഞു.

ശങ്കരപ്പിള്ള:—ഛീ കഴുതേ! നീ പിന്നിങ്ങോട്ടോടി വന്നതു്? ഇവിട്ടത്തെ പെലേരെന്തിയേ?

കിട്ടുപിള്ള:—അവരുമവിടൊണ്ടു്.

ശങ്കരപ്പിള്ള:—അവരും കൊയ്യത്തില്ലിയോ?

കിട്ടുപിള്ള:—അവക്കാ കൂട്ടുതലുദേഷ്യം.

ശങ്കരപ്പിള്ള:—ചാത്തനില്ലേ?

കിട്ടുപിള്ള:—അവനാ നേതാവു്. അവൻെറ പെങ്ങളു കൊച്ചു് ആ പെണ്ണുങ്ങളെയെല്ലാം തടഞ്ഞു നിറുത്തീരിക്കുവാ.

ശങ്കരപ്പിള്ള:—നിൻെറ കൈയ്ക്കു് എല്ലില്ലാരുന്നോ?

കിട്ടുപിള്ള:—ആ കറത്ത പടേടെ നടുക്കു് ഈ എല്ലു പിടിച്ചു ഞാനെന്തോ ചെയ്യാനാ.

ഗോപി:—അച്ഛാ അവക്കു പതിവുള്ള കൂലി കൊടുക്കരുതോ? എന്തിനാണീവഴക്കുണ്ടാക്കുന്നതു്.

ശങ്കരപ്പിള്ള:—ഫ; അധികപ്രസംഗീ. പോടാ അകത്തു്. നിൻെറ കാലത്തു് അതൊക്കെ ചെയ്യുമെടാ. ഇവനെയൊക്കെ നെലയ്ക്കു നിറുത്തിയില്ലെങ്കിൽ തലയിൽ കേറിയിരുന്നു നെരങ്ങും. ഞാനെത്ര കഷ്ടപ്പെട്ടു സമ്പാദിച്ചതാണീസ്വത്തെന്നറിയാമോ? അതിങ്ങനെ കണ്ടവരു പറേന്നം, പെലേനുമൊന്നും തിന്നാനൊള്ളതല്ല.

ഗോപി:—ഇതുകൊണ്ടു നമുക്കെന്തു കുറവു വരാനാണു്.

ശങ്കരപ്പിള്ള:—പോടാ, എന്റെ മുമ്പീന്നു്; എടാ പോകാൻ പറഞ്ഞാൽ.

(ഗോപി അകത്തേക്കു പോകുന്നു)

ഫോ അയാളൊരു പുതിയ കാർണവരു്. (കിട്ടുവിനോടു്) എടാ ആ വടിയിങ്ങെടുക്കു്, ഞാനും വരാം. ഇവന്റെയൊക്കെ അഹങ്കാരം ഞാൻ തീർത്തേക്കാം. (കിട്ടുപിള്ള വടിയെടുത്തു കൊടുക്കുന്നു. രണ്ടുപേരും പോകുന്നു.)

(കർട്ടൻ)

---

## രംഗം ഒൻപതു്.

(ശങ്കരപ്പിള്ളയുടെ വയൽ. ചാത്തനും, പൊലിയയും വരമ്പിലിരിക്കുന്നു. കിട്ടുപിള്ളയും, ശങ്കരപ്പിള്ളയും പ്രവേശിക്കുന്നു.)

ശങ്കരപ്പിള്ള:—അതാരാടാ ചാത്തനാണോ ഇരിക്കുന്നതു്?

ചാത്തൻ:—അതെ.

ശങ്കരപ്പിള്ള:—എന്താടാ കൊയ്യാനെറങ്ങാത്തതു്?

ചാത്തൻ:—കൊയ്യാൻ വെഷമമൊന്നുമില്ല.

ശങ്കരപ്പിള്ള:—പിന്നെന്തോന്നിനാവെഷമം?

ചാത്തൻ:—പതിവൊള്ള കൂലികിട്ടണം.

ശങ്കരപ്പിള്ള:—പിന്നെ?

ചാത്തൻ:—കച്ചിചെത്തുന്നേന പ്രത്യേകം കൂലികിട്ടണം.

ശങ്കരപ്പിള്ള:—തന്നില്ലെങ്കിലോ?

ചാത്തൻ:—കൊയ്യത്തുമില്ല.

ശങ്കരപ്പിള്ള:—നീ കൊയ്യേണ്ടാ.

ചാത്തൻ:—ആരും കൊയ്യത്തില്ല.

ശങ്കരപ്പിള്ള:—എടാ എല്ലാക്കൊല്ലത്തേക്കാരം ഇക്കൊല്ല മെന്താ പ്രത്യേകത.

ചാത്തൻ:—എല്ലാക്കൊല്ലാം കൊയ്ത്തുകഴിഞ്ഞടിയങ്ങള പട്ടിണിയാ. നാഴിയോ, ഒഴക്കോ ഇവിടുന്ന കിട്ട മെന്നുവച്ചാ അടിയങ്ങള പണിയെടുക്കുന്നത്. അതുംകൂടെ തരത്തില്ലെന്നുവെച്ചാലടിയങ്ങളെന്തോ ചെയ്യും?

ശങ്കരപ്പിള്ള:—നിനക്കൊക്കെ ജീവിതകാലം മുഴുവൻ ചെലവിന തരാനൊള്ളതാണോടാ ഈ നെല്ല്.

ചാത്തൻ:—അടിയങ്ങടെ ജീവിതകാലം മുഴുവൻ ഈ നെല്ലിനവേണ്ടി പണീവാരുന്നല്ലോ?

ശങ്കരപ്പിള്ള:—അതിന കൂലി തരുന്നില്ലിയോടാ.

കിട്ടുപിള്ള:—പിന്നെ കച്ചീലും, പുട്ടലിലുമൊക്കെ വെ ച്ചോണ്ടുപോന്നതോ?

ശങ്കരപ്പിള്ള:—അല്ലെങ്കിലെന്തിനാ നെനക്കൊക്കെ കൂലി തരുന്നത്. നാലണതികച്ചു കിട്ടീയാൽ പിന്നെ നീയൊക്കെ ഷാപ്പീന്നെറങ്ങുമോ? പിന്നെ സിനി മക്കുപോക്കായി, നാടകമായി, എന്തിന്; ആ കാശു തീത്തല്ലേ നീയൊക്കെ അടങ്ങു.

കിട്ടുപിള്ള:—അതു തന്നെയോ? കൊയ്ത്തു കഴിഞ്ഞാലൊടനെ ഒരു തുള്ളലും, സദ്യേം. രണ്ടുദിവസം കൊണ്ടെല്ലാം തീക്കും.

ശങ്കരപ്പിള്ള:—അതേ. എന്നിട്ടു് കൂലി കൂട്ടതലുവേണമെന്നുംപറഞ്ഞു് വിപ്ലവമാണു്.

കിട്ടുപിള്ള:—എന്തിനാ ഇവരെ പറേന്നതു്. കൊറെ എണ്ണം ഇവമ്മാരെ എളക്കിവിട്ടുവല്ലിയോ?

ശങ്കരപ്പിള്ള:—കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാൻ. എടാ ജീവിക്കാൻ പഠിക്കണമെടാ. വല്ലവനും പറേന്നതുകേട്ടു തുള്ളിച്ചാടിയാൽ പോരാ.

ചാത്തൻ:—അടിയങ്ങക്കു ജീവിക്കാനാ കൂലി ചോദിക്കുന്നതു്.

ശങ്കരപ്പിള്ള:—അതിനീ പണിമൊടക്കോ വല്ലോം വേണോടാ.

ചാത്തൻ:—അടിയങ്ങക്കു പണിമൊടക്കണമെന്നു നിർബ്ബന്ധമില്ല.

ശങ്കരപ്പിള്ള:—പിന്നെന്തോന്തിനാ നിർബ്ബന്ധം?

ചാത്തൻ:—കൂലിക്കു്.

ശങ്കരപ്പിള്ള:—എടാ നെനക്കു വേണമെങ്കിലെടങ്ങഴിയോ രണ്ടെടങ്ങഴിയോ കൂട്ടതൽ കൊണ്ടുപോകരുതോ? അല്ലെങ്കിൽതന്നെ എന്റെ കയ്യിൽ നെല്ലുണ്ടെങ്കിൽ നിന്റാവശ്യത്തിനു തരികേല്ലേ? അതിനീ-ബാക്കിയൊള്ള ജോലിക്കാരേം എളക്കിവിട്ടു് നീ എന്തിനാ കുഴപ്പ[illegible]ണ്ടാക്കുന്നതു്.

ചാത്തൻ:—തമ്പ്രാ! അടിയനേപ്പോലെതന്നെ വായ്യം, വയറുമൊള്ളോരാ ബാക്കിയൊള്ളോരും.

ശങ്കരപ്പിള്ള:—നീ ഇപ്പോഠം കൊയ്യാനെറങ്ങുമോ?

ചാത്തൻ:—കൊയ്യാം. പക്ഷേ എട്ടിനൊന്നു പതോം, ഒന്നിരാടൻ തീർപ്പുകറേറം, കച്ചി ചെത്തുന്നേനു പ്രത്യേകം കൂലീം എല്ലാക്കും കിട്ടണം.

ശങ്കരപ്പിള്ള:—ഇതു നിൻറഭിപ്രായമാണോ?

ചാത്തൻ:—എല്ലാരടേം അഭിപ്രായമാണ്.

കിട്ടുപിള്ള:—എടാ പട്ടിണി കെടന്നു ചാകണ്ടായെങ്കില് മര്യാദക്കു കൊയ്യാനെറങ്ങ്.

പൊലിയ:—അടിയങ്ങളീ പട്ടിണി കൊറെ കണ്ടതാ വല്യെമ്പ്രാ. പട്ടിണീന്നു കേട്ടാലൊന്നും ഇവിടാക്കും പേടിയില്ല.

ശങ്കരപ്പിള്ള:—എടാ ദിവസക്കൂലിയേ ഞാൻ തരു. ഒന്നരയിടങ്ങഴി നെല്ല്. മനസ്സുണ്ടെങ്കിൽ കൊയ്താൽ മതി.

ചാത്തൻ:—തമ്പ്രാ ഈ കാണുന്ന പാടമെല്ലാം പച്ച പിടിപ്പിച്ചതു് ഈ കറത്ത കൈകളാണ്. വെറക്കുന്ന തണുപ്പത്തു്, മരം കോച്ചുന്ന മഞ്ഞത്തു്, കഴുത്തററം വെള്ളത്തീന്നു് ചേറുവാരി ഈ വലിയ വരമ്പുകുത്തിയതു് അടിയങ്ങളാ. ചേററിൽനിന്നു ഞാറുനട്ടതും, കള പറിച്ചതും അടിയങ്ങടെ പെണ്ണുങ്ങളാ. പാതിരായിക്കും, വെളുപ്പാങ്കാലത്തും മട വീഴുന്നോന്നു നോക്കി കഴുകനേപ്പോലീവരമ്പത്തു തണുത്തുവെറച്ച് ഒറക്കമെളച്ചിരുന്നതും അടിയ

ങ്ങളാ. അന്നു തമ്പ്രാൻ സുഖമായൊറങ്ങി. കതകടച്ചു്. മൂടിപ്പൊതച്ചു്. പട്ടമെത്തേലു്. ഈ ഞാറു വളൻമൂത്തു് വെളഞ്ഞ കതിരുകളായി തലകുനിച്ചു നില്ക്കുന്നതു കാണുമ്പം അടിയങ്ങടെ മനസ്സിലു് കുളിരുകോരിയിടുകാ. ഇന്നു കൊയ്യാൻ നേരത്തു് അടിയങ്ങടെ വേർപ്പിൽ വെളഞ്ഞ ഈ നെല്ലു് ഒരു മണിപോലും തരാതറേലാക്കാൻ തമ്പ്രാനോടി വന്നു.

ശങ്കരപ്പിള്ള:—ഫ, നിറുത്തെടാ നായേ നിന്റെ പ്രസംഗം.

ചാത്തൻ:—ഇതു പ്രസങ്ങമല്ല തമ്പ്രാ—സത്യമാ.

കിട്ടുപിള്ള:—എടാ മര്യാദക്കു പറഞ്ഞില്ലെങ്കിലു് അടിച്ചു ചേററിൽ താഴ്ത്തിക്കളേം.

പൊലിയ:—അതൊക്കെ പണ്ടാരുന്നു തമ്പ്രാ. അടിയങ്ങളീ ചേററിൽ ജനിച്ചവരാ.

ശങ്കരപ്പിള്ള:—എടാ മര്യാദക്കു കൊയ്യാനെറങ്ങുന്നോ?

കിട്ടുപിള്ള:—അല്ലേൽ നിന്നേം നിൻെറ നേതാക്കന്മാരേം.......

പൊലിയ:—ഇങ്ങേരെന്തോചെയ്യും?

ശങ്കരപ്പിള്ള:—ഇവിടെ പോലീസ്സുണ്ടെന്നു ഓർമ്മിച്ചുകൊള്ളണം.

പൊലിയ:—അവക്കു് കൊയ്യാനറിയത്തില്ല തമ്പ്രാ.

ശങ്കരപ്പിള്ള:—(കിട്ടുവിനോടു്) അടിയെടാ അവടെ മുതുകു നോക്കി. പെലക്കൂട്ടത്തിനൊക്കെ അഹങ്കാരം മൂത്തു പോയി.

(കിട്ടപിള്ള പൊലിയയെ സമീപിക്കുന്നു. പൊലിയ അരിവാളെടുത്തു കാണിച്ചുകൊണ്ടു്.)

പൊലിയ:—ഇതുകൊണ്ടു കതിരിന്റെ തല തന്നെയല്ല കൊയ്യാൻ പറയുന്നതു്.

(കിട്ടപിള്ള പേടിച്ചു പതുങ്ങുന്നു. രവി പ്രവേശിക്കുന്നു.)

കിട്ടപിള്ള:—അതാ വരുന്നു ഇവന്റെയൊക്കെ നേതാവു്.

രവി:—(ശങ്കരപ്പിള്ളയോടു്) ഞാൻ നിങ്ങളെ അന്വേഷിച്ചു വന്നതാണു്.

ശങ്കരപ്പിള്ള:—എന്നെയോ?

രവി:—അതെ.

ശങ്കരപ്പിള്ള:—ഉം കാര്യം?

രവി:—ഇവിടെ മനപ്പൂർവ്വം ഒരു കുഴപ്പമുണ്ടാക്കാതിരിക്കുന്നതിനു്.

കിട്ടപിള്ള:—അല്ലേ ഇതെന്തൊരു ക്രുത്താ. ഇവന്മാരേക്കൊണ്ടീവഴക്കെല്ലാമൊണ്ടാക്കിച്ചുംവച്ചു് പറേന്ന കേട്ടില്ലിയോ?

ശങ്കരപ്പിള്ള:—ഇതിനേപ്പററി അന്വേഷിക്കാൻ നിങ്ങളാരാണു്?

രവി:—ഞാനിവിടത്തെ ഒരു കൃഷകത്തൊഴിലാളിയൂണിയൻ പ്രവർത്തകൻ.

ശങ്കരപ്പിള്ള:—എന്തോന്നിന്റെ യൂണിയനാടാ. തൊഴിലില്ലാതെ കൊറെ എണ്ണമെറങ്ങീട്ടൊണ്ടു്. സാധുക്കളെ വഴിതെററിക്കാൻ.

രവി:—അവർ തെററിയ വഴിയിൽനിന്നും നേരേയുള്ള വഴിയിലേക്കു വരികയാണു്.

ശങ്കരപ്പിള്ള:—നീയൊക്കെയാണോ ഇവരെ നേരേ നടത്തുന്നതു്. എടാ എന്റെ ചോറുതിന്നു വളന്നവ

രാണിവർ. പട്ടിപോലും തിരിഞ്ഞു നോക്കാത്ത ഇവക്ക് കിടക്കാൻ സ്ഥലം കൊടുക്കുന്നതു ഞാനാണ്.

രവി:—നിങ്ങൾക്കു കുറെ അടിമകളെ ആവശ്യമുണ്ട്. അതിന്.

ശങ്കരപ്പിള്ള:—ഈ പിത്തലാട്ടമൊന്നും ഇവിടെ ചെലവാകത്തില്ല.

രവി:—ഇതൊരു യാഥാത്ഥ്യമാണ്. പിത്തലാട്ടമൊന്നുമല്ല ചേട്ടാ.

കിട്ടുപിള്ള:—ഫ! അങ്ങനെന്നു വിളിയ്ക്കൂടാ. നിൻെറ ചേട്ടൻ!

രവി:—നിങ്ങൾ ആവശ്യമില്ലാത്ത കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. തൊഴിലാളികൾക്കു ന്യായമായ കൂലി കൊടുക്കുക. നിങ്ങൾക്കതിൽ നഷ്ടമില്ല. അഭിമാനമാണുള്ളതു്. മററുള്ളവക്കും അതൊരു മാതൃകയായിരിക്കും.

ശങ്കരപ്പിള്ള:—എനിക്കിഷ്ടമുള്ള കൂലികൊടുക്കും. മനസ്സുള്ളവർ വന്നാൽ മതി.

രവി:—ആരും വന്നില്ലെങ്കിലോ?

ചാത്തൻ:—പടിക്കലേ പാടം കണ്ടോണ്ടല്ലടിയങ്ങളു ജനിച്ചതു്.

ശങ്കരപ്പിള്ള:—പടിക്കലേ ചോറാടാ നിന്നെയൊക്കെ ഈ പരുവമാക്കിയതു്. ഇപ്പൊഴാണു് നിനക്കൊക്കെ ഈ തൊലിവെളുത്ത നേതാക്കന്മൊരുണ്ടായതു്.

പൊലിയ:—അടിയങ്ങളെല്ലമറിഞ്ഞു പണീം ചെയ്തി ട്ടൊണ്ടു്.

ശങ്കരപ്പിള്ള:—ഹേ മിസ്റ്റർ! ഇതു ഞങ്ങഠം തമ്പ്രാനു മടിയാനും തമ്മിലുള്ള കാൎയ്യമാണു്.

കിട്ടുപിള്ള:—അതേ, നീയെന്തിനാ ഇതൊക്കെ തെരക്കു ന്നതു്?

രവി:—ഞാനൊരു മനുഷ്യനായതുകൊണ്ടു്.

ശങ്കരപ്പിള്ള:—ഇയാളുമാത്രമേയൊള്ളൊരു മനുഷ്യൻ. ബാക്കിയൊള്ളവരെല്ലാം മൃഗങ്ങഠം.

രവി:—മനുഷ്യരെന്നു ഭാവിക്കുന്നവർ. അല്ലെങ്കിൽ ഈ കുഴപ്പങ്ങഠംക്കൊന്നും നിങ്ങഠം ഒരുമ്പെട്ടുകയില്ലായി രുന്നു. നിങ്ങളേപ്പോലെതന്നെ സുഖമായി ജീവി ക്കുവാൻ—മാന്യമായി കഴിയുവാൻ ഇവൎക്കും ആഗ്ര ഹമുണ്ടു്.

ശങ്കരപ്പിള്ള:—അതൊക്കെ ഈശ്വരവിധിയാണു്.

രവി:—എല്ലാത്തിനും നിങ്ങഠംക്കൊരീശ്വരനുണ്ടു്. എല്ലാ വൃത്തികേടുകളും വച്ചുകെട്ടുവാൻ. ഈ നിസ്സാര കാൎയ്യത്തിനെന്തിനദ്ദേഹത്തെ ഉപദ്രവിക്കുന്നു. കണ്ണു രുട്ടിയും, ഭയപ്പെടുത്തിയും മററുള്ളവരുടെ പ്രയത്നം അപഹരിച്ചു് അവരെ ഓരോ ഇഞ്ചും പുറകോട്ടു തള്ളി നിങ്ങഠം വളരുവാൻ ശ്രമിക്കുന്നു. ജോലി ക്കാരനൊരു നേരത്തെ കഞ്ഞിക്കുള്ള വക കൂടുതൽ കൊടുത്താൽ നിങ്ങഠംക്കെന്തു നശിക്കുവാൻ പോകുന്നു.

ശങ്കരപ്പിള്ള:—എടാ ഒരു മണിനെല്ലു ഞാൻ കൂടുതൽ കൊടുക്കത്തില്ല. ഇതുകുറെ കഷ്ടപ്പെട്ടുണ്ടാക്കിയ

താണു്. കണ്ടതൊനെല്ലാം വാരിക്കൊട്ടക്കാനൊള്ള തല്ല.

രവി:—വല്ലവക്കമല്ല. നിങ്ങളുടെ ജോലിക്കാക്കു്. കഷ്ട പ്പെട്ടു് ഈ നെല്ലു വിളയിച്ചവക്കു്.

ശങ്കരപ്പിള്ള:—നീ കൊറെ കൊട്ടക്കു്.

രവി:—ഞാനല്ലല്ലോ ഈ പാടത്തിൻെറ ഉടമസ്ഥൻ?

ശങ്കരപ്പിള്ള:—നിനക്കങ്ങോട്ടാകാൻ വയ്യാരുന്നോ?

രവി:—ആ ചരിത്രമൊന്നും പറയെണ്ടാ. നാലുമഞ്ചുമായി പത്തിരുന്തൂറുരൂപാ കടംകൊടുത്തു് ഈ നിലം ഒററിവാങ്ങി. അവസാനം തീറാക്കി ഒരു കുടും ബത്തെ കണ്ണീരോടെ പറഞ്ഞയച്ചു് ഇരുന്തൂറുപറ നിലം തട്ടിപ്പറിച്ചെടുത്ത കഥ എന്തിനു വിസ്തരി ക്കുന്നു. എന്നിട്ടും നിങ്ങരം മാന്യനാണു്.

കിട്ടുപിള്ള:—പേടിപ്പിക്കാതെ പോടാ.

ശങ്കരപ്പിള്ള:—നിന്നെയൊക്കെ മയ്യാദ പഠിപ്പിച്ചില്ലെ ങ്കിൽ ഞാൻ പുളിമിററത്തു ശങ്കരപ്പിള്ളയല്ലെടാ.

കിട്ടുപിള്ള:—നിന്റെയൊക്കെ എല്ലു പിച്ചാത്തിപ്പിടിക്കു തരിക്കേല്ലെടാ.

പൊലിയ:—ഓ ഇതിനുമുമ്പു് പലരും ഇതു പറഞ്ഞി ട്ടൊണ്ടു്.

(ശങ്കരപ്പിള്ളയും, കിട്ടുപിള്ളയും ദേഷ്യപ്പെട്ടു പോകുന്നു)

(കർട്ടൻ)

## രംഗം പത്ത്

(ശങ്കുവാശാൻെറ തെങ്ങിൻ തോപ്പ്. ഗോപിയും ശാരദയും.)

ഗോപി:—ശാരദയ്ക്കെന്താണൊരു വിളർച്ച്?

ശാരദ:—ഒന്നുമില്ല ഗോപീ.

ഗോപി:—എങ്കിലും എന്തോ ഭയങ്കരമായ ചിന്ത ശാരദയുടെ ഹൃദയത്തെ അലട്ടുന്നുണ്ട്.

ശാരദ:—അതു വാസ്തവമാണ്.

ഗോപി:—എന്താണാവേദന. നമുക്ക രണ്ടുപേക്കുംകൂടി അതനുഭവിക്കാം.

ശാരദ:—അതിനുള്ള ധൈര്യം അങ്ങെയ്ക്കുണ്ടോ?

ഗോപി:—ശാരദ ഇനിയും എന്നെ മനസ്സിലാക്കിയിട്ടില്ല.

ശാരദ:—ഞാനതിനു ശ്രമിക്കയാണ്.

ഗോപി:—എന്നാൽ പറയൂ, എന്താണാവേദനയെന്ന്.

ശാരദ:—ഞാനിന്ന്......

ഗോപി:—ങ്ഹ് അ ശാരദയിന്ന്.

ശാരദ:—അതുപോകട്ടെ. അങ്ങെയ്ക്കൊരു മകനുണ്ടായാലെന്തു ചെയ്യും?

ഗോപി:—എൻെറ ജീവിതപ്പുഴയിലെ പൊന്നാമ്പലുപോലെ ഞാനവനെ വളർത്തും.

ശാരദ:—അവൻ കരഞ്ഞാലോ?

ഗോപി:—അവൻെറ ചുണ്ടുകളിൽ ചുംബനത്തിൻെറ ആയിരമായിരം പൂമൊട്ടുകൾ ഞാൻ വിരിയിക്കും. താരാട്ടുപാടി ഉറക്കും.

ശാരദ:—അപ്പോൾ അച്ഛനാകുന്നതൊരാനന്ദമാണ്. അല്ലേ?

ഗോപി:—തീർച്ചയായും. സ്വർഗ്ഗീയമായ ഒരനുഭൂതിയാണ്.

ശാരദ:—എന്നാൽ അങ്ങ് ഒരച്ഛനാകാൻ പോകയാണ്.

ഗോപി:—ഞാനോ?

ശാരദ:—അതേ.

ഗോപി:—എങ്ങനെ?

ശാരദ:—മനസ്സിലായില്ലേ?

ഗോപി:—ഇല്ല.

ശാരദ:—അങ്ങയുടെ രൂപം എന്റെ ഉദരത്തിൽ ജീവൻ പ്രാപിക്കുന്നതുകൊണ്ട്.

ഗോപി:—അപ്പോൾ ശാരദയിന്ന്........

ശാരദ:—ഒരമ്മയാകാൻ പോകുന്നു.

ഗോപി:—(ഞെട്ടലോടെ) എന്ത്?

ശാരദ:—അങ്ങെന്തിനാണു ഞെട്ടുന്നത്.

ഗോപി:—ഇല്ല—എ–ന്നിട്ട്.

ശാരദ:—കുറച്ചു മാസങ്ങൾകൂടി കഴിഞ്ഞാൽ അങ്ങെയ്ക്കൊരു കുഞ്ഞിനെ താലോലിക്കാം. താരാട്ടുപാടി ഉറക്കാം.

ഗോപി:—ശാരദേ ! ഇതു വാസ്തവമാണോ?

ശാരദ:–അതേ; അവനൊരു സുന്ദരക്കുട്ടനായിരിക്കും. ഇതുപോലെതന്നെ എന്തൊരാനന്ദമായിരിക്കുമെന്നോ അവന്റെ കൊഞ്ചിക്കുഴഞ്ഞുള്ള ചിരികൾ. അച്ഛനും മററും ഈ വിവരം അറിയുന്നതിനുമുമ്പ് നാം തമ്മിലുള്ള ബന്ധം ലോകമറിയണം.

ഗോപി:—ശാരദേ.

ശാരദ:—ഗോപീ.

ഗോപി:—അതു സാദ്ധ്യമല്ല.

ശാരദ:—(ഞെട്ടിയിട്ടു്) എന്തു്?

ഗോപി:—എന്റെ അഭിമാനം.

ശാരദ:—എന്റെ ജീവിതം.

ഗോപി:—അച്ഛനറിഞ്ഞാൽ.

ശാരദ:—നമ്മെ അനുഗ്രഹിക്കുമെന്നല്ലേ അങ്ങു പറഞ്ഞതു്.

ഗോപി:—ആട്ടിയോടിക്കും.

ശാരദ:—എനിക്കുമച്ഛനുണ്ടു്.

ഗോപി:—നാമെങ്ങനെ ജീവിക്കും.

ശാരദ:—ഭാര്യാഭർത്താക്കന്മാരായിട്ടു്.

ഗോപി:—എന്റെ തെററു്......

ശാരദ:—ആ തെററു തിരുത്തണം.

ഗോപി:—ഞാനെന്തു ചെയ്യണം?

ശാരദ:—അങ്ങെന്താണെന്നോടു പറഞ്ഞിരുന്നതു്?

ഗോപി:—നിനക്കു ഹൃദയമില്ലേ?

ശാരദ:—ഉണ്ടു്. പക്ഷെ അതു് അങ്ങയെപ്പററിയുള്ള സ്മരണകളും, പ്രതീക്ഷകളുംകൊണ്ടു നിറഞ്ഞതാണു്.

ഗോപി:—ഞാനിതൊന്നും ഉദ്ദേശിച്ചില്ല.

ശാരദ:—ഏതൊന്നും?

ഗോപി:—വിവാഹം.

ശാരദ:—അന്നു് ഇതുപോലൊരു സന്ധ്യയ്ക്കു്, ഈ തെങ്ങിൻതോപ്പിൽവച്ചു് അങ്ങു് പ്രേമത്തിൻെറ അനശ്വരതയേപ്പററി എന്താണു പറഞ്ഞതു്?

ഗോപി:—ശാരദേ. എനിക്കു സമുദായത്തിലുള്ള സ്ഥാനം, എൻെറ അച്ഛൻെറ അഭിമാനം, നീ ഒന്നാലോചിച്ചു നോക്കൂ.

ശാരദ:—അങ്ങൊരു ഭീരുവാണെന്നു ഞാനറിഞ്ഞിരുന്നില്ല. നിലാവു പൂത്തിരി കത്തിച്ച ആ രാത്രിയിൽ, കുളിർകാററു് ഈ പുൽത്തകിടിയെ തഴുകിക്കൊണ്ടിരുന്നപ്പോൾ അങ്ങയുടെ മൃഗീയതയുടെ മുമ്പിൽ സമുദായം തലപൊക്കിയില്ല. അച്ഛൻെറ അഭിമാനം വ്രണപ്പെട്ടില്ല. ഇന്നു് ഒരു പാവപ്പെട്ട സ്ത്രീയുടെ ഉദരത്തിൽ സ്വന്തരൂപത്തിൻെറ ജനനം കണ്ടു് അങ്ങു ഞെട്ടുന്നു.

ഗോപി:—ശാരദയ്ക്കു സുഖമായി ജീവിക്കാനുള്ള പണം ഞാൻ തരാം.

ശാരദ:—പണം! ഗോപീ. എനിക്കു സുഖമായി ജീവിക്കാൻ വേണ്ടതു് നിങ്ങൾക്കെന്നോടുണ്ടെന്നു പറഞ്ഞ സ്നേഹമാണു്.

ഗോപി:—ഞാനിപ്പോഴും ശാരദയെ സ്നേഹിക്കുന്നു.

ശാരദ:—എങ്കിൽ ഈ തീപ്പുഴയിൽനിന്നെന്നെ രക്ഷിക്കൂ.

ഗോപി:—ശാരദേ.

ശാരദ:—ഗോപീ.

ഗോപി:—എന്നെ മറന്നേക്കൂ. അച്ഛനിതറിഞ്ഞാൽ....

(ഗോപി തലകുനിച്ചു നടക്കുന്നു.)

ശാരദ:—ഗോപീ! (ഗോപി നടന്നുമറയുന്നു. ശാരദ വിങ്ങി വിങ്ങി കരയുന്നു. പൊലിയ പ്രവേശിക്കുന്നു.)

പൊലിയ:—കൊച്ചമ്പ്രാട്ടി എന്തിനാ കരേന്നത്?

ശാരദ:—ഒന്നുമില്ല പൊലിയേ.

പൊലിയ:—എങ്കിലും. ങ്ങ്ആ എനിക്കറിയാം.

ശാരദ:—എന്താണ്?

പൊലിയ:—ആ പടിക്കലേ തമ്പ്രാനിവിടുന്ന പോയ്യതിനാ.

ശാരദ:—പൊലിയ ഗോപിയെക്കണ്ടോ?

പൊലിയ:—ദാ ! ഇപ്പൊഴിതിലേ കടന്നുപോയി.

ശാരദ:—എന്റെ വിധി.

പൊലിയ:—അയ്യോ പെണ്ണുങ്ങടക്കിങ്ങനെ തന്റേടക്കൊറവു കൊള്ളാമോ? ആ തമ്പ്രാന്നിനീം വരത്തില്ലിയോ?

ശാരദ:—അദ്ദേഹമിനീം വരികേല്ല പൊലിയേ.

പൊലിയ:—അതെന്താ വല്ലെടത്തും പോവാരുന്നോ?

ശാരദ:—അതേ; എന്നെ ഒരമ്മയാക്കിയിട്ട്.

പൊലിയ:—ങ്ങ്ഏ-കൊച്ചമ്പ്രാട്ടിക്ക്........

(അകത്തുനിന്നും കല്യാണിഅമമ "ശാരദേ" എന്നു വിളിക്കുന്നു)

ശാരദ:—എന്താ. അമ്മ വിളിക്കുന്നു. പൊലിയ പോക്കു.

(ശാരദ പോകുന്നു)

പൊലിയ:—(മൂക്കത്തുവിരൽവച്ച്) ഒഢ്ടാ ഇവമ്മാരൊക്കെ വെല്യടത്തേതാന്നും പറഞ്ഞു തൊലീംവെളുപ്പിച്ചോണ്ടു നടക്കുവാ, കണ്ട പെങ്കൊച്ചുങ്ങളെ ചുറ്റിക്കാൻ.

(കർട്ടൻ)

## രംഗം പതിനൊന്നു്.

(ശങ്കരപ്പിള്ളയുടെ വീട്ടു്. കിട്ടുപിള്ള നിലവിളിച്ചുകൊണ്ടു പ്രവേശിക്കുന്നു. വിരൽ മുറിഞ്ഞു് രക്തം ഒഴുകുന്നു. കസേരയിലിരിക്കുന്നു.)

കിട്ടുപിള്ള:—(വേദനയോടെ) അയ്യോ എനിക്കു വയ്യായേ.

ശങ്കരപ്പിള്ള:—(അകത്തുനിന്നും) ആരാടാ അമറുന്നതു്?

(ശങ്കരപ്പിള്ള പ്രവേശിക്കുന്നു. കിട്ടുപിള്ള കസേരയിൽനിന്നും പരിഭ്രമത്തോടെ എഴുന്നേൽക്കുന്നു)

കിട്ടുപിള്ള:—അയ്യോ എന്റെ പൊന്നങ്ങുന്നേ! എനിക്കു വയ്യായേ.

ശങ്കരപ്പിള്ള:—എന്താടാ കാര്യം?

കിട്ടുപിള്ള:—(വിരൽ കാണിച്ചുകൊണ്ടു്) കൈ മുറിഞ്ഞു.

ശങ്കരപ്പിള്ള:—ഇതെന്തു പററി; നാശം ഇവിടെയെല്ലാം ചോരയാക്കിയല്ലോ.

കിട്ടുപിള്ള:—ഞാൻ നെല്ലുകൊയ്യുവാരുന്നു.

ശങ്കരപ്പിള്ള:—എന്നിട്ടു്?

കിട്ടുപിള്ള:—അരിവാളുകൊണ്ടു മുറിഞ്ഞു.

ശങ്കരപ്പിള്ള:—ഒരുപാടു മുറിഞ്ഞോ?

കിട്ടുപിള്ള:—ഒരു വെരലില്ല.

ശങ്കരപ്പിള്ള:—ങ്ഹാ അതിനാണോ നീയീകെടന്നമറിയതു്?

കിട്ടുപിള്ള:—അയ്യോ വേദന.

ശങ്കരപ്പിള്ള:—വേദന നിൻെറ തല. ഇങ്ങുകൊണ്ടുവാ. നിൻെറ കൈ ഞാനൊന്നു കാണട്ടെ.

(കിട്ടുപിള്ള കൈയു് കാണിക്കുന്നു, ശങ്കരപ്പിള്ള തുണികൊണ്ടു് മുറിഞ്ഞ വിരൽ കെട്ടുന്നു)

ശങ്കരപ്പിള്ള:—നിനക്കു സൂക്ഷിച്ചു കൊയ്യാൻ വയ്യാരുന്നോ?

കിട്ടുപിള്ള:—ഞാൻ വളരെ സൂക്ഷിച്ചു.

ശങ്കരപ്പിള്ള:—എന്നിട്ടാണോ കൈ മുറിഞ്ഞതു്? ങ്്അ സാരമില്ല. വേറെയാരുമില്ലാരുന്നോ കൊയ്യാൻ.

കിട്ടുപിള്ള:—ഞാനൊററയ്ക്കേയൊള്ളാരുന്നു.

ശങ്കരപ്പിള്ള:—എന്തുമാത്രം കൊയ്തു?

കിട്ടുപിള്ള:—ഒരു കണ്ടത്തിൻെറ പാതി.

ശങ്കരപ്പിള്ള:—പിന്നെ നീയിതുവരെ എന്തെടുക്കുകയാരുന്നു. നേരം വെളുത്തപ്പം പോയതല്ലിയോ?

കിട്ടുപിള്ള:—അയ്യോ കുനിഞ്ഞുനിന്നു് നടുവിൻെറ കണ്ണിയെല്ലാം പറിഞ്ഞുപോയി. തീപോലൊള്ളവേലു്. കച്ചിയേടെ ചൂടോ; ഹോ ഭയങ്കരം.

ശങ്കരപ്പിള്ള:—പിന്നെങ്ങനാടാ അതൊന്നു കൊയ്തെടുക്കുന്നതു്?

കിട്ടുപിള്ള:—ങ്്ആ എങ്ങനേലും കൊയ്യണം. നെല്ലെല്ലാം പഴുത്തു കൊഴിഞ്ഞു തൊടങ്ങി. ആ പെലേരേ വിളിച്ചങ്ങു കൊയ്യിച്ചാലെന്താ.

ശങ്കരപ്പിള്ള:—ആ തെമ്മാടികളേയോ? അവനെയൊന്നും എൻെറ നെലത്തിൽ കാലുകുത്തിക്കുകേല്ല. അവനൊക്കെ പഠിക്കട്ടെ.

കിട്ടുപിള്ള:—പഠിച്ചുതീരുമ്പോഴേക്കും നെല്ലെല്ലാം കൊഴിഞ്ഞു തീരും. അല്ലേലിനിയൊന്തോ പഠിക്കനൊ,

ശങ്കരപ്പിള്ള:—ശരിക്കവെന്നെ തല്ലിയോടാ.

കിട്ടുപിള്ള:—തല്ലിയെന്നോ? ഇഞ്ചനാരുപരുവമാക്കിയില്ലേ. ഒരുനാഴികദൂരെക്കേട്ടു ഇടിയെടെ ശബ്ദം. ആ കാളനീലാണ്ടനെന്നൊരു കാൺസ്റ്റേബിളില്ലിയോ? അയാളാചാത്തനെ പിടിച്ചത്.

ശങ്കരപ്പിള്ള:—മററവനെ കിട്ടിയില്ലെല്ലോടാ.

കിട്ടുപിള്ള:—ആ രവിയല്ലേ? അവനേം കിട്ടും. അവനും ചാത്തൻെറ പെങ്ങളുകൊച്ചും ഒളിച്ചു നടക്കുവാ.

ശങ്കരപ്പിള്ള:—ആ ചെറുക്കൻ ആ പെലക്കൊച്ചിനെ സംബന്ധം ചെയ്യാൻ പോവാണെന്നു കേട്ടല്ലോടാ.

കിട്ടുപിള്ള:—അവരെന്നോ സംബന്ധത്തിലാ.

ശങ്കരപ്പിള്ള:—ങ്ഹാ അങ്ങനെയാണോ. ചുമ്മാതല്ലല്ലോടാ അവനവരുടെ പുറകെ നടക്കുന്നത്.

കിട്ടുപിള്ള:—അവൻ കേറീമെറങ്ങീമവിടല്ലിയോ കഴിന്നത്.

ശങ്കരപ്പിള്ള:—നീ അവരെ ഒന്നന്വേഷിച്ചു കൊള്ളണം.

കിട്ടുപിള്ള:—കൊള്ളാം. ഞാൻ കണ്ടകാട്ടിലും, പടപ്പിലുമൊക്കെ നോക്കുന്നുണ്ട്.

ശങ്കരപ്പിള്ള:—കയ്യിൽ കിട്ടിയാലടിച്ചെല്ലൊടിച്ചേക്കണം.

കിട്ടുപിള്ള:—എറിഞ്ഞെങ്കിലും ഞാനവനെ താഴെയിടും. എന്നിട്ടേ പോലീസിനെ വിളിക്കൂ.

(ആശാൻ പ്രവേശിക്കുന്നു)

ശങ്കരപ്പിള്ള:—ആശാനറിഞ്ഞോ വിശേഷങ്ങൾ?

ആശാൻ:— എന്തുവിശേഷം?

ശങ്കരപ്പിള്ള:—കണ്ടത്തിൽ കൊയ്ത്തനാളെറങ്ങിയില്ല.

ആശാൻ:—അതു ഞാനറിഞ്ഞു.

ശങ്കരപ്പിള്ള:—അവന്മാൎക്കു കൂലികൂടുതൽ വേണം പോലും.

ആശാൻ:—അവരു പറേന്നതും കാൎയ്യമല്ലിയോ?

ശങ്കരപ്പിള്ള:—ങ്ഹ് ആഹാ ആശാനും അവരുടെ പാർട്ടിയാണോ?

ആശാൻ:—ഞാനാരുടേം പാർട്ടിയല്ല. കാൎയ്യം പറഞ്ഞെന്നേയൊള്ളു.

ശങ്കരപ്പിള്ള:—നാളെ ആശാനും ഇതാണനുഭവം.

ആശാൻ:—എനിക്കെന്തോന്നനുഭവമാ. നാഴിനെല്ലു കൂടുതലുകൊടുത്തെന്നുംകണ്ടു ഞാനെന്തോ മുടിയാനാ.

ശങ്കരപ്പിള്ള:—ആശാനെന്താ വന്നതു്?

ആശാൻ:—ആ ചിട്ടി രൂപായിക്കു്.

ശങ്കരപ്പിള്ള:—എത്ര രൂപായെളച്ചാ പിടിച്ചതു്?

ആശാൻ:—അതൊക്കെ എന്തിനാ പറേന്നതു്. ഇടിവെട്ടിയോൻെറ തലേലു് പാമ്പുകടിച്ചപോലായി. അമ്പത്തിരണ്ടുരൂപായെളച്ചാ പിടിച്ചതു്.

ശങ്കരപ്പിള്ള:—ബാക്കി 148 രൂപാ. അതു നഷ്ടമായിപ്പോയി. ഞാനന്നേ പറഞ്ഞില്ലേ ആശാനിപ്പോൾ ചിട്ടിപിടിക്കരുതെന്നു്.

ആശാൻ:—പിന്നല്ലാതെന്തോചെയ്യും?

ശങ്കരപ്പിള്ള:—ആശാനിത്ര ധൃതി എന്തായിരുന്നു?

ആശാൻ:—വസ്തു ഒഴിപ്പിക്കേണ്ടേ?

ശങ്കരപ്പിള്ള:—അതെങ്ങനെയാണ്? പന്ത്രണ്ടുകൊല്ലത്തെ കാലാവധിയല്ലിയോ വച്ചിരിക്കുന്നതു്?

ആശാൻ:—ങ്ഏ? പന്ത്രണ്ടുകൊല്ലത്തെയോ?

ശങ്കരപ്പിള്ള:—ആശാൻ പ്രമാണം വായിച്ചില്ലേ?

ആശാൻ:—എന്നോടങ്ങനല്ലല്ലോ പറഞ്ഞിരുന്നതു്?

ശങ്കരപ്പിള്ള:—പിന്നെ?

ആശാൻ:—പണമൊണ്ടാകുമ്പോളൊഴിഞ്ഞു തരാമെന്നു്.

ശങ്കരപ്പിള്ള:—അതിനു പണമെവിടെ?

ആശാൻ:—ചിട്ടിരൂപാ.

ശങ്കരപ്പിള്ള:—കിട്ടുപിള്ളേ! ആശാന്റെ കണക്കിങ്ങെടുത്തോ? (കിട്ടുപിള്ള കണക്കെടുക്കുന്നു) വായിച്ചു കേൾപ്പിക്കു്.

(കിട്ടുപിള്ള കണക്കു വായിക്കുന്നു)

കിട്ടുപിള്ള:—ചിട്ടിയുടെ ആറുമാസത്തെ കുടിശിഖ രൂപാ 60. എളവുചെയ്തതു് 52. ചില്ലറപ്പറവു് നെല്ലു്, വിത്തു്, പൊടിയരി മുതലായ ഇനത്തിൽ 37രൂ 5അണ. വസ്തു ഒററികൊടുത്ത അന്നുമുതൽ ഇന്നുവരെയുള്ള പാട്ടം 45രൂപാ. വീട്ടുവാടക പന്ത്രണ്ടുരൂപാ. നീക്കി ബാക്കി 6രൂ 11 അണ ഇങ്ങോട്ടു കിട്ടണം.

ആശാൻ:—എന്തോന്നാണീപൊടിയരിയുടെ കണക്കു്.

കിട്ടുപിള്ള:—ആശാനു പനിയായി കെടന്നപ്പോളിവിടുന്നു വാങ്ങിച്ചതാ.

ആശാൻ:—അതു വാസ്തു വാങ്ങിച്ചതല്ലേ?

ശങ്കരപ്പിള്ള:—വായ്പയോ? ഇവിടെ വായ്പകൊടുക്കാനെന്തിരിക്കുന്നു. അതൊക്കെ അന്നേ ആശാൻെറ പററിലെഴുതി.

ആശാൻ:—പാട്ടമോ?

ശങ്കരപ്പിള്ള:—ആശാനിപ്പോൾ താമസിക്കുന്ന പുരയിടത്തിൻെറ.

ആശാൻ:—അതിനെന്തിനാ പാട്ടം?

ശങ്കരപ്പിള്ള:—വസ്തു എനിക്കു പണയമായതുകൊണ്ടു്.

ആശാൻ:—വാടകയോ?

ശങ്കരപ്പിള്ള:—നിങ്ങൾ താമസിക്കുന്ന വീടിനു്.

ആശാൻ:—ഇതൊന്നും നിങ്ങളന്നു പറഞ്ഞില്ലല്ലോ?

ശങ്കരപ്പിള്ള:—ഇതുവല്ലോം പ്രത്യേകം പറയണോ ആശാനെ? പണത്തിനു പലിശയടങ്ങേണ്ടെ? എന്നാലും നഷ്ടമാണു്. പിന്നെ ആശാനും, ഞാനുമല്ലിയോ?

ആശാൻ:—അപ്പോൾ നിങ്ങളെന്നെ ദ്രോഹിക്കയായിരുന്നു; അല്ലേ.

ശങ്കരപ്പിള്ള:—പണം കുഴിച്ചിട്ടുകുന്നതാണെന്നാണോ വിചാരിച്ചതു്? കിട്ടു ഒരു പാട്ടച്ചീട്ടെഴുതിക്കൊണ്ടുവാ.

(കിട്ടുപിള്ള പോകുന്നു.)

ആശാൻ:—എന്തിനാ പാട്ടച്ചീട്ടു്?

ശങ്കരപ്പിള്ള:—വസ്തുവിനു്.

ആശാൻ:—ഏതു വസ്തുവിനു്?

ശങ്കരപ്പിള്ള:—ആ അൻപത്തിയേഴു സെൻറിനു്.

ആശാൻ:—എൻെറ വസ്തുന പാട്ടച്ചീട്ടോ?

ശങ്കരപ്പിള്ള:—വസ്തു എന്റേതാണ്. പാട്ടച്ചീട്ടു തരാൻ നിവൃത്തിയില്ലെങ്കിൽ അവിടുന്നുടനേ മാറിത്തരണം.

ആശാൻ:—മാറിയില്ലെങ്കിലോ?

ശങ്കരപ്പിള്ള:—(പൊട്ടിച്ചിരിച്ച്) ആശാനു ഭ്രാന്താണോ?

ആശാൻ:—കൊച്ചനപ്പോളന്നു പറഞ്ഞതു നേരാ.

ശങ്കരപ്പിള്ള:—ഏതു കൊച്ചൻ?

ആശാൻ:—ഓ ഇനീമെന്തിനാ അതൊക്കെ പറേന്നതു്. വാലല്ലാത്തതെല്ലാമളേലായി. അന്നേ അവൻ പറഞ്ഞതാണിതപകടമാണേന്നു്?

ശങ്കരപ്പിള്ള:—ഏതപകടമാണെന്നു്?

ആശാൻ:—തന്റെ ചിട്ടീം പാട്ടോം ഒററിപ്രമാണോം.

ശങ്കരപ്പിള്ള:—കാശു പുളി കുരു:പാലെണ്ണി വാങ്ങിച്ചപ്പോളോർമ്മിക്കണമാരുന്നു. ഇതൊന്നും തിരിച്ചു തരേണ്ടെന്നാണോ ആശാൻ വിചാരിച്ചതു്?

ആശാൻ:—ദ്രോഹീ! ഞാനെന്റെ ജീവനേപ്പോലെ കരുതീരുന്ന മണ്ണു്, എന്റെ കൈകൊണ്ടു കട്ട പൊട്ടിച്ചും, കൊത്തിക്കിളച്ചും, വേപ്പ്ളാഴക്കി നെറം വരുത്തിയ മണ്ണു്, ഞാൻ വെള്ളംകോരി വളത്തിയെടുത്ത തെങ്ങു് നീ തട്ടിപ്പറിക്കയാണു്. ഈ പാവപ്പെട്ട കെളവന്റെ അമ്പത്തേഴുസെൻറു്, ആ നാഴി മണ്ണുംകൂടെ പിടിച്ചു പറിച്ചെടുത്തു നീ സൊത്തുകാരനായിക്കൊള്ളു. ചിട്ടി വേണ്ടെന്നു പറഞ്ഞിട്ടും നീ എന്നെ നന്നാക്കാനാണെന്നും പറഞ്ഞു് ആ സപ്പക്കാവിക്കേററി.

(കിട്ടുപിള്ള പാട്ടച്ചീട്ടുമായി പ്രവേശിക്കുന്നു.)

കിട്ടുപിള്ള:—(പാട്ടച്ചീട്ടു കാണിച്ചുകൊണ്ട്) ഇതാ ഇവിടൊ
ന്നൊപ്പിട്ടേക്കണമാശാനെ.
(ആശാൻ പാട്ടച്ചീട്ടുവാങ്ങി കീറി കാററിൽ പറത്തുന്നു.)

ആശാൻ:—നിൻെറ പാട്ടച്ചീട്ട്.

ശങ്കരപ്പിള്ള:—എടാ കിട്ടു. ഇയ്യാളെ വേഗം വസ്തു
വിന്നെറക്ക്. ഉൗം.

ആശാൻ:—എൻെറ വസ്തുവീന്നോ (തല കുലുക്കി) ങ്ഉൗം.

ശങ്കരപ്പിള്ള:—അതു പിന്നെപ്പറയാം. മയ്യാദയ്ക്കു പാട്ട
ച്ചീട്ടെഴുതി ഒപ്പിട്ടുകൊടുത്തു താമസിക്കണം.

ആശാൻ:—എന്തിനാ, ഒടുവിൽ പാട്ടക്കുടിശിഖേന്നും
പറഞ്ഞു തീറെഴുതാനോ?

ശങ്കരപ്പിള്ള:—കുടിശിഖ വരുത്തിയാലങ്ങനേം സംഭ
വിക്കും.

ആശാൻ:—പാട്ടച്ചീട്ടെഴുതീട്ടല്ലേ അങ്ങനെ സംഭവിക്കാൻ.

ശങ്കരപ്പിള്ള:—എങ്കിലവിടുന്നെടനിറങ്ങിത്തരണം.

ആശാൻ:—ഇല്ലെങ്കിൽ;

ശങ്കരപ്പിള്ള:—വയസ്സുകാലത്തു കച്ചേരിത്തിണ്ണതോറും
നടക്കേണ്ടതായിവരും.

ആശാൻ:—കുഴീലോട്ടു കാലും നീട്ടിയിരിക്കുന്ന ഞാനിനീ
മാണോടാ കച്ചേരി കേറുന്നത്. അങ്ങനെ വരു
ന്നെങ്കിലെനിക്കെന്താടാ. ഒലക്കയോ—ഒലക്ക.

ശങ്കരപ്പിള്ള:—കിട്ടു! എന്താടാ നോക്കിനിൽക്കുന്നത്?

ആശാൻ:—എൻെറ മണ്ണീന്നെന്നെ എറക്കിവിടാനോ?
ആ വേലിക്കകെത്തു കാലുകുത്തുന്നോൻെറ തല ഞാൻ
വീഴ്ത്തും, തല.

ശങ്കരപ്പിള്ള:—താൻ സൂക്ഷിച്ചു സംസാരിക്കണം.

ആശാൻ:—ഫ: എരപ്പേ. ഞാനിനീമെന്തോന്നു സൂക്ഷിക്കാനാടാ. പാവപ്പെട്ടോൻെറ വസ്തൂം, പണോം പിടിച്ചു പറിച്ചു ഞെളീന്ന നീ സൂക്ഷിക്കു്. എനിക്കു നഷ്ടപ്പെടാനിനീമീത്തടി മാത്രമേയൊള്ളെടാ.

(ആശാൻ നടന്നു മറയുന്നു. കിട്ടുപിള്ളയും, ശങ്കരപ്പിള്ളയും ആശാൻ പോകുന്നതു നോക്കി ഹാസ്യസൂചകമായി തലകുലുക്കി മൂളുന്നു)

(കർട്ടൻ)

---

## രംഗം പന്ത്രണ്ടു്.

(കർഷകത്തൊഴിലാളി യൂണിയനാഫീസ്സിനടുത്തുള്ള തെങ്ങിൻ തോപ്പു്. പൊലിയ വിഷാദമൂകയായി നിൽക്കുന്നു, രവി പ്രവേശിക്കുന്നു, സമയം സന്ധ്യ.)

രവി:—ആരു്? പൊലിയയോ?

പൊലിയ:—അതേ.

രവി:—ഇവിടെന്തിനാണു നിൽക്കുന്നതു്?

പൊലിയ:—ഞാൻ സഖാവിനെ അന്വേഷിച്ചു വന്നതാണു്.

രവി:—എന്താണു വിശേഷം?

പൊലിയ:—അച്ചായനു ജാമ്യമനുവദിച്ചോന്നറിയാൻ,

രവി:—മിക്കവാറും രണ്ടു ദിവസത്തിനകമിറങ്ങാമെന്നു തോന്നുന്നു.

പൊലിയ:—അവരു തല്ലിയെന്നു കേട്ടല്ലോ?

രവി:—വാസ്തവമാണു്.

പൊലിയ:—അപകടം വല്ലോമൊണ്ടോ?

രവി:—സാരമില്ല. (പൊലിയ വിങ്ങിവിങ്ങിക്കരയുന്നു) പൊലിയ എന്താണു കരയുന്നതു്?

പൊലിയ:—ഒന്നുമില്ല.

രവി:—പിന്നെന്തിനു കരയുന്നു. പോലീസ്സിന്റെ കൈയ്യിൽ കിട്ടിയാൽ തല്ലിയെന്നും മററും വരും. അതിനിത്ര വളരെ കരയാനെന്തിരിക്കുന്നു. കരഞ്ഞാലുള്ള പ്രയോജനമെന്താണു്?

പൊലിയ:—അതല്ല.

രവി:—പിന്നെ?

പൊലിയ:—നമ്മളെ രണ്ടുപേരെയും പററി അവരെന്തെല്ലാം അപവാദങ്ങളാണു പറേന്നതെന്നറിയാമേ?

രവി:—അതിനെന്താ പറഞ്ഞുകൊള്ളട്ടെ. മതിയാകുമ്പോൾ താനെ നിറുത്തിക്കൊള്ളും.

പൊലിയ:—ഞങ്ങളുനിമിത്തം സഖാവിൻെറ പേരുക്രൂടി ചീത്തയാകുന്നൊല്ലോ?

രവി:—ആ അപവാദം ഒരിക്കൽ സത്യമായിത്തീന്നാലോ?

പൊലിയ:—അതെങ്ങനെ?

രവി:—മനസ്സിലായില്ലേ?

പൊലിയ:—ഇല്ല.

രവി:—എന്നാലിപ്പോൾ മനസ്സിലാകേണ്ടാ.

പൊലിയ:—അതെന്താ?

രവി:—അതിനുള്ള സമയമായില്ല.

പൊലിയ:—ഏതിനൊള്ള സമയം?

രവി:—മനസ്സിലാക്കണമെന്നു വിചാരിക്കുന്ന സംഗതി പറയുന്നതിനുള്ള സമയം.

പൊലിയ:—ങ്ആ എനിക്കറിയാം.

രവി:—എന്താലെന്താണു്?

പൊലിയ:—ഇപ്പം പറകേല്ല.

രവി:—വേണ്ടാ.

പൊലിയ:—എന്നെങ്കിലും പറേമേ?

രവി:—ഒരിക്കൽ പറയാം.

പൊലിയ:—അതുവരെയോ?

രവി:—ഇതുവരെയുള്ളതുപോലെ.

പൊലിയ:—സഖാവു കൊറച്ചുക്രൂടിസൂക്ഷിക്കണം.

രവി:—ഞാൻ വളരെ കരുതിയാണു നടക്കുന്നതു്.

പൊലിയ:—എല്ലാടത്തും അവരു നമ്മളെ തെരക്കുന്നൊണ്ടു്. സഖാവിനെ കൈയ്യിൽ കിട്ടിയാൽ കൊന്നു കളേമെന്നാ പറേന്നതു്. ആ കാര്യസ്ഥൻ ഓരോ വീട്ടിലും കേറിയെറങ്ങുന്നൊണ്ടു്.

രവി:—അയാൾ കുറച്ചു നടന്നു കാലുകുഴയുമ്പോൾ നിൽത്തും. അതുപോകട്ടെ, കൊയ്ത്തെങ്ങനെയിരിക്കുന്നു?

പൊലിയ:—അവരു തന്നത്താൻ കൊയ്യുവാണു്.

രവി:—കൊയ്ത്തു കഴിഞ്ഞോ?

പൊലിയ:—ഒരു കണ്ടത്തിൻെറ പാതി. വേറൊരു കാര്യ മറിഞ്ഞില്ലേ?

രവി:—എന്താണ്?

പൊലിയ:—ആ ശങ്കുവാശാനെ ജന്മി പററിച്ചു കളഞ്ഞു. ഇപ്പം പുരേടത്തീന്നെറക്കിവിടാൻ പോവാന്നു കേട്ടു.

രവി:—ഞാനതന്നേ ഉദ്ദേശിച്ചതാണ്. ഒററപ്പെട്ടുകഴിയുന്ന എല്ലാ കൃഷിക്കാരെയും ജന്മിത്വം വിഴുങ്ങും. അതിനുള്ള കെണികളെല്ലാം അവരുടെ കൈയ്യിലുണ്ട്. തല പറിക്കുന്ന പാട്ടവും, അക്രമപ്പലിശയും, ചിട്ടീം എന്നുവേണ്ടാ എല്ലാ പണികളുമുണ്ട്.

പൊലിയ:—ഇതൊന്നും ചോദിക്കാനും, പറയാനുമാരുമില്ലേ?

രവി:—ചോദിക്കയും, പറകയും ചെയ്യുന്നവരുടെ അനുഭവമാണ് നമുക്കിന്നു കിട്ടുന്ന മർദ്ദനം.

പൊലിയ:—ആശാൻെറ മകടംക്കു പററിയ അമളി അറിഞ്ഞോ?

(ഗോപി പ്രവേശിക്കുന്നു. ചിന്താഭരിതമായ മുഖഭാവം. പൊലിയയും രവിയും ഗോപിയെ കാണുന്നില്ല. ഗോപി സംഭാഷണം കേട്ട് ഒഴിഞ്ഞുമാറി നിൽക്കുന്നു.)

രവി:—ഇല്ല.

പൊലിയ:—അതിനെ ആ പുളിമിററത്തെ ഗോപി കല്യാണം കഴിക്കാമെന്നു പറഞ്ഞു.

രവി:—എന്നിട്ട്?

പൊലിയ:—ഇപ്പോളതു ഗർഭിണിയാണെന്നറിഞ്ഞപ്പം കാലുമാറിക്കളഞ്ഞു.

രവി:—അതാണീവസ്തുത്തിന്റെ സ്വഭാവം.

പൊലിയ:—ആണങ്ങടെയല്ലിയോ?

രവി:—ആണത്വമുണ്ടെന്നഭിമാനിക്കുന്ന വലിയവീട്ടിലെ പച്ചപ്പരിഷ്ക്കാരികളുടെ.

(ഗോപിയുടെ മുഖം വിവർണ്ണമാകുന്നു)

പൊലിയ:—ഏതായാലും അതിന്റെ ജീവിതം വെള്ളത്തിലായി.

രവി:—അങ്ങനെ എത്രയോ സ്ത്രീകളുടെ ജീവിതം ഇവർ വെള്ളത്തിലാക്കുന്നു. എന്നാൽ, ഗോപി ഒരു നല്ല ചെറുപ്പക്കാരനാണെന്നാണു ഞാൻ വിചാരിച്ചിരുന്നതു്.

പൊലിയ:—ആ ശാരദത്തമ്പ്രാട്ടീമങ്ങനാ വിചാരിച്ചതു്.

രവി:—കഷ്ടം, ആ കുടുംബത്തിന്റെ ഓരോ തൂണും ഒടിഞ്ഞുപോകയാണു്.

പൊലിയ:—സഖാവിനീം എങ്ങോട്ടു പോകുന്നു?

രവി:—ആഫീസ്സിലേക്കു്.

പൊലിയ:—എന്നാൽ ഞാനും വരുന്നു.

(രണ്ടുപേരും പോകുന്നു)

(ഗോപി വേദനനിറഞ്ഞ ഹൃദയവുമായി വികാരനിർഭരതയോടെ സാവധാനത്തിൽ നടന്നുപോകുന്നു.)

(കർട്ടൻ)

## രംഗം പതിമൂന്നു്.

(ആശാൻെറ വീട്ടു്. കിട്ടുപിള്ള പ്രവേശിക്കുന്നു)

കിട്ടുപിള്ള:—ഇവിടാരുമില്ലേ. (ഉച്ചത്തിൽ) ആശാനെ. ആശാനെ.

ലക്ഷ്മിഅമ്മ:—(അകത്തുനിന്നും) ആരാ.

കിട്ടുപിള്ള:—ഞാനാണേ.

(ലക്ഷ്മിഅമ്മ അടുക്കളയിൽനിന്നും വരുന്നു. ശരീരത്തിലും, തലയിലും പൊടിപററിയിരിക്കുന്നു. കയ്യിലൊരു ചൂലു്.)

ലക്ഷ്മിയമ്മ:—അല്ല കിട്ടുള്ളയാണോ? എന്താ വഴിതെറ്റിപ്പോയോ?

കിട്ടുപിള്ള.—അതെങ്ങനാ ചേച്ചീ; അലക്കൊഴിഞ്ഞിട്ടു രാമേശ്വരത്തിനുപോകാൻ പററുകേല്ലെന്നു പറഞ്ഞതുപോലാണു് നമ്മടെ കാര്യങ്ങൾ. നായ്ക്കു നടന്നാൽ ഫലമൊണ്ടോ? അതില്ല. നായിക്കിരിക്കാൻ നേരമൊണ്ടോ? അതുമില്ലെന്നു പറഞ്ഞതുപോലാണു്.

ലക്ഷ്മിഅമ്മ:-ഇരിക്കു്. വന്നകാലേത്തന്നെ നിൽക്കാതെ.

(കിട്ടുപിള്ള ഇരിക്കുന്നു. അടുത്തിരുന്ന മുറുക്കാൻപെട്ടി തുറക്കുന്നു)

കിട്ടുപിള്ള:—ഇതിനകത്തൊന്നുമില്ലേ?

ലക്ഷ്മിയമ്മ:—അതിനകത്തു പോല കാണുമെന്നു തോന്നുന്നില്ല. ഇന്നലെ അരയണയ്ക്കു വാങ്ങിച്ചതാ.

കിട്ടുപിള്ള:—കൊറച്ചു ഞെട്ടൊണ്ടു്.

ലക്ഷ്മിഅമ്മ:—പിന്നെന്താ പതിവില്ലാത്തപോലിങ്ങോട്ടു കടന്നതു്?

കിട്ടപിള്ള:—ഒരത്യാവശ്യകാര്യം പറയാനാ. ആശാനെ വിടെപ്പോയി.

ലക്ഷ്മിഅമ്മ:—നേരം വെളുത്തപ്പം ഇവിടുന്നെറങ്ങിയതാ. ങ്ങ്അ എന്താ കാര്യം?

കിട്ടപിള്ള:—എനിക്ക പറയാൻ മടിയൊണ്ട്. എന്നാലും പറയാതൊക്കുമോ? പുളിമിററത്തുന്ന വല്യങ്ങുന്ന പറഞ്ഞയച്ചതാ.

ലക്ഷ്മിഅമ്മ:—ചിട്ടിരൂപാ തരാനാരിക്കും.

കിട്ടപിള്ള:—അത്തു കൊടുത്തല്ലോ.

ലക്ഷ്മിഅമ്മ:—എന്ന്?

കിട്ടപിള്ള:-ങ്ങ്അഹാ ആശാനതു പറഞ്ഞില്ലേ. ങ്ങ്അ പല കാര്യമല്ലിയോ മറന്നതാരിക്കും.

ലക്ഷ്മിഅമ്മ:—എന്നാലും എന്നോടു പറയാതിരിക്കകേല്ലല്ലോ?

കിട്ടപിള്ള:—എന്നാലതു വാങ്ങിച്ചു. രൂപയായിട്ടല്ല.

ലക്ഷ്മിയമ്മ:—പിന്നെ?

കിട്ടപിള്ള:—ചിട്ടിരയടെ ആറുമാസത്തെ കുടിശിഖ ഒരു രുപതു. എളവുചെയ്തതു അമ്പത്തിരണ്ടു. ചില്ലറപ്പററ് മുപ്പത്തേഴു രൂപാ അഞ്ചണ. ഈ വസ്തുവിൻെറ പാട്ടം നാൽപ്പത്തഞ്ചുരൂപാ. വീട്ടുവാടക പന്ത്രണ്ടുരൂപാ. നീക്കി ബാക്കി ആറുരൂപാ പതിനൊന്നണ അങ്ങോട്ടു കൊടുക്കണം.

ലക്ഷ്മിഅമ്മ:—എന്താ കിട്ടുളേള നിങ്ങളീപറേന്നതു? ഈ വസ്തുന്റ പാട്ടമോ? ഈ വീടിന്റ വാടകയോ?

കിട്ടുപിള്ള:—വസ്തു ഇപ്പോഠം പുളിമിററത്തേതല്ലേ. അവരുടെ പണത്തിനു പലിശയടങ്ങേണ്ടേ.

ലക്ഷ്മിയമ്മ:—ഈ ചില്ലറപ്പററന്തോന്നാണു്?

കിട്ടുപിള്ള:—അതു പലപ്പോഴായി വിത്തും, വള്ളോം, പൊടിയരീംമററും വാങ്ങിയതാണു്.

ലക്ഷ്മിഅമ്മ:—പൊടിയരിയോ? നാരായണാ! അതിനും കണക്കെഴുതീട്ടൊണ്ടോ?

കിട്ടുപിള്ള:—പിന്നെഴുതാതെങ്ങനാ ചേച്ചീ?

ലക്ഷ്മിയമ്മ:—അയ്യോ! അതു വെറുതേ തന്നതല്ലിയോ?

കിട്ടുപിള്ള:—അതെങ്ങനാ ചേച്ചീ.

ലക്ഷ്മിഅമ്മ:—ഇന്നാളൊരുദിവസം ശാരദേടച്ഛനു പനിയായി കെടന്നപ്പോഠം പുളിമിററത്തെ അങ്ങേരിവിടെ വന്നിരുന്നു. പൊടിയരിക്കഞ്ഞിയേ കഴിക്കാവൂന്നും പറഞ്ഞു് അവിടുന്നു കൊറെ അരീം കണ്ണിമാങ്ങാ ഉപ്പിലിട്ടതും കൊടുത്തയച്ചു. അതിനു കാശുകൊടുക്കണമെന്നൊന്നും അന്നു പറഞ്ഞില്ലല്ലോ?

കിട്ടുപിള്ള:—ങ്ആ എന്നാലതും കണക്കിലെഴുതീട്ടൊണ്ടു്.

ലക്ഷ്മിയമ്മ:—ഏതായാലും കണ്ണിമാങ്ങാ ഉപ്പിലിട്ടതിനു കണക്കെഴുതീട്ടില്ലല്ലോ? (നെഞ്ചത്തു കൈവച്ചു്) നാരായണാ! ഞാനന്നേ പറഞ്ഞതാണിതപകടമാണേന്നു്. ഒരു തുണ്ടു ഭൂമിയൊള്ളതും പോയി. ഇനി എവിടെ കേറിക്കെടക്കും.

കിട്ടുപിള്ള:—ചേച്ചീ കരഞ്ഞാലൊന്നും പ്രയോജനമില്ല. ഇതിനൊടനേതന്നെ പാട്ടച്ചീട്ടു കൊടുക്കണം.

ലക്ഷ്മിയമ്മ:—ഇനീം പാട്ടച്ചീട്ടുമോ?

കിട്ടുപിള്ള:—അതേ. അല്ലെങ്കിലൊടനേതന്നെ വസ്തുവിൽനിന്നൊഴിഞ്ഞു കൊടുക്കണം.

ലക്ഷ്മിയമ്മ:—തന്നില്ലങ്കിലോ?

കിട്ടുപിള്ള:—നിങ്ങളെ ഇവിടുന്നെറക്കിവിടാനാണെന്നെ പറഞ്ഞയച്ചതു്?

ലക്ഷ്മിയമ്മ:—ഇവിടുന്നെറക്കിവിടാനോ? നീയോ? എറങ്ങെടാ ഇവിടുന്നു്. എൻെറ ജീവനൊള്ളപ്പം ഇവിടുന്നെറങ്ങത്തില്ല. ഇതെൻെറ വീടാണു്.

കിട്ടുപിള്ള:—ചേച്ചീ! വെറുതേ ചീത്തയാകരുതു്. പോലീസുകാരും മററും വന്നു കാര്യം വഷളാകുന്നതിനു മുമ്പു് എറങ്ങുന്നതാ നല്ലതു്.

ലക്ഷ്മിയമ്മ:—ഈ പടിക്കകത്തൊരുത്തൻ കാലുകുത്തുകേല്ല.

കിട്ടുപിള്ള:—ഞാൻ നിങ്ങളെ പിടിച്ചെറക്കും.

ലക്ഷ്മിയമ്മ:—നീയോ? എറങ്ങെടാ പട്ടീ.

(ലക്ഷ്മിയമ്മ ചൂലുകൊണ്ടു് കിട്ടുപിള്ളയെ അടിക്കുന്നു. കിട്ടുപിള്ള ഓടുന്നു. ലക്ഷ്മിഅമ്മ പുറകെ ഓടിച്ചെന്നു് അടിക്കുന്നു. കിട്ടുപിള്ള ഓടി മറയുന്നു. ലക്ഷ്മിയമ്മ തിരിഞ്ഞു നിൽക്കുന്നു.)

ലക്ഷ്മിയമ്മ:—ഹല്ലേ; അവനൊരു കൊണദോഷോംകൊണ്ടു വന്നതു്. (ശാരദ പ്രവേശിക്കുന്നു. അമ്മയെ കെട്ടിപ്പിടിച്ചു കരയുന്നു)

ശാരദ:—അമ്മേ........

ലക്ഷ്മിയമ്മ:—എന്താമോളേ നീ എന്തിനാ കരേന്നതു്?

ശാരദ:—അമ്മേ ഞാൻ പോകയാണു്.
ലക്ഷ്മിഅമ്മ:—നീ എവിടെപ്പോകുന്നു?
ശാരദ:—ഞാനൊരു പാപിയാണു്.
ലക്ഷ്മിയമ്മ:—നെന്നക്കെന്തോ പററി?
ശാരദ:—ഞാനിന്നൊരമ്മയാണു്.
ലക്ഷ്മിയമ്മ:—(ശാരദയെ തള്ളിമാററിക്കൊണ്ടു്) എന്തു്? നീ എന്താപറഞ്ഞതു്?
ശാരദ:—അമ്മേ, എന്നെ മറന്നേക്കു.
ലക്ഷ്മിയമ്മ:—എടീ ദ്രോഹീ! നീ എന്തിനെന്റെ വയററിൽ ജനിച്ചു.
ശാരദ:—അമ്മേ (കരയുന്നു.)
ലക്ഷ്മിയമ്മ:—ഹാ! ഈ കുടുംബത്തിന്റെ മാനം, നിന്റെ അച്ഛനമമ്മയുടേം ഈ വയസ്സുകാലത്തു നീ നേടിത്തന്ന സമ്പാദ്യം. അയ്യോ! ഇനി ഇവിടെങ്ങനെ ജീവിക്കും.
ശാരദേ:—അമ്മേ, അമ്മയെന്നെ മറന്നേക്കു. ഞാൻ വിശ്വസിച്ചു.
ലക്ഷ്മിയമ്മ:—മോളേ! നിന്റെ സുഖത്തിനുവേണ്ടിയാണു് ഞങ്ങളീ കഷ്ടപ്പെടുന്നതെല്ലാം. ഞങ്ങൾ നിന്നെപ്പററി എന്തെല്ലാം സൊപ്നം കണ്ടിരുന്നു. അതെല്ലാം നീ തൊലച്ചല്ലോ? നിൻറച്ഛനിതറിഞ്ഞാൽ, വയസ്സായിട്ടും തുമ്പാവെട്ടി നമ്മളെ പോററുന്നതിന്റെ പ്രതിഫലം. അയ്യോ........(കരയുന്നു.)
ശാരദ:—അമ്മേ, അമ്മേ (കരയുന്നു.)

(കർട്ടൻ)

# രംഗം പതിനാല്.

(ശങ്കരപ്പിള്ളയുടെ വീട്ടിൻെറ മുററത്ത് ഒരു തെങ്ങിൽ പൊലിയയെ പിടിച്ചുകെട്ടിയിരിക്കുന്നു. ശങ്കരപ്പിള്ളയും, കിട്ടപിള്ളയും അടുത്തു നിൽക്കുന്നു. രണ്ടുപേരുടേയും കൈയ്യിൽ ഓരോ വടിയുണ്ട്. പൊലിയയുടെ നെററിയിൽ ആഴമേറിയ ഒരു മുറിവ്. ശരീരത്തിൽ ചോരപ്പാടുകൾ. പൊലിയ ജ്വലിക്കുന്ന കണ്ണുകളോടെ ക്ഷീണിതയായി നില്ക്കുന്നു.)

ശങ്കരപ്പിള്ള:—പറയെടീ, നിൻെറ സഖാക്കളൊക്കെ എവിടെയാണെന്ന്.

കിട്ടപിള്ള:—അമ്പോ! ഈ കറുത്ത പുലിയേടെ ചാട്ടം കാണരുതാരുന്നോ? നീ ആരേക്കണ്ടോണ്ടാടീ ഈ ചാടിയതൊക്കെ. നിൻെറ യൂണിയൻ.

ശങ്കരപ്പിള്ള:—പെലക്കൂട്ടങ്ങക്കൊക്കെ അഹങ്കാരം മൂത്തു പോയി.

കിട്ടപിള്ള:—അതെന്തിനാ അവരെപ്പറേന്നത്. ഓരോരുത്തൻ ഇതിൻെറയൊക്കെ പൊറകേ നടക്കുവല്ലാരുന്നോ? ആ രവീന്ദ്ര പറേന്ന തെമ്മാടി ഈ കൊച്ചിൻെറ പൊറകീന്നു മാറുമോ?

ശങ്കരപ്പിള്ള:—എവിടെയാടീ നിൻെറ രവി?

കിട്ടപിള്ള:—അവനെ ഞാൻ ചമ്മന്തിയാക്കിയില്ലിയോ?

ശങ്കരപ്പിള്ള:—ശരിക്കു കൊടുത്തോ?

കിട്ടപിള്ള:—കൊള്ളാം. ഇന്നീം അവൻ കെടന്ന കെടപ്പീന്നെഴുന്നേൽക്കുകേല്ല. അടിച്ചെല്ലൊടിച്ചു കളഞ്ഞു. അവൻെറ യൂണിയമ്പാർട്ടി തവിടുപൊടിയായില്ലിയോ?

പൊലിയ:—എന്നു തോന്നുകയാണ്. (പൊലിയ കോപം കൊണ്ടു പല്ലുകടിക്കുന്നു.)

ശങ്കരപ്പിള്ള:—എന്തോന്നാടീ നീ പറേന്നതു്?

കിട്ടുപിള്ള:—അവടെ ദേഷ്യം കണ്ടില്ലിയോ?

ശങ്കരപ്പിള്ള:—അടിയെടാ അവളെ.

പൊലിയ:—നിങ്ങടെ ഓരോ അടിയും ഞങ്ങൾക്കു ബലം തരികയാണ്. നിങ്ങളെന്നെ കൊന്നാലും ഞങ്ങടെ യൂണിയൻ നശിക്കയില്ല. ഇതുപോലെ ആയിരമായിരം പൊലിയമാരും, ചാത്തമ്മാരും ഈ നാട്ടിലൊണ്ട്.

(കിട്ടുപിള്ള വടിയെടുത്തു് അടിക്കുവാനോങ്ങുന്നു)

ശങ്കരപ്പിള്ള:—വരട്ടെടാ. ആ ചട്ടുകമിങ്ങു പഴുപ്പിച്ചോണ്ടുവാ. ഇവളെ തീവെച്ചു പൊള്ളിക്കണം.

(കിട്ടുപിള്ള പോകുന്നു)

പൊലിയ:—തീയിൽക്കുരുത്തതു വേലത്തു വാടുകേല്ല തമ്പ്രാ.

ശങ്കരപ്പിള്ള:—വാടുമോന്നു ഞാനൊന്നു നോക്കട്ടെ.

(കിട്ടുപിള്ള ചട്ടുകവുമായി വരുന്നു)

വെയ്ക്കെടാ അവടെ ചെള്ളക്കുതന്നെ.

(കിട്ടുപിള്ള പൊലിയയെ സമീപിക്കുന്നു. രവി ഓടിക്കിതച്ചു വരുന്നു. തലയിൽ ഒരു മുറിവ്. മുറിവു കെട്ടിയിരിക്കുന്നു.)

രവി:—ഛീ നിറുത്തു്.

(ശങ്കരപ്പിള്ളയും, കിട്ടുപിള്ളയും തിരിഞ്ഞുനോക്കുന്നു.)

ശങ്കരപ്പിള്ള:—ഉം നീയെന്തിനിവിടെ വന്നു?

രവി:—എന്തിനു വന്നെന്നോ? നാണമില്ലാത്ത പിശാചേ.

കിട്ടുപിള്ള.—ഫ: എറങ്ങെടാ ഇവിടുന്നു്.

(രവി കിട്ടുപിള്ളയേയും, ശങ്കരപ്പിള്ളയേയും രൂക്ഷമായി നോക്കുന്നു. പൊലിയയുടെ കെട്ടഴിക്കുന്നു. ശങ്കരപ്പിള്ള രവിയുടെ കൈയ്യു പിടിക്കുന്നു. രവി, ശങ്കരപ്പിള്ളയെ പുറകോട്ടു തള്ളുന്നു. ശങ്കരപ്പിള്ള കിട്ടുപിള്ളയുടെ പുറത്തു വീഴുന്നു. ഉരുണ്ടെഴുന്നേൽക്കുന്നു.)

പൊലിയ:—സഖാവെങ്ങനിവിടെവന്നു?

രവി:—അതു പിന്നെപ്പറയാം.

പൊലിയ:—ഈ മുറിവു്?

രവി:—ഓ അതു സാരമില്ല. വരൂ. (പൊലിയയുടെ കൈക്കു പിടിച്ചുകൊണ്ടു പോകുന്നു.)

ശങ്കരപ്പിള്ള:—നില്ലെടാ അവിടെ. (രവി തിരിഞ്ഞു നിൽക്കുന്നു.)

ശങ്കരപ്പിള്ള:—പിടിച്ചുകെട്ടെടാ രണ്ടിനേം.

(കിട്ടുപിള്ള രവിയെ സമീപിക്കുന്നു.)

രവി:—തൊട്ടുപോയാൽ—

(കിട്ടുപിള്ള മടിക്കുന്നു.)

ശങ്കരപ്പിള്ള:—എന്താടാ കഴുതേ മടിച്ചുനിൽക്കുന്നതു്. പിടിച്ചുകെട്ടെടാ.

(കിട്ടുപിള്ള വീണ്ടും രവിയെ സമീപിക്കുന്നു. രവി, കിട്ടുപിള്ളയെ പിടിച്ചു തള്ളുന്നു. കിട്ടുപിള്ള ഉരുണ്ടു വീഴുന്നു. രവിയും, പൊലിയയും പോകുന്നു.)

ശങ്കരപ്പിള്ള:—ങ്ഹ് ആഹാ നീ അത്രയ്ക്കായോടാ.

(വടിയെടുത്തു് പുറകേ ഓടുവാൻ ഭാവിക്കുന്നു.)

(കർട്ടൻ)

# രംഗം പതിനഞ്ച്

(കർഷകത്തൊഴിലാളി യൂണിയനാഫീസ്സ്. രവി ഒരു കസേരയിൽ താടിക്കു കൈയ്യുമൂന്നി വിഷാദഭരിതമായ ഭാവത്തോടെ ഇരിക്കുന്നു. പൊലിയ ഒരു ബെഞ്ചിൽ കിടക്കുന്നു. ദീനമായി മൂളുകയും, ഞരങ്ങുകയും ചെയ്യുന്നു. നെററിയിലും മററും വെച്ചുകെട്ട്.)

പൊലിയ:—അച്ഛായൻ വന്നില്ലേ?

(രവി കേൾക്കുന്നില്ല. പൊലിയ സാവധാനത്തിൽ എഴുന്നേററിരിക്കുന്നു. വേദനയും, അവശതയും മുഖത്തു നിഴലിക്കുന്നു.)

പൊലിയ:—സഖാവെന്താ മിണ്ടാത്തത്?

(രവി ഞെട്ടിത്തിരിയുന്നു)

രവി:—(നെടുവീർപ്പോടെ) ഒന്നുമില്ല പൊലിയെ.

പൊലിയ:—എന്നാലും.

രവി:—ഓ ഞാനങ്ങു ചിന്തിച്ചിരുന്നുപോയി. നെഞ്ചിനു വേദന എങ്ങനെയിരിക്കുന്നു.

പൊലിയ:—അത്ര മാറുകേല്ല.

രവി:—പനിയോ?

പൊലിയ:—തീപോലെ പൊള്ളുന്നു.

രവി:—എന്നാൽ കിടന്നുകൊള്ളു. സംസാരിച്ചാൽ നെഞ്ചുവേദന കൂട്ടും.

പൊലിയ:—ഞാനൊരു കാര്യം ചോദിച്ചാൽ സഖാവു നേരു പറേമോ?

രവി:—എന്താണ്?

പൊലിയ:—പറേമോ?

രവി:—കേൾക്കട്ടെ.

പൊലിയ:—അന്നൊരിക്കൽ പറഞ്ഞതല്ലോ ഒരു കാര്യം പറയാമെന്നു്.

രവി:—എന്നു്?

പൊലിയ:—അന്നൊരു സന്ധ്യയ്ക്കു് ആ തെങ്ങിൻതോപ്പിൽവെച്ചു് അച്ഛായനെ പോലീസ്സുകാരു പിടിച്ചോണ്ടുപോയേൻറട്ടത്ത ദിവസം.

രവി:—ഓ അതോ; അതറിയാനെന്താണിത്രധൃതി.

പൊലിയ:—അതെനിക്കറിയണം.

രവി:—സമയമായില്ല.

പൊലിയ:—അതെന്താ

രവി:—നമ്മുടെ ഇന്നത്തെ പ്രശ്നം അതല്ല.

പൊലിയ:—നാളെ നമ്മള കണ്ടില്ലെങ്കിലോ?

രവി:—കാണാതെവിടെപ്പോകുന്നു?

പൊലിയ:—എന്തോ, എനിക്കൊരു പേടി.

രവി:—എന്തിനേപ്പററി.

പൊലിയ:—നാളെ നമ്മളുതമ്മിൽ കാണുകേല്ലെന്നു്.

രവി:—എന്നെങ്കിലും നമ്മള പിരിയണമല്ലോ?

പൊലിയ:—മരിക്കാനെനിക്കു പേടിയില്ല.

രവി:—പിന്നെ?

പൊലിയ:—സഖാവിനെ പിരിഞ്ഞു പോകാൻ.

രവി:—പൊലിയേ!

പൊലിയ:—രവീ!

രവി:—നീ മരിക്കുകയില്ല പൊലിയേ. മരണത്തിന്‍ നിൻെറ നിഷ്കളങ്കതയും, പരിശുദ്ധിയും, സ്നേഹനിർഭരതയും മായിക്കുവാൻ സാദ്ധ്യമല്ല.

പൊലിയ:—സഖാവെന്നെ സ്നേഹിക്കുന്നുണ്ടോ?

വി:—ഞാനുമൊരു മനുഷ്യനാണ്. ഹൃദയവും, വികാരങ്ങളുമുള്ള മനുഷ്യൻ.

പൊലിയ:—എന്റെ തലയ്ക്കൊരു ഭാരം. തീപോലെ ശരീരത്തിനൊരു നീററൽ. സഖാവെന്നെ ഒന്നു വീശുമോ?

(പൊലിയ ബെഞ്ചിൽ കിടക്കുന്നു. രവി വീശുന്നു.)

പൊലിയ:—എനിക്കു ദാഹം. സഖാ-വെന്നെ മറക്കുമോ?

രവി:—(ഹൃദയഭാരത്തോടെ) പൊലിയേ!

പൊലിയ:—രവീ!!

(കർട്ടൻ)

---

# രംഗം പതിനാറ്.

(ശങ്കുവാശാന്റെ വീട്ട്. ആശാൻ ദേഷ്യപ്പെട്ടു പല്ലുകടിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.)

ആശാൻ:—ശാരദേ! (കുറച്ചുകൂടി ഉച്ചത്തിൽ) എടീ ശാരദേ!!

ശാരദ:—(അകത്തുനിന്നും) എന്താ.

(ശാരദ പ്രവേശിക്കുന്നു. അപരാധിനിയുടെ മുഖഭാവം)

ശാരദ:—അച്ഛനെന്നെ വിളിച്ചോ?

(ആശാൻ ശാരദയെ അടിമുടി നോക്കുന്നു)

ആശാൻ:–അച്ഛൻ, നീ ഇനീം ആ പേരു വിളിയ്ക്കുണ്ടോ.

(ശാരദ കരയുന്നു)

ശാരദ:—അച്ഛാ എന്റെ-- തെററ്.

ആശാൻ:—ഛീ, നിറുത്ത്. ദ്രോഹീ, ഈ കുടുംബത്തിന്റെ മാനം വയസ്സുചെന്ന് വടീം കുത്തി കുഴീലോട്ടു കാലും നീട്ടിയിരിക്കുന്ന എനിക്കു് മനസ്സമാധാനത്തോടെ മരിക്കാൻ നീ നേടിത്തന്നതു്. ഹാ! ഈ അറുപത്തേഴു വയസ്സുവരെ ഞാനൊരുത്തന്റേം മുമ്പിൽ തലകുനിച്ചിട്ടില്ല. എല്ലുമുറിയെ പണിയെടുത്ത്, നട്ടെല്ലു നിവത്ത് ഞാൻ നടന്നു. മൂക്കററം കടംകേറി മുഴുവനും മുടിയാൻ തൊടങ്ങീട്ടും മാനം മാത്രം ഇതുവരെ പോയില്ലാരുന്നു. ഇന്നു നീ കാരണം അതും നശിച്ചു.

ശാരദ:—അച്ഛാ! അച്ഛൻ ദേഷ്യപ്പെടരുത്. അച്ഛനും കൂടി കോപിച്ചാൽ ഞാൻ നശിച്ചുപോകും.

ആശാൻ:—ഞാൻ ദേഷ്യപ്പെടുന്നേനുമുമ്പുതന്നെ നീ നശിച്ചു കഴിഞ്ഞു മോളേ. ഒരു പെണ്ണിനു സൂക്ഷിക്കാനൊണ്ടാരുന്നതു നീ ഇല്ലാതാക്കി. ഇനീം നീ എന്റെ മോളല്ല. എനിക്കൊരു മോളൊണ്ടാരുന്നതു് മരിച്ചുപോയെന്നു് ഞാൻ വിചാരിച്ചോളാം.

ശാരദ:—അച്ഛാ, അച്ഛനെന്നെ ഉപേക്ഷിക്കയാണോ?

ആശാൻ:—അല്ലാ, നീ എന്നെ ഉപേക്ഷിച്ചു. ഈ തറവാടിന്റെ മാനം ഉപേക്ഷിച്ചു. വയസ്സുചെന്ന നിന്റെ പാവപ്പെട്ട ആ തള്ളേ ഉപേക്ഷിച്ചു.

ശാരദ:—അച്ഛാ, എന്റെ ജീവിതം......

ആശാൻ:—ഇന്നാലെവരെ അതാരുന്നു എന്റെ ജീവിതത്തിൻറുല്ലാസം. തണുത്തു വെറയ്ക്കുന്ന മഞ്ഞത്തും,

ചുട്ടെരീന്ന വേലത്തുംനിന്നു് ഞാൻ നിന്റെ ഭാവിക്കു
വേണ്ടി പണിയെടുത്തു. ഈ തറവാടിന്റെ ഐ
ശ്വര്യം നീയാണെന്നോത്തു് കരുടന്റെ വടിപോലെ
നിന്നെ ഞാൻ സൂക്ഷിച്ചു. പട്ടിണികെടന്നു നിന്നെ
ഞാൻ പഠിപ്പിച്ചു. ഞാൻ കീറത്തോത്തുടുത്തു്
നെനക്കു് സാരി വാങ്ങിത്തന്നു. നാലുപേരുടെ
മുമ്പിൽ എന്റെ മോളു നന്നായിട്ടു നടക്കാൻ.
പട്ടിണീം, കഷ്ടപ്പാടും, കടോം വന്നു് ഈ കുടുംബ
ത്തിന്റെ അടിത്തറതന്നെ മാന്തീട്ടും ഞാൻ സമാ
ധാനിച്ചു; നിന്നെയോത്തിച്ചു്., അതിന്റെയെല്ലാം
പ്രതിഫലം ഈ കെളവന്റെ ഉരുക്കുപോലൊള്ള
മാനത്തിന്റെ കോട്ട തകക്കലാരുന്നു.

ശാരദ:—അച്ഛാ, അച്ഛനെന്നെ കൊന്നുകൊള്ളൂ. ഞാന
വിട്ടത്തെ മാനം നശിപ്പിച്ച പാപിയാണു്.

ആശാൻ:—അതേ മോളേ, ഇതിലും ഭേദം നീ മരിക്കു
യാരുന്നു. ഈ വിഴുപ്പുകെട്ടും ചൊമന്നോണ്ടു നീ
എന്തിനു ജീവിച്ചിരിക്കുന്നു?

ശാരദ:—അച്ഛനതുമാത്രം പറയരുതേ. ഇതൊരു വിഴുപ്പു
കെട്ടല്ല. എന്റെ സ്നേഹത്തിന്റേയും, വിശ്വാസ
ത്തിന്റേയും രൂപമാണു്.

ആശാൻ:—നിന്റെ സ്നേഹം. ദ്രോഹീ! നെനക്കൊതാ
ങ്ങാരുന്നെങ്കിൽ ഇതു സംഭവിക്കയില്ലാരുന്നു. ഈ
വീടിനെ, എന്നെ, നിന്നെ പെറന്നുവളത്തി പാലൂട്ടി
താരാട്ടുപാടി ഒറക്കി നെനക്കുവേണ്ടി ജീവിച്ച ആ
തള്ളേ നീ സ്നേഹിച്ചില്ല മോളേ. പോക്രു ഇവി

ട്ടന്നു്. നിന്റപരാധത്തിന്റെ ഭാരോം താങ്ങി ഈ കൊച്ചുകുടുംബത്തിൽ കരിപ്പെരട്ടാതെ പോക്കു.

ശാരദ:—അച്ഛാ ഞാനെങ്ങോട്ടുപോകും?

ആശാൻ:—ഈ തീക്കൊള്ളി നെനക്കു് വിഴുങ്ങാൻ തന്നോൻറടുത്തേക്കു്.

ശാരദ:—അദ്ദേഹമെന്നെ സ്വീകരിക്കയില്ലച്ഛാ.

ആശാൻ:—എങ്കിൽ പോയി മരിക്കു്.

ശാരദ:—(ചെവി പൊത്തിക്കൊണ്ടു്) അയ്യോ! അച്ഛനാണോ ഈ പറയുന്നതു്?

ആശാൻ:—അതേ മോളേ, സ്നേഹസമ്പന്നനായ നിൻറച്ഛൻ. അച്ഛനില്ലാത്ത ഒരു കുഞ്ഞിൻറമ്മയായി, ഭർത്താവില്ലാത്ത ഭാര്യയായി ലോകം നിന്നെ കാണാതിരിക്കട്ടെ. ഉം പോക്കു.

ശാരദ:—അച്ഛാ.

ആശാൻ:—വേണ്ടാ മോളേ. നെനക്കച്ഛനില്ല. ഈ കെളവൻെറ വാൽസല്യം നീ ഓർമ്മിച്ചില്ല.

ശാരദ:—അച്ഛാ! ഞാൻ പൊയ്ക്കൊള്ളാം. നേരമൊന്നു പുലന്നോട്ടെ.

ആശാൻ:—പോരാ, ഈ ക്ഷണം നീ ഇവിടുന്നെറങ്ങണം. എനിക്കെല്ലാം നഷ്ടമാണു്. ഈ കെടപ്പാടം പോലും അന്യാധീനപ്പെട്ടു. ആ പുണ്ണിൽതന്നെ നീ തീകോരിയിട്ടു.

ശാരദ:—(ആശാൻെറ കാല്ക്കൽവീണു്) അച്ഛാ! എന്നെ അനുഗ്രഹിക്കണേ. ഞാനിനി അച്ഛനെ സങ്കടപ്പെടുത്തുകയില്ല.

(ആശാൻ ശാരദയെ തൊഴിച്ചു മാററുന്നു. തലമുടിക്കു പിടിച്ചെഴുന്നേൽപ്പിക്കുന്നു.)

ആശാൻ:—എന്റെ അനുഗ്രഹം നെനക്കാവശ്യമില്ല. ഈ കൈയ്കൊണ്ടുതന്നെ—നിന്നെ താലോലിച്ചു വളർത്തിയ ഈ പരുത്ത കൈയ്കൊണ്ടുതന്നെ നീ മരിക്കണം.

(ആശാൻ ശാരദയുടെ കഴുത്തു ഞെരിക്കുന്നു. ശാരദ ശ്വാസം മുട്ടി കണ്ണു തുറിക്കുന്നു.)

ശാരദ:—അച്ഛാ.

ആശാൻ:—ഛീ മിണ്ടരുതു്.

(ലക്ഷ്മിയമ്മ പ്രവേശിക്കുന്നു. അമ്പരന്നു നിലവിളിക്കുന്നു. ഒരു കൈയ്യിൽ കുട്ട. കുട്ടയ്ക്കകത്തു് അരി, മണ്ണെണ്ണക്കുപ്പി മുതലായവ. കുപ്പി കയ്യിൽ നിന്നും താഴെ വീഴുന്നു.)

ലക്ഷ്മിയമ്മ:—അയ്യോ എന്താണിതു്?

(ആശാൻെറ കൈയ്യും ബലമായി പിടിച്ചു് ശാരദയുടെ കഴുത്തിലെ പിടി വിടുവിക്കുവാൻ ശ്രമിക്കുന്നു.)

ആശാൻ:—ഊം മാറിനിൽക്കു്. ഇവളെ ഞാൻ കൊല്ലും. ഇവളെൻെറ മോളല്ല.

ലക്ഷ്മിഅമ്മ:—അയ്യോ! ഇതെന്തു ഭ്രാന്താണു്.

(വീണ്ടും കൈയ്യും ബലമായി പിടിക്കുന്നു. ആശാൻ ശാരദയെ ഊക്കോടെ തള്ളുന്നു. ശാരദ ബോധരഹിതയായി വീഴുന്നു. ലക്ഷ്മിയമ്മ "മോളേ" എന്നു വിളിച്ചുകൊണ്ടു് ഓടി എത്തുന്നു. ആശാൻ മകളെ തുറിച്ചു നോക്കുന്നു. മുഖത്തു വിഷാദം വ്യാപിക്കുന്നു. കണ്ണുകൾ കലങ്ങുന്നു. വാത്സല്യത്തോടും, സങ്കടത്തോടും മകളെ നോക്കുന്നു.)

ആശാൻ:—മോളേ.

(കർട്ടൻ)

# രംഗം പതിനേഴ്.

(ശങ്കരപ്പിള്ളയുടെ വയൽ. കിട്ടുപിള്ളയും, ശങ്കരപ്പിള്ളയും നടന്നു വരുന്നു.)

ശങ്കരപ്പിള്ള:—അവനൊക്കെ കൊയ്യാനെന്നിട്ടും വന്നില്ലല്ലോടാ.

കിട്ടുപിള്ള:—ആ കൊച്ചു ചത്തതുകൊണ്ടവമ്മാരു കൊറേക്കൂടെ എളകീരിക്കുവാ.

ശങ്കരപ്പിള്ള:—ഇത്ര പെട്ടെന്നവളെങ്ങനാടാ ചത്തതു്?

കിട്ടുപിള്ള:—അന്നത്തെ അടി നന്നായിട്ടേററിട്ടൊണ്ടാരുന്നു.

ശങ്കരപ്പിള്ള:—വടികൊണ്ടടിച്ചാൽ ചാകുമോടാ?

കിട്ടുപിള്ള:—പിന്നില്ലിയോ? പക്ഷേ അങ്ങുന്നു വരുന്നേനുമുമ്പു് ഞാൻ രണ്ടുമൂന്നെണ്ണം കൊടുത്തു. നെഞ്ചിനു തന്നെ. കിലുകിലാന്നുകേട്ടു ശബ്ദം.

ശങ്കരപ്പിള്ള:—അതു കഷ്ടമായിപ്പോയി. വടികൊണ്ടു തല്ലിയാൽ മതിയായിരുന്നു.

കിട്ടുപിള്ള:—ങ് ഏ്യ അങ്ങുന്നല്ലിയോ പറഞ്ഞതു് കൈയ്യിൽ കിട്ടിയാൽ കൊന്നേക്കണമെന്നു്.

ശങ്കരപ്പിള്ള:—ഞാനങ്ങനെ പറഞ്ഞതുകൊണ്ടു നീയതു ചെയ്യണമെന്നില്ലാരുന്നു.

കിട്ടുപിള്ള:—ഏതായാലും സംഗതി പററിപ്പോയില്ലിയോ? അവമ്മാരു കൂടോടെളകീരിക്കുവാ. ഇന്നലത്തെ മീററിങ്ങൊന്നു കാണണ്ടതാരുന്നു. എന്തായാ!

രക്തസാക്ഷിദിനമെന്നോ മറേറാ പറേന്നകേട്ടു. കൃഷിക്കാരുമെല്ലാമെളകീട്ടൊണ്ടു്.

ശങ്കരപ്പിള്ള:—കൃഷിക്കാരുമിവരുടെക്രൂടെ ക്രൂടിയോ?

കിട്ടുപിള്ള:—പിന്നില്ലിയോ? ഇവിടുത്തെ എല്ലാ കൃഷിക്കാരുമൊണ്ടാരുന്നു. നമ്മടെ പറമ്പത്തെ ചാക്കോമാപ്പിളയാരുന്നു അദ്ധ്യക്ഷൻ.

ശങ്കരപ്പിള്ള:—ആരെല്ലാം പ്രസംഗിച്ചു?

കിട്ടുപിള്ള:—ആ രവീം, പിന്നെ വേറെ ആരോ ഒക്കെ പ്രസംഗിച്ചു.

ശങ്കരപ്പിള്ള:—എന്തെല്ലാമാണവരു പറഞ്ഞതു്?

കിട്ടുപിള്ള:—അവരു പറേന്നതു് ഇവിടുന്നാണു് പൊലിയക്കൊച്ചിനെ അടിച്ചുകൊന്നതെന്നാ. അതിനു കൃഷിക്കാരും, തൊഴിലാളികളുമെല്ലാ പ്രകരം ചോദിക്കുംപോലും.

ശങ്കരപ്പിള്ള:—എന്തോന്നു പ്രതികാരമാടാ; പോകാൻ പറ.

കിട്ടുപിള്ള:—അവമ്മാരു കേസുകൊടുത്താലോ?

ശങ്കരപ്പിള്ള:—പത്തോ നൂറോ ചെലവാക്കുമ്പം കേസ്സു തെളിവില്ലാതെപോകും. അത്രതന്നെ.

കിട്ടുപിള്ള:—ഈ പണിമൊടക്കത്തിനിപ്പം എന്തോ ചെയ്യാനാ.

ശങ്കരപ്പിള്ള:—അതാണൊരു വല്യകുഴപ്പം. ഞാൻ വിചാരിച്ചു ഇവരു കൊറേ പട്ടിണികിടക്കുമ്പം തന്നേ വന്നു കൊയ്യുമെന്നു്.

കിട്ടുപിള്ള:—പട്ടിണികെടന്നു ചത്താലും അവരു പറേന്ന ക്രൂലി കാട്ടക്കാതെ കൊയ്യാൻ വരത്തില്ലെന്നാ

ഇന്നാലെ പ്രസംഗിച്ചത്. കൃഷിക്കാരും അതിനോടനുകൂലിച്ചു.

ശങ്കരപ്പിള്ള:—എടാ ഈ കൃഷിക്കാരെന്തിനാ ഇവരുടെ കൂടെ കൂടിയതു്?

കിട്ടുപിള്ള:—അങ്ങ് അറിയാം. ആ ശങ്കുവാശാനെ പുരേടത്തീന്നെറക്കിവിടാൻ നമ്മള കേസുകൊടുത്തതിനല്ലിയോ കൃഷിക്കാരുമെളകിയതെന്നു തോന്നുന്നു.

ശങ്കരപ്പിള്ള:—പട്ടികൾ; അതിനിവനൊക്കെ എന്താ നഷ്ടം. ആരെളകിയാലും ഒരുമണിനെല്ലോ, അരക്കാശോ ഞാൻ കൂടുതൽ കൊടുക്കത്തില്ല. അല്ലെങ്കിലവനൊക്കെ വാങ്ങിക്കട്ടെ.

കിട്ടുപിള്ള:—അതുകൊണ്ടു നമുക്കും നഷ്ടമല്ലിയോ? ഇതാ ഈ നെല്ലെല്ലാം മൊളച്ചുതൊടങ്ങി.

ശങ്കരപ്പിള്ള: (നെന്മണികൾ വാരിയെടുത്തു് നെഞ്ചത്തു കൈവച്ചു്) ഇതു മുഴുവൻ മൊളച്ചുപോയല്ലോടാ കിട്ടു; ഇനീം എന്തോ ചെയ്യും?

കിട്ടുപിള്ള:—അവരെ വിളിച്ചങ്ങു കൊയ്യിച്ചാലോ?

ശങ്കരപ്പിള്ള:—ഇനീമെങ്ങനാടാ അവരെ വിളിക്കുന്നതു്?

കിട്ടുപിള്ള:—അതും ശരിയാ.

ശങ്കരപ്പിള്ള:—ഇതു മുഴുവൻ പോയാലും ആ പട്ടികളെ വിളിയ്ക്കേണ്ടാ. എന്റെ ഗുരുവായൂരപ്പാ! ഇനീമെന്തോന്നാടാ ചെയ്യുന്നതു്. പത്തായിരപ്പറനെല്ലു മുഴുവൻ പാടത്തു കൊഴിഞ്ഞുപോയല്ലോ.

കിട്ടുപിള്ള—എങ്ങനേലുംനെല്ലിപ്പെറുക്കാമെന്നുവെച്ചാൽ മുഴുവനും ഒന്നില്ലാതെ മൊളച്ചു വേരെറങ്ങിത്തൊടങ്ങി. ഇനീം പിഴുതെടുത്താലേ പററു.

ശങ്കരപ്പിള്ള:—എടാ കച്ചിപോലും ചീത്തയായല്ലോ? അറേക്കെടന്ന നെല്ലു മുഴുവൻ നമ്മള് വില്ക്കുകേം ചെയ്തു. അടുത്തകൊല്ലം എന്തോ ചെയ്യും?

കിട്ടുപിള്ള:—(കൈ മലത്തി വാ പൊളിച്ച്) ങ്ങ്യ്യ്യാ എന്തോ ചെയ്യാനാ?

ശങ്കരപ്പിള്ള:—(നെഞ്ചത്ത് ഇടതു കൈയ്‌വച്ച് വലതുകൈയ് തലയ്ക്കു തല്ലി വരമ്പത്തിരിക്കുന്നു) നാരായണാ, അവമ്മാരു ചതിച്ചല്ലോ.

(കർട്ടൻ)

---

## രംഗം പതിനെട്ട്.

(പൊലിയയുടെ ശവകുടീരം. രവി ശവകുടീരത്തിൽ ഒരു രക്തമാല്യം അർപ്പിക്കുന്നു. വിഷാദത്തോടെ ശവകുടീരത്തിൽ നോക്കിനില്ക്കുന്നു. രണ്ടുതുള്ളി കണ്ണീർക്കണങ്ങൾ അടന്നു വീഴുന്നു. ഗോപി പ്രവേശിക്കുന്നു. ചിന്താക്ലാന്തമായ മുഖം. ഗോപി കുറച്ചുസമയം ശവകുടീരത്തേയും രവിയേയും നോക്കിനിൽക്കുന്നു. ഗോപിയുടെ മുഖം വേദനാനിർഭരമാകുന്നു.)

ഗോപി:—(ഒരു നെടുവീർപ്പോടെ) രവീ!

രവി:—(തിരിഞ്ഞുനോക്കി) ഗോപീ!

ഗോപി:—ഈ ഏകാന്തതയിൽ രവി എന്തിനു നില്ക്കുന്നു?

രവി:—ഇവിടം ഏകാന്തമല്ല ഗോപീ.

ഗോപി:—പിന്നെ?

രവി:—ഈ ശവക്കല്ലറയിൽ എന്റെ സ്വപ്നങ്ങൾ വിശ്ര മിക്കയാണു്; വിരിയാറായ സുന്ദരസ്വപ്നങ്ങൾ.

ഗോപി:—കരിഞ്ഞുപോയ ആ സ്വപ്നങ്ങളുടെ മൊട്ടു കളേനോക്കി നിങ്ങളെന്തിന്ന കരയുന്നു.

രവി:—ഞാനൊരു മനുഷ്യനായതുകൊണ്ടു്. പക്ഷേ ഗോപീ! ആ മൊട്ടുകൾ കരിയുകയില്ല. അതു് അന ശ്വരമാണു്. പ്രേമത്തിന്റെ മഞ്ഞുതുള്ളികൾവീണു് ആ നനുത്ത മൊട്ടുകൾ എന്നും ജീവിക്കും.

ഗോപി:—അതു വെറും തോന്നലല്ലേ?

രവി:—ഹൃദയമുള്ള മനുഷ്യർക്കു് അതൊരു യാഥാർത്ഥ്യ മാണു്. ഗോപീ! എന്റെ ഓർമ്മകളുടെ തീനാള മാണു് ഈ ശവകുടീരം.

ഗോപി:—രവീ! നിങ്ങളൊരു പുലയസ്ത്രീയെ എങ്ങനെ സ്നേഹിച്ചു?

രവി:—അവളൊരു 'സ്ത്രീ' ആയതുകൊണ്ടു്.

ഗോപി:—അപ്പോൾ സമുദായം?......

രവി:—കഷ്ടം! ഗോപീ സമുദായത്തിന്റെ വേലിക്കെ ട്ടിനു് എന്നേ ചിതലുപിടിച്ചു കഴിഞ്ഞു. എത്രയോ കാലത്തിനു മുമ്പു് അതു പൊളിച്ചു കളയേണ്ടതായി രുന്നു.

ഗോപി:—ഞാനും ഒരു സ്ത്രീയെ സ്നേഹിച്ചു. പക്ഷേ...

രവി:—നിങ്ങളുടെ ദുർബലമായ വികാരം അവളെ ഒരമ്മ യാക്കി. അതിന്റെ മുമ്പിൽ നിങ്ങളൊരു വിശ്വാ മിത്രമഹർഷിയായിത്തീന്നു.

ഗോപി:—രവീ! ആ ഭാരം എന്നെ വേദനിപ്പിക്കുക യാണു്.

രവി:—അതൊരു ഭാരമല്ല ഗോപീ. മധുരവും, മൃദുലവു മായ ഒരു പൊൻകിനാവാണു്. യാഥാർത്ഥ്യത്തിന്റെ ഇരുട്ടിൽ വിരിയുന്നതു്. ആ ഇരുളിലും സ്നേഹ ത്തിൻെറ നക്ഷത്രങ്ങൾ പൂത്തു നിൽക്കും.

ഗോപി:—രവീ! ഞാൻ പോകട്ടെ. എൻെറ ഹൃദയം നീറുന്നു.

രവി:—നിങ്ങൾക്കുവേണ്ടി നീറുന്ന മറെറാരു ഹൃദയമുണ്ടു ഗോപീ. തളിരുപോലെ മൃദുലമായ ആ ഹൃദയം നിങ്ങൾക്കു ശാന്തിയും, സമാധാനവും നൽകും.

(ഗോപി തലകുനിച്ചു നടന്നു മറയുന്നു. ചാത്തൻ ഓടിക്കിതച്ചു വരുന്നു. ജയിലിൽനിന്നു വരുന്ന വേഷം.)

ചാത്തൻ:—രവീ!

രവി:—ചാത്താ!

ചാത്തൻ:—എൻെറ പൊലിയ. (ചാത്തൻ കരയുന്നു. രണ്ടു പേരും ശവകുടീരത്തെ നോക്കി നിൽക്കുന്നു.) എന്റെ കൊച്ചു പെങ്ങൾ!

രവി:—ചാത്താ! കരഞ്ഞതുകൊണ്ടു പൊലിയ ജീവിക്കു കയില്ല. നമുക്കുവേണ്ടി അവൾ മരിച്ചു.

ചാത്തൻ:—എൻെറ പൊലിയ. അവളെങ്ങനെ മരിച്ചു.

രവി:—പുളിമിറ്റത്തു ശങ്കരപ്പിള്ളയും, കിട്ടുപിള്ളയുംകൂടി അവളെ പിടിച്ചുകെട്ടിതല്ലി.

ചാത്തൻ:—എന്തു്? ഒരുമണ്ണുപോലും നുള്ളിയിട്ടു് ഇതുവ രെയും ആരും നോവിച്ചിട്ടില്ലാത്ത അവളെ അവ

മ്മാരു തല്ലിയെന്നോ? സഖാവ് ഇവിടില്ലാരുന്നോ?

രവി:—ഞാൻ വിവരമറിഞ്ഞുംകൊണ്ടുചെന്നു പൊലിയയെ മോചിപ്പിച്ചു. ഇവിടത്തെ കഷ്കത്തൊഴിലാളികൾ വളരെ ശ്രദ്ധയോടെ അവളെ ശുശ്രൂഷിച്ചു. പക്ഷേ, എന്നിട്ടും അവൾ നമ്മളെ വിട്ടുപോയി.

ചാത്തൻ:—പൊലിയെ; എൻെറ കൊച്ചുപെങ്ങളെ നീ എന്നെ വിട്ടുപോയോ?

രവി:—ചാത്താ! പൊലിയ ഇവിടത്തെ ജനങ്ങളുടെ ഇടയിൽ എന്നും ജീവിക്കും. അവളുടെ മരണം ജനങ്ങൾ മറക്കുകയില്ല. അവരുടെ ജീവിതത്തിലെ തീരാത്ത ദുഃഖങ്ങൾ മാററുവാൻ തലയുയർത്തിയ പടയാളിയെന്ന നിലയ്ക്കു പൊലിയ എന്നും ഓർമ്മിക്കപ്പെടും. ഈ ശവകുടീരത്തിൽ വീഴുന്ന ഓരോ ചെമന്ന പൂക്കളും ജനങ്ങളുടെ പ്രതികാരത്തിൻെറയും, കണ്ണീരിൻേറയും ചൂടുള്ള കണികകളാണ്.

ചാത്തൻ:—രവീ! ഞാൻ പോകട്ടെ തുമ്പാ പിടിച്ചു തഴമ്പൊള്ള ഈ കറുത്ത കൈകൊണ്ടു് അവരെ ഞാൻ കൊല്ലും.

രവി:—വരട്ടെ ചാത്താ. ഈ സന്ദർഭത്തിൽ നിങ്ങളുടെ ധീരതയും, വിദ്വേഷവും കാണിച്ചാൽ വീണ്ടും കുഴപ്പങ്ങൾ വർദ്ധിക്കും.

ചാത്തൻ:—ഇതിൽക്കൂടുതലെന്തു കൊഴപ്പമാണ് എനിക്കു വരാനൊള്ളതു്. എൻെറ പെങ്ങളെ തല്ലിക്കൊന്നു. പേപ്പട്ടിയെ തല്ലിക്കൊല്ലുന്നതുപോലെ.

അവളാരുന്നൊന്റെ കുടിലിന്റെ ജീവൻ. രവീ! ഞാൻ പോകട്ടെ. എനിക്കിതിനു പ്രതികാരം ചോദിക്കണം.

രവി:—ചാത്താ! നിങ്ങളൊററക്ക നടത്തുന്ന വിപ്ലവം തൊഴിലാളി പ്രസ്ഥാനത്തെ തകരാറിലാക്കും. ഈ കുട്ടം കൈയ്യൂക്ക പകരം ചോദിക്കുവാൻ നമുക്ക് ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താം. നമ്മുടെ ധീരതയും, ആവേശവും ജനങ്ങളുടെ വളർച്ചക്കുവേണ്ടി വിനിയോഗിക്കാം. ഈ ശവകുടീരം നമുക്കതിനു പ്രചോദനം നൽകും.

ചാത്തൻ:—പൊലിയേ! ഞാനിതു മറക്കുകേല്ല. നിന്നോടു കാണിച്ച കുടുകൈയ്. ഞാനിതിനു പ്രതികാരം ചെയ്യും.

(ചാത്തൻ മുഖം പൊത്തി വിങ്ങി വിങ്ങിക്കരയുന്നു. രവി ശവകുടീരത്തിൽ നോക്കി നിൽക്കുന്നു. കലങ്ങിയ കണ്ണുകളോടെ)

(കർട്ടൻ)

# രംഗം പത്തൊൻപതു്.

(ശങ്കുവാശാൻെറ വീട്ട്. സമയം പ്രഭാതം. ആശാൻ ഒരു കട്ടിലിൽ കിടന്നുറങ്ങുന്നു. കീറിയ കമ്പിളി പുതച്ചിരിക്കുന്നു. കോട്ടുവാവിട്ട് കണ്ണു തിരുമ്മി എഴുന്നേൽക്കുന്നു. കട്ടിലിൽ കിടന്ന എഴുത്തു കാണുന്നു. എഴുത്തു നിവത്തു വായിക്കുന്നു.)

സ്നേഹമുള്ള അച്ഛനു്!

"ഞാൻ പോകുന്നു. എന്റെ ഉദരത്തിൽ കിടക്കുന്ന കുഞ്ഞിൻെറ അച്ഛന്റെ അടുക്കലേക്കു്. അദ്ദേഹമെന്നെ സ്വീകരിച്ചില്ലെങ്കിൽ……അച്ഛനെന്നെ മറന്നേക്കു."

എന്നു്

മകൾ ശാരദ.

(ആശാൻെറ കൈകൾ വിറയ്ക്കുന്നു. കത്തു താഴെ വീഴുന്നു.)

ആശാൻ:— (തൊണ്ടയിടച്ചയോടെ) മകളേ! നീ പോയി; ഈ കെളവനെ—ഉപേക്ഷിച്ചു്.

(കണ്ണുകൾ നിറയുന്നു. സ്ഥിരനിശ്ചയത്തോടെ വടിയുമെടുത്തു് ഓടുന്നു. ലക്ഷ്മിയമ്മ പ്രവേശിക്കുന്നു. കൈയ്യിൽ ഒരു പാത്രം കടുങ്കാപ്പി. ആശാനെ നാലുപാടും നോക്കുന്നു.)

ലക്ഷ്മിയമ്മ:—അല്ലേ, ഇത്ര വെളുപ്പിനേ ഇതെവിടെ പ്പോയിരിക്കുവാ.

(താഴെക്കിടന്ന എഴുത്തു കാണുന്നു. എഴുത്തെടുത്തു വായിക്കുന്നു. കൈകൾ വിറയ്ക്കുന്നു. കാപ്പിപ്പാത്രം താഴെ വീഴുന്നു.)

ലക്ഷ്മിയമ്മ:—അയ്യോ! ചതിച്ചോ മോളേ.

(കരയുന്നു. താടിക്കു കൈയ്യൂന്നി കട്ടിലിൽ കുനിഞ്ഞിരിക്കുന്നു.)

(കർട്ടൻ)

# രംഗം ഇരുപത്ു്.

(പുളിമിററത്തു ശങ്കരപ്പിള്ളയുടെ വീട്ട്. സമയം പ്രഭാതം. ശങ്കരപ്പിള്ള ഒരു സാൽവാ പുതച്ചുകൊണ്ടു് കസേരയിൽ കിടക്കുന്നു. ശാരദ പ്രവേശിക്കുന്നു.)

ശങ്കരപ്പിള്ള:—ആരാ അതു്?

ശാരദ:—ഞാനാണു്.

ശങ്കരപ്പിള്ള:—ഞാനെന്നു പറഞ്ഞാൽ···

ശാരദ:—ശങ്കുവാശാന്റെ···

ശങ്കരപ്പിള്ള:—മകളോ?

ശാരദ:—അതേ.

ശങ്കരപ്പിള്ള:—നീ എന്തിനാ വന്നതു്?

ശാരദ:—അങ്ങയുടെ മകനെ അന്വേഷിച്ചു്.

ശങ്കരപ്പിള്ള:—ഇപ്പോഴെന്തിനാ നീ അവനെ കാണുന്നതു്?

ശാരദ:—അദ്ദേഹമെൻെറ········

ശങ്കരപ്പിള്ള:—എന്തോ എടുത്തു?

ശാരദ:—സ്ത്രീത്വം.

ശങ്കരപ്പിള്ള:—ങ്ങാഏ എന്താ നീ പറഞ്ഞതു്?

ശാരദ:—അവിടുത്തെ മകൻെറ ഭാര്യയാണു ഞാൻ.

ശങ്കരപ്പിള്ള:—ഫഃ തേവിടിശ്ശി. നീ എന്തോന്നാ പറഞ്ഞതു്. നീ എന്റെ മകൻെറ ആരാണെന്നാ?

ശാരദ:—ഭാര്യയാണെന്നു്. അദ്ദേഹമെന്നെ വിവാഹം കഴിച്ചുകൊള്ളാമെന്നു പറഞ്ഞു്········

ശങ്കരപ്പിള്ള:—ങ്ങ് ആ പറഞ്ഞു്—?

ശാരദ:—വിശ്വസിപ്പിച്ചു.

ശങ്കരപ്പിള്ള:—ങ്ഹ് ആഹാ അത്രേയൊള്ളോ. ഞാൻ വിചാരിച്ചു വിവാഹം കഴിഞ്ഞെന്നു്.

ശാരദ:—അങ്ങുദ്ദേശിക്കുന്ന രീതിയിലുള്ള വിവാഹം കഴിഞ്ഞില്ല. എങ്കിലും ഞാനിന്നു്.......

ശങ്കരപ്പിള്ള:—നെനക്കെന്തോ പററി?

ശാരദ:—ഞാനൊരു ഗർഭിണിയാണു്.

ശങ്കരപ്പിള്ള:—അതിനിതാശ്ശുപത്രിയല്ല.

ശാരദ:—അതെനിക്കറിയാം.

ശങ്കരപ്പിള്ള:—പിന്നെ നീയെന്തിനാ ഇങ്ങോട്ടു വന്നതു്?

ശാരദ:—അവിടുത്തെ മകന്റെ വാക്കു വിശ്വസിച്ചു് ഞാനെന്റെ സ്ത്രീത്വം അദ്ദേഹത്തിനു നൽകി. അങ്ങനെ ഞാനൊരമ്മയാകാൻ പോകുന്നു.

ശങ്കരപ്പിള്ള:—വല്ലോന്റേം പൊറകേ നടന്നു വലിച്ചു വെച്ച വിഷമെല്ലാം ഛർദ്ദിക്കാൻ നീ കണ്ട സ്ഥലമിതാണു്; അല്ലേ? എറങ്ങെടീ വെളിയിൽ. ങ്ഹും പാതിരായെന്നും, വെളുപ്പാങ്കാലമെന്നുമില്ല ഭത്താവിനെ തെരക്കി നടക്കുന്നു. പൊയ്ക്കോ വേഗം.

ശാരദ:—ഇതു വിഷമല്ല. അവിടുത്തെ പൊന്നുമകന്റെ രൂപമാണു്. അദ്ദേഹത്തിന്റെ വാക്കുകളെ വിശ്വസിച്ച ഞാനിന്നു വീട്ടിൽനിന്നും ഭ്രഷ്ടയാണു്. സമുദായ മദ്ധ്യത്തിൽ പതിതയാണു്.

ശങ്കരപ്പിള്ള:—അതിനു ഞാനെന്തോവേണം കൊച്ചേ? ചെറുപ്പമായാലങ്ങനൊക്കെ വരാവുന്നതാ. അവൻ ചെലപ്പോഴും നിന്നോട്ടു വല്ലോമൊക്കെ പറഞ്ഞെ

ന്നോ, പ്രവൎത്തിച്ചെന്നോ വരാം. ചെറുപ്പക്കാരുടെ സ്വഭാവമല്ലിയോ?

**ശാരദ:**—ആ സ്വഭാവം എന്റെ ജീവിതത്തെ നശിപ്പിക്കുകയാണു്.

**ശങ്കരപ്പിള്ള:**—അതിനിപ്പോൾ ഞാനെന്തോ ചെയ്യാനാണു്?

**ശാരദ:**—അവിടുത്തെ മകന്റെ ഭാൎയ്യസ്ഥാനി എന്നെ അംഗീകരിക്കണം.

**ശങ്കരപ്പിള്ള:**—ങ്ങേ് ഏ നീ എന്തോന്നാ പറഞ്ഞതു്? ഛീ തെണ്ടീ. അരക്കാശിനു വകയില്ലാത്ത നെനക്കു് എന്റെ മകന്റെ ഭാൎയ്യയാകണം അല്ലേ? തേവിടിശ്ശീ. ഈ പടിക്കകത്തു് ഇനീം നിന്നെ കണ്ടേക്കരുതു്. എറങ്ങു വെളിയിൽ. നിന്നെ ആരാണീ ഗുണദോഷോം പറഞ്ഞിങ്ങോട്ടയച്ചതു്?

**ശാരദ:**—എന്റെ ചുററുപാടു്. ശകാരങ്ങളും, പരിഹാസങ്ങളും എന്നെ തുറിച്ചു നോക്കുകയാണു്. അങ്ങു ധരിക്കുന്നതുപോലെ ആരുടേയും ഉപദേശംകേട്ടു ഞാനിവിടെ പിച്ചയെടുക്കാൻ വന്നതല്ല.

**ശങ്കരപ്പിള്ള:**—പിന്നെ നീ എന്തിനാ വന്നതു്?

**ശാരദ:**—പരിശുദ്ധമായ എന്റെ ജീവിതത്തിൽ ചെളി വാരിയിട്ട അങ്ങയുടെ മകനെക്കാണാൻ. നിസ്സഹായയായ ഒരു സ്ത്രീയുടെ ജീവിതത്തെ നശിപ്പിക്കുന്നതു നിങ്ങൾക്കൊരു നേരമ്പോക്കാണു്. എന്നെ തേവിടിശ്ശിയെന്നു വിളിച്ച നിങ്ങൾ സ്വന്തം മകന്റെ ക്രൂരതയെപ്പററി എന്തു പറയുന്നു?

ശങ്കരപ്പിള്ള:—നീ മര്യാദയ്ക്കിവിടുന്നെറങ്ങുന്നോ?

ശാരദ:—ഇല്ല, ഇവിടമാണെന്റെ അഭയസ്ഥാനം.

ശങ്കരപ്പിള്ള:—എടാ കിട്ടു; കിട്ടു. (ശാരദയോട്) നിന്നെ ഞാൻ കഴുത്തിനു പിടിച്ചു പുറത്താക്കും.

ശാരദ:—അങ്ങയുടെ മകൻ നിമിത്തം ഞാൻ വീട്ടിൽ നിന്നും, സമുദായത്തിൽനിന്നും പുറത്തായിരിക്കയാണ്. നിങ്ങൾക്കെന്തും പ്രവർത്തിക്കാം. പണവും, പ്രതാപവും നിങ്ങളുടെ പക്ഷത്താണ്. നിങ്ങൾ കാണിക്കുന്ന എല്ലാ വൃത്തികേടുകളും മേന്മയാക്കി ക്കാട്ടുന്നതാണ് ഈ ലോകം.

ശങ്കരപ്പിള്ള:—ഫ: എറങ്ങെടീ (ശാരദയെ കഴുത്തിനു പിടിച്ചു തള്ളുന്നു. ശാരദ ഊക്കോടെ തറയിൽ വീഴുന്നു. തൊഴിക്കാൻ കാൽ പൊക്കുന്നു. ശങ്കുവാശാൻ ഓടിവരുന്നു. പകച്ചു നില്ക്കുന്നു. ശങ്കരപ്പിള്ള രോഷാകുലനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ആശാൻ ശാരദയുടെ തല താങ്ങി മടിയിൽവയ്ക്കുന്നു.)

ആശാൻ:—മോളേ

ശാരദ:—അച്ഛാ!

ആശാൻ:—എടാ ദ്രോഹീ! നി എൻെറ എല്ലാം നശിപ്പിച്ചു. നീ പാട്ടത്തിനുതന്ന പാറക്കെട്ട് വെട്ടിപ്പൊഴക്കി നന്നാക്കിയപ്പോൾ അക്രമപ്പാട്ടത്തിന്റെ കൊരടാവുകൊണ്ട് നീ എൻെറ തല തല്ലിപ്പൊട്ടിച്ചു കടക്കാരനാക്കി. കടം വീട്ടാനെന്നും പറഞ്ഞ് നീ എന്നെ ചിട്ടിയിൽ ചേർത്ത് വീണ്ടും കടംതന്ന് എന്റെ കെടപ്പാടം—ആ അമ്പത്തേഴു സെൻറ് തട്ടിപ്പറിച്ചെടുത്തു. അവസാനം നിൻെറ

പുന്നാരമോൻ, എൻെറ ഓമനമോളെ—ഞാൻ ചോര വേപ്പാക്കി വേലചെയ്തു വളത്തിയ എന്റെ കുഞ്ഞിനെ വഞ്ചിച്ച് തെരുവിലേക്കെറിഞ്ഞു. ഭത്താവിൻെറ സമീപത്തേയ്ക്കു കണ്ണീരുമായി വന്ന അവളെ— എടാ പിശാചേ! നീ അടിച്ചു.

ശങ്കരപ്പിള്ള:—മകരംക്കു പ്രായമായാൽ വല്ലകോന്തൻെറം കൂടെ പറഞ്ഞയക്കണം. മാനം മയ്യാദയായി ജീവിക്കുന്ന ചെറുപ്പക്കാരുടെ പുറകേ കയറൂരി വിടരുതു്.

ആശാൻ:—പ്രായമായ പെങ്കൊച്ചുങ്ങടെ പൊറകെ മൂളിപ്പാട്ടുംപാടി വാലാട്ടി നടക്കുന്ന വല്യവീട്ടിലെ സുന്ദരക്കുട്ടമ്മാരുടെ മാനോം, മയ്യാദേം എനിക്കറിയാമെടാ. എന്നിട്ട് അവനൊക്കെ നിന്നേപ്പോലൊള്ള സമുദായത്തിൻെറ നട്ടെല്ലുകളുടെ മുമ്പിൽ നല്ല പിള്ളകളാടാ, നല്ലപിള്ളകരം.

(ഗോപി പ്രവേശിക്കുന്നു.)

ഗോപി:—(ഉത്ക്കണ്ഠയോടെ) ശാരദേ. (ശാരദയെ സമീപിക്കുന്നു)

ആശാൻ:—ഛീ തൊടരുതു്. അവളെ നീ തൊട്ടുപോയാൽ? മൺവെട്ടിയെടുത്ത ഈ കയ്യിലെ തഴമ്പു നീ കണ്ടോ?

ശങ്കരപ്പിള്ള:—ഗോപീ

ഗോപി:—അച്ഛാ

ശങ്കരപ്പിള്ള:—നീ എന്തിനിവിടെ വന്നു?

ഗോപി:—അച്ഛാ......

ശങ്കരപ്പിള്ള:—പോകാനല്ലേ പറഞ്ഞതു്.

(ശാരദ കണ്ണുതുറക്കുന്നു)

ഗോപി:—ശാരദേ.

ആശാൻ:—മോളേ വരൂ. നമുക്ക പോകാം. ലോകമെന്തും പറഞ്ഞോട്ടെ. എന്റെ കണ്ണു മറേന്നതുവരെ എന്റെ മോളെ ഞാൻ സംരക്ഷിച്ചുകൊള്ളാം.

ഗോപി:—ഞാൻകൂടി വരുന്നുണ്ട്.

ആശാൻ:—എന്തിന്? ഇനീം ഈ സാധുക്കളെ ദ്രോഹിക്കുന്നതിനോ? നിങ്ങടെ ക്രൂരമായ നേരമ്പോക്ക് അവസാനിച്ചില്ലേ? ഒരു സാധുകുടുംബത്തിൻെറ എല്ലാം, അച്ഛൻ കെടപ്പാടോം, മോൻ മാനോം അപഹരിച്ചിട്ടും മതിയായില്ലേ?

ഗോപി:—എനിക്ക മാപ്പുതരണം. എൻെറ തെററു ക്ഷമിക്കണം. ഞാൻ......

ശങ്കരപ്പിള്ള:—ഗോപീ!

ഗോപി:—അച്ഛാ!

ശങ്കരപ്പിള്ള:—നീ എന്താണു പറഞ്ഞതു്?

ഗോപി:—ശാരദയോടു ഞാൻ ചെയ്ത തെററു ക്ഷമിക്കണമെന്നു്.

ശങ്കരപ്പിള്ള:—നീ എന്തു തെററുചെയ്തു?

ഗോപി:—ലോകത്തിൻെറ മുമ്പിൽ അവളെ അപഹാസ്യയാക്കി.

ശങ്കരപ്പിള്ള:—അതിനു നീ എന്തുചെയ്യാൻ പോകുന്നു?

ഗോപി:—ആ തെററു തിരുത്തുവാൻ.

ശങ്കരപ്പിള്ള:—എങ്ങനെ?

ഗോപി:—ശാരദയെ എൻെറ ഭാര്യയായി സ്വീകരിച്ചു്.

ശങ്കരപ്പിള്ള:—ഫ: തെമ്മാടീ. നീ എന്താ പറഞ്ഞത്. എങ്ങാണ്ടു കെടന്ന ഒരു തെണ്ടിപ്പെണ്ണ് നിൻെറ ഭാര്യയാണെന്നോ?

ആശാൻ:—ഞങ്ങൾ തെണ്ടികളല്ല. മണ്ണിനോടു മല്ലടിച്ചു മാനമായി കഴീന്ന കൃഷിക്കാരാണ്. നിങ്ങൾക്കെതിരായി ഉണരുന്നൊണീററ പടയാളികളാണ്.

ശങ്കരപ്പിള്ള:—നിറുത്തെടോ തൻെറ പ്രസംഗം.

ഗോപി:—അച്ഛാ അവർ തെററുകാരല്ല. ഇന്ന് ഈ നാട്ടുമുഴുവൻ അച്ഛൻെറ ക്രൂരതയെപ്പററി സംസാരിക്കുകയാണ്. ഈ നാട്ടിലെ മൺതരികൾപോലും പ്രതികാരത്തിനായി ദാഹിക്കുന്നു. അച്ഛന്റെ ക്രൂരതയിൽ ജനിച്ച ഞാൻ ഒരു കുടുംബത്തെ ദുഃഖത്തിൻെറ കടലിൽ മുക്കിക്കളഞ്ഞു. അവരുടെ ജീവിതത്തിൽ കരികലക്കിയ ഞാനും, അവരുടെ കിടപ്പാടം അപഹരിച്ച അച്ഛനുമാണ് തെററുകാർ.

ശങ്കരപ്പിള്ള:—എടാ ഈ തറവാടിൻെറ മാനം നീ നശിപ്പിക്കയാണോ?

ഗോപി:—അല്ലാ; ഒരു കൊച്ചുവീടിൻെറ മാനം എന്റെ കൈയ്യിലാണ്. അതു രക്ഷിക്കുകയാണ്.

ശങ്കരപ്പിള്ള:—നിന്നെ ഞാനീവീട്ടിൽ കയററത്തില്ല.

ഗോപി:—ജീവിതം ഈ വീട്ടിലൊതുങ്ങുന്നതല്ലച്ഛാ. ഈ വീട് ശപിക്കപ്പെട്ടതാണ്. ഈ വൻപിച്ച സ്വത്തും, മണിമേടയും, മററുള്ളവരുടെ രക്തവും, വിയർപ്പും നിറഞ്ഞതാണ്. ഇതിൻെറ അടി

ത്തറ കുലുങ്ങിത്തുടങ്ങി. പാവപ്പെട്ടവരെ ഭയപ്പെടുത്തിയും, പിടിച്ചുപറിച്ചും നേടിയ മുതൽ നാറുന്നതാണ്. അതു് അനശ്വരമല്ല.

ശങ്കരപ്പിള്ള:—നിനക്കു് അരക്കാശിന്റെ സ്വത്തു കിട്ടുകയില്ല.

ഗോപി:—ഈ സ്വത്തിനവകാശി ഞാനല്ല. ഈ നാട്ടിലുള്ള ഓരോ സാധാരണക്കാരനുമാണ്.

ശങ്കരപ്പിള്ള:—ഈ നാട്ടിൽ നിന്നെ ഞാൻ താമസിപ്പിക്കയില്ല.

ഗോപി:—അച്ഛനേപ്പോലുള്ളവർക്കെതിരായി ഈ നാട്ടുണർന്നെണീററു കഴിഞ്ഞു.

ശങ്കരപ്പിള്ള:—അപ്പോൾ നീയിതു തീർച്ചയാക്കി; അല്ലേ.

ഗോപി:—അതേ. അച്ഛനഭിമാനിക്കുന്ന തറവാടിന്റെ മാനത്തേക്കാളും, സ്വത്തിനേക്കാളും, എല്ലാം ശ്രേഷ്ഠമാണ് എന്റെ കടമയും, മനുഷ്യത്വവും. എല്ലാ കുടുംബങ്ങൾക്കും മാനം തുല്യമാണ്. ശാരദേ! വരൂ.

ശങ്കരപ്പിള്ള:—നീ എവിടെപ്പോകുന്നു?

ഗോപി:—ജീവിതസമരത്തിനു്. അച്ഛന്റെ വൻപിച്ച സ്വത്തിനും, ആഭിജാത്യത്തിനും, ഭയപ്പെടുത്തലിനും അപ്പുറത്തു് ഒരു ജീവിതമുണ്ടു്. സ്നേഹമസൃണമായ സാധാരണക്കാരന്റെ ജീവിതം. ഈ നാലുകെട്ടിന്റെയും, നിറപറയുടേയും, തുളസിത്തറയുടേയും പഴകിയ സംസ്കാരത്തിൽനിന്നും തുലോം ഭിന്നമായതു്. ഉണർന്നുകൊണ്ടിരിക്കുന്ന ഗ്രാമീണ

രുടെ ജീവിതം. അലസവും, വിലാസലാസ്യവു മായ ജീവിതമല്ല അവരുടേതു്. അവർ തികച്ചും നിഷ്കളങ്കരാണു്. പരുത്ത മണ്ണിൽ ഫലങ്ങൾ വിളയിക്കുവാൻ, ചെളിയിൽനിന്നും നെന്മണി കൾ സൃഷ്ടിക്കുവാൻ അവർ ശ്രമിക്കുന്നു. അതി ലവർ സംതൃപ്തരാകുന്നു. അതാണവരുടെ സംസ്കാരം. അവരെ കൊള്ളചെയ്തു കൂട്ടിവച്ച ഈ മതിൽക്കെട്ടി നകത്തുനിന്നും ഞാൻ പോകയാണച്ഛാ. അച്ഛൻ നേടിത്തന്ന ഹൃദയശൂന്യതയുടെ പാറക്കെട്ടു് ഇവി ടെത്തന്നെ ഇരിക്കട്ടെ. വരൂ ശാരദേ.

(ശാരദയുടെ കൈയ്യും പിടിച്ചുകൊണ്ടു നടക്കുന്നു.)

ആശാൻ:—ഞങ്ങളിനീം വരും.

ശങ്കരപ്പിള്ള:—ഗോപീ!

(ഗോപി തിരിഞ്ഞുനോക്കാതെ പോകുന്നു. പുറകേ ആശാനും)

ശങ്കരപ്പിള്ള:—ഗോപീ! (കുറച്ചുകൂടി ഉച്ചത്തിൽ) ഗോപീ!!

(കോപംകൊണ്ടു വല്ലിറമമുന്നു.)

(കർട്ടൻ)

★

Copies can be had from.

R.K. KURUP

Copies can be had from

R. K. KURUP

Vallamkulam P. O.

Thiruvalla.



